2011

Jan - Mar

GEORGIAN MIRROR



`mcX k `bpsS a l mCSb 3

ജോർജിയൻ മിറർ

മലങ്കരയുടെ സത്യദർശനം

പു.3 ലക്കം 1 ▪ 2011 ജനു. – മാർച്ച്



Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025

Editor : P.A. Alexander, Responsible for selection of news under the PRB Act


Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
E-mail: gmirror2009@yahoo.com
Chief Editor: 98475 44477, Editor: 98475 44046

Church Website: www.sgovp.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT

To fight for
the MOST HOLY
FAITH that God
has once for all
entrusted to
His Saints
(St. Jude 3,20)



വിശുദ്ധന്മാർക്ക്
ഒരിക്കലായിട്ട്
ഭരമേൽപിച്ചിരിക്കുന്ന
അതിവിശുദ്ധ വിശ്വാ
സത്തിനു വേണ്ടി
പോരാടേണ്ടതിന്
(വി. യൂദാ 3,20)

ഉള്ളടക്കം

കവർചിത്രം: പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പൊലീത്തയുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

പൗരോഹിത്യത്തിന്റെ പവിത്രത




സഭയിൽ വളരെ പ്രാധാന്യം അർഹിക്കുന്ന സ്ഥാനിയായ പുരോഹിതൻ കവർസ്റ്റോറിയായി ഈ ലക്കം രൂപംകൊള്ളുകയാണ്. മതാത്മകമായ സാർവത്രിക പ്രതിഭാസമാണ് പൗരോഹിത്യം. സമൂഹത്തിനുവേണ്ടി ദൈവനിയോഗത്താൽ അധികാരപൂർവ്വം ശുശ്രൂഷ ചെയ്യുന്ന സ്ഥാനമാണത്; അന്തസ്സത്ത ഔദ്യോഗിക മാധ്യസ്ഥ്യം ആണ്.

ക്രിസ്തു കേന്ദ്രീകൃതമായ സഭയിൽ പൗരോഹിത്യത്തിന് വലിയ സ്ഥാനം ഉണ്ട്. വ്യക്തി കേന്ദ്രീകൃതമായ സമൂഹങ്ങൾ ഉണ്ടായപ്പോൾ ക്രിസ്തു കേന്ദ്രീകൃതമായ സഭയിലെ പൗരോഹിത്യം ചോദ്യം ചെയ്യപ്പെട്ടു. അതിനാൽ പൗരോഹിത്യത്തിന്റെ മഹിമയും ചരിത്രവും പൗരോഹിത്യസഭയിലെ അംഗങ്ങൾ മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പഴയനിയമത്തിൽ പൗരോഹിത്യത്തിന്റെ രണ്ട് അവസ്ഥകൾ കാണാം – സ്വാഭാവിക പുരോഹിതരും ഔദ്യോഗിക പുരോഹിതരും. കുടുംബനാഥൻ, ഗോത്രത്തലവൻ, രാജാവ് തുടങ്ങിയവർ സ്വാഭാവിക പുരോഹിതർ എന്നു മനസ്സിലാക്കാം. പുതിയനിയമത്തിലും ഈ അവസ്ഥകൾ തിരിച്ചറിയാൻ കഴിയും. പരിശുദ്ധനായ പൗലോസ് ശ്ലീഹ രാജകീയ പുരോഹിതവർഗ്ഗം എന്നു വിശേഷിപ്പിക്കുമ്പോൾ പൊതു പൗരോഹിത്യം വെളിപ്പെടുത്തുകയാണ്. പൗരോഹിത്യത്തിന്റെ ധർമ്മം വാഴ്ത്തി ശുദ്ധീകരിക്കുക എന്നതാണ്. ഓരോ പ്രാവശ്യവും ഒരു വ്യക്തി കുരിശു വരയ്ക്കുമ്പോൾ തന്നെത്തന്നെ വാഴ്ത്തി ശുദ്ധീകരിക്കുകയാണ്. അതുകൊണ്ടുതന്നെ, കുരിശു വരയ്ക്കുന്ന സമൂഹങ്ങൾ മാത്രമേ പൊതു പൗരോഹിത്യം പ്രയോജനപ്പെടുത്തുന്നുള്ളൂ എന്നു പറയേണ്ടിവരുന്നു. അവിടെ മാത്രമേ പൊതു പൗരോഹിത്യം ഉപയോഗിക്കപ്പെടുന്നുള്ളൂ. മറ്റുള്ളിടത്ത് വാക്കുകളിൽ മാത്രം പൊതു പൗരോഹിത്യം ഒതുങ്ങുന്നു.

പൊതു പൗരോഹിത്യം വ്യക്തിയിൽ തന്നെ കേന്ദ്രീകൃതമായിരിക്കുമ്പോൾ, ഔദ്യോഗിക പൗരോഹിത്യം സമൂഹത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ഔദ്യോഗിക പൗരോഹിത്യത്തിന്റെ പുതിയനിയമ വ്യക്തികളാണ് 12 അപ്പോസ്തോലന്മാരും അവരുടെ കൈവയ്പുള്ള പിൻഗാമികളും. യേശുതമ്പുരാൻ അവരെ ഔദ്യോഗികമായി നിയോഗിക്കുന്ന വ്യത്യസ്ത സന്ദർഭങ്ങൾ വി. വേദപുസ്തകത്തിൽ കാണാം. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വി. കുർബാന സ്ഥാപനസമയത്താണ്. തന്റെ 12 ശിഷ്യന്മാരെ മാത്രമേ യേശുക്രിസ്തു ആ സന്ദർഭത്തിൽ ഉൾപ്പെടുത്തുന്നുള്ളൂ എന്നു വി. വേദപുസ്തകം സാക്ഷിക്കുന്നു. ആ അനുഷ്ഠാനം തുടരുവാൻ അവരെ നിയോഗിക്കുകയും ചെയ്യുന്നു. ഇപ്രകാരം പൊതു പൗരോഹിത്യത്തിന്റെയും ഔദ്യോഗിക പൗരോഹിത്യത്തിന്റെയും നന്മകൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നിടത്തെ പുരോഹിതൻ എന്ന സ്ഥാനത്തിന്റെ മാഹാത്മ്യം തിരിച്ചറിയപ്പെടുകയുള്ളൂ. ആയതിന് ഈ ലക്കം ഉപയുക്തമാകട്ടെ.


സസ്നേഹം,



ഫാ. ബിജു എബി മാത്യൂസ്


ജന്മദിനാശംസകൾ

ജനുവരി 7




അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
(നിരണം ഭദ്രാസനം)

ജനുവരി 26




അഭി. പൗലോസ് മാർ പക്കോമിയോസ്
(മാവേലിക്കര ഭദ്രാസനം)

ഫെബ്രുവരി 10



അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
(തിരുവനന്തപുരം ഭദ്രാസനം)

ഫെബ്രുവരി 10




അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ്
(കൊട്ടാരക്കര – പുനലൂർ ഭദ്രാസനം)

ഫെബ്രുവരി 12




അഭി. ഡോ. മാത്യൂസ് മാർ സെവേറിയോസ്
(കണ്ടനാട് വെസ്റ്റ് ഭദ്രാസനം)

ഫെബ്രുവരി 24




അഭി. യാക്കോബ് മാർ ഏലിയാസ്
(ബ്രഹ്മവാർ ഭദ്രാസനം)

മാർച്ച് 11




അഭി. ഡോ. സഖറിയാ മാർ അപ്രേം
(അടൂർ – കടമ്പനാട് ഭദ്രാസനം)

മാർച്ച് 30



അഭി. യൂഹാനോൻ മാർ പോളികാർപ്പോസ്
(അങ്കമാലി ഭദ്രാസനം)



ഒരു വൈദികൻ ആര്? എന്ത്? മാതൃക ആര്?

■ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

ഒരു ഗ്രന്ഥം എഴുതേണ്ട വിഷയമാണിത്. ചുരുക്കം മാത്രം എഴുതുന്നു.

1. വൈദികൻ ആരാകുന്നു? ഒരു ക്രൈസ്തവ പുരോഹിതൻ സത്യക്രിസ്ത്യാനിയായിരിക്കണം. സത്യക്രിസ്ത്യാനി എന്നു പറഞ്ഞാൽ അത് അസാദ്ധ്യമാണെന്നു തോന്നാതിരിക്കില്ല. ക്രിസ്തുവിനെ അനുകരിക്കുന്നവനാണ് ക്രിസ്ത്യാനി. ക്രിസ്തു ശിഷ്യൻമാർക്കാണ് ക്രിസ്ത്യാനി എന്ന പേര് ആദ്യമുണ്ടായത് (അ.പ്ര.11:26) ലോകം, ജഡം, സാത്താൻ എന്നീ ശക്തികൾ പുറകോട്ടും ഇടത്തോട്ടും വലത്തോട്ടും വലിക്കുമ്പോൾ 'മുന്നോട്ടു പോകുക എന്ന ഏക ദൂതാണ് ചെങ്കടൽ തീരത്തിൽ ജനങ്ങളോട് പറയുവാൻ ദൈവം മോശയ്ക്കു കൊടുത്തത്' എന്ന് ഓർക്കുക. ഒരു ക്രിസ്ത്യാനി ദൈവമനുഷ്യനാണ്, വേദപുസ്തകം വായിക്ക മാത്രമല്ല, നന്നായി പഠിച്ചവനും ആയിരിക്കണം. ദൈവം ഏൽപ്പിക്കുന്ന ജനങ്ങളെക്കുറിച്ച് എപ്പോഴും ഇടയഭാരം ഉണ്ടായിരിക്കണം. അവരെ പേരുചൊല്ലി വിളിച്ച നല്ലിടയനും വലിയ ഇടയനും ശ്രേഷ്ഠ ഇടയനുമായ യേശുക്രിസ്തുവാണ് ആത്യന്തികമായ മാതൃക.

2. വൈദികൻ എന്തായിരിക്കണം: ഓരോരുത്തനും, ദൈവത്തോട് ചോദിച്ച് ഉത്തരം കണ്ടുപിടിക്കേണ്ട ചോദ്യമാണിത്. നിന്റെ ആലോചനയാൽ എന്നെ നടത്തും എന്ന് സങ്കീ. 73:24 ൽ പറയുന്നത് പോലെ ദൈവമേ നിന്റെ ആലോചന എന്താണ് എന്ന് ദൈവത്തോട് ചോദിച്ച്, അതനുസരിച്ചാണ് ഓരോ ദിനവും ജീവിക്കേണ്ടത്. പ്രാർത്ഥനാജീവിതം എന്നത് കാനോനിക നമസ്കാരം തികയ്ക്കുന്നതു മാത്രമല്ല, Morning watchഉം evening reviewഉം ഉള്ളതാണ്. ഓരോ ദിവസവും ദൈവത്തോട് ചോദിക്കണം, ഇന്ന് ഞാൻ എന്താണ് ചെയ്യേണ്ടത്? രോഗികളെ സന്ദർശിക്കണോ? ദരിദ്രരെ സഹായിക്കണോ? ബൈബിൾ ക്ലാസ് നടത്തണോ? ഓരോ ദിവസവും അന്നന്നത്തെ പ്രവൃത്തികൾ ഡയറി എഴുതുന്നത് നല്ലതാണ്. മധ്യസ്ഥ പ്രാർത്ഥനയ്ക്കായി കുറേ സമയം എന്നും മാറ്റിവയ്ക്കണം. സ്വന്തം വീട്ടുകാര്യം നോക്കുവാനുള്ള ചുമതല ലഘൂകരിച്ചു കാണരുത്. ഇങ്ങനെ അവരവർ കണ്ടുപിടിക്കേണ്ട അനേക കാര്യങ്ങൾ ഉണ്ട്. അതു കണ്ടുപിടിച്ചു ചെയ്യണം.

3. വൈദികന് മാതൃക ആര്?

ഉത്തമ മാതൃക യേശുക്രിസ്തുവാണെന്നു മുൻപു പറഞ്ഞെങ്കിലും അത് വളരെ പ്രയാസമാകയാൽ പൗലോസ് ശ്ലീഹാ എഫേസോസിലെ കശീശന്മാരെ മെലീത്താദ്വീപിലേക്കു വരുത്തി അവരോടു പറഞ്ഞത് അ.പ്ര. 20:18–35 വരെ വായിച്ച് ആർക്കും പഠിക്കാവുന്നതാണ്. അതിൽ ചിലത് കുറിക്കുന്നു.

"ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവയ്ക്കാതെ മുഴുവനും അറിയിച്ചു.

ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ.


ഉണർന്നിരിപ്പിൻ; ഞാൻ എന്റെ കൈകളാൽ അദ്ധ്വാനിച്ചു.

ആരുടെയും പൊന്നോ വെള്ളിയോ വസ്ത്രമോ മോഹിച്ചിട്ടില്ല... പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിച്ചു. വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് കർത്താവായ യേശു പറഞ്ഞ വാക്ക് ഓർത്തുകൊള്ളണം.... എല്ലാം കൊണ്ട് ഞാൻ ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു."

ആധുനിക ഇടയന്മാരായ വൈദികർക്ക് അതത് സഭയിൽ തന്നെ മാതൃക ആയ വൈദികർ കാണുമായിരിക്കും. എന്റെ മുൻഗാമി മാതൃകയായിരുന്നോ എന്നു പരിശോധിച്ച് അദ്ദേഹത്തിന്റെ നല്ല മാതൃക പിൻപറ്റണം. ഓരോ ദിവസവും പ്രവൃത്തി റിപ്പോർട്ട് മെത്രാപ്പോലീത്തയ്ക്ക് അയച്ചുകൊടുക്കണം. രണ്ട് ഡയറികളിലാണ് എഴുതേണ്ടത് - ഒന്നു വ്യക്തിപരവും മറ്റേത് മെത്രാപ്പോലീത്തയെ കാണിക്കേണ്ടതും.

വേതനം കുറവാണെങ്കിലും അതു കൂട്ടുവാൻ അവരവർ തന്നെ പറയാതെ മെത്രാപ്പോലീത്താ അറിഞ്ഞ് ശമ്പളം വർദ്ധിപ്പിക്കത്തവിധം വേണ്ട നടപടികൾ ചെയ്യുവാൻ Indirect ആയി പ്രവർത്തിക്കണം. ഏറ്റവും പ്രധാനമായ റോൾ മോഡൽ ലളിത വസ്ത്രധാരണം, ലളിത ജീവിത ശൈലി എന്നിവയായിരിക്കണം. ധനവാൻമാരെ കൂടുതൽ സ്നേഹിക്കാതെ ഏവരെയും സ്വന്ത മക്കളായി കണ്ട് ഭവനസന്ദർശനം കുറ്റമറ്റതായി നടത്തണം. മേൽപ്പട്ടക്കാരുടെ കൽപനകൾ വായിച്ച് അവ അനുസരിച്ച് ത്യാഗപൂർവം വേണ്ടത് ചെയ്യുകയും വേണം. നല്ല ഇടയൻ വരുമ്പോൾ, 2തിമോ.4:7ൽ കാണുമ്പോലെ "ഞാൻ നല്ലപോർ പൊരുതി ഓട്ടം തികച്ചു. വിശ്വാസം കാത്തു" എന്നു പറയുവാൻ ദൈവത്തിന്റെ ഹിതാനുസരണം ശ്രമിച്ചു പ്രവർത്തിച്ചുവെന്ന് ഒരു സംതൃപ്തി ഉണ്ടാകുവാൻ പ്രാർത്ഥിക്കണം. ദൈവം അനുഗ്രഹിക്കട്ടെ.


പിതാക്കന്മാരുടെ ഓർമ്മ



ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ
(ജനുവരി 3)




ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ
(ജനുവരി 26)



പത്രോസ് മാർ ഒസ്താത്തിയോസ്
(ഫെബ്രുവരി 2)



പ. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്
(ഫെബ്രുവരി 23)



പഴയനിയമ പൗരോഹിത്യം

■ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

പുരോഹിതൻ എന്ന എബ്രായ പദം 'കാഹേൻ' എന്ന വാക്കിൽ നിന്ന് ഉദ്ഭവിച്ചതാണ്. ഇതിന്റെ അർത്ഥം 'മുമ്പിൽ നിൽക്കുന്നവൻ' എന്നാണ്. ലേവ്യർ പുരോഹിതരെ സഹായിക്കുന്നവൻ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. (സംഖ്യാ. 18: 2-4).


പഴയനിയമ വീക്ഷണപ്രകാരം പൗരോഹിത്യം മോശയിൽ ആരംഭിച്ച് ലേവി ഗോത്രത്തിന് നൽകപ്പെട്ടിരിക്കുന്നു. ലേവി ഒരു ഗോത്രമായിരുന്നു എന്നും പിൽക്കാലത്ത് അംഗീകാരത്തിനായി ഒരു പേര് സ്വീകരിച്ചു എന്നും പണ്ഡിതന്മാരുടെ ഇടയിൽ രണ്ടുപക്ഷമുണ്ട്.

മരുപ്രയാണകാലത്ത് മോശ യിസ്രായേല്യരുടെ നേതാവും പുരോഹിതനും ആയിരുന്നു (പുറ.24). ഗേർശോന്യർ. കെഹാത്യർ, മെരാര്യർ എന്നീ മൂന്നു കൂട്ടമായി ലേവ്യരെ തിരിച്ചിരുന്നു. (സംഖ്യാ.3:21 -37;10:17-21). മോശയ്ക്ക് മിദ്യാനപൗരോഹിത്യവുമായി അടുത്ത ബന്ധമുണ്ട്. (പുറ. 18, 22) മോശയു ടെ അമ്മായിയപ്പനായ മിദ്യാനിലെ പുരോഹിതൻ യിത്രോയുടെ സ്വാധീനം വളരെ പ്രകടമാണ്.

ഗോത്രഭരണകാലത്ത് ലേവ്യരുടെ സ്വാധീനം വളരെ കൂടിയിരുന്നു. 'നേർച്ചകൊണ്ടോ' 'ബാദ്ധ്യതകൊണ്ടോ' യഹോവയ്ക്ക് കടപ്പാടുള്ളവൻ എന്ന അർത്ഥത്തിലാണ് ലേവ്യർ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഇവരെല്ലാം രക്തബന്ധമുള്ളവരാകണമെന്നില്ല.

കേന്ദ്ര ആരാധനാലയത്തിലെ ശുശ്രൂഷകൊണ്ട് ഉപജീവനം കഴിച്ചിരുന്ന ലേവ്യർ ശീലോവിന്റെ പതനം മൂലം പല പ്രാദേശിക ആരാധനാകേന്ദ്രങ്ങളെയും ആശ്രയിക്കേണ്ടതായി വന്നു. ദാവീദിന്റെ പക്ഷം ചേർന്ന ഏലിയുടെ മക്കളിൽ അബിയാഥാർ ഒഴികെ മറ്റെല്ലാവരെയും ശൗൽ കൊന്നുകളഞ്ഞു. അബിയാഥാരിനെ യെരുശലേമിലെ മുഖ്യപുരോഹിതനായി നിയമിച്ചു. അങ്ങനെ ലേവ്യർക്ക് യെരുശലേമിൽ ശുശ്രൂഷ ചെയ്യുവാൻ അവസരം ലഭിച്ചു. (2 ശമു. 6). പെട്ടകം യെരുശലേമിൽ സ്ഥാപിച്ചതും ലേവ്യർക്കായി 48 പട്ടണങ്ങൾ ദാവീദ് സ്ഥാപിച്ചതും ലേവ്യരുടെ നില മെച്ചമാക്കി. (ജോഷ്വാ 21, 1 ദിന. 6). എന്നാൽ യെരുശലേം ദേവാലയത്തിൽ പ്രധാന അധികാരം നൽകിയിരുന്നത് സാദോക് പുരോഹിതനാണ്. ഇതിന്റെ ഉദ്ഭവം അവ്യക്തമാണ് (2 ശമു. 8,17). സാദോക്, അഹരോന്റെ പാരമ്പര്യത്തിൽപ്പെട്ടതാണെന്നും ഒരു പാരമ്പര്യമുണ്ട് (1 ദിന 6:1-8, 50 -53, എസ്രാ 7:2-5).

ആവർത്തനപുസ്തകത്തിൽ ലേവ്യ പൗരോഹിത്യം നാലു തരത്തിലുള്ള ശുശ്രൂഷകൾ ചെയ്യുന്നതായി പറയുന്നു.



1. ഉറീമും തുമീമും ഉപയോഗിച്ച് ദൈവിക അരുളപ്പാട് പ്രാപിക്കുക. (ആവ. 17:9-12, 20:2, 21:5)
2. മോശയുടെ ന്യായപ്രമാണം വിശദീകരിക്കുക, (ആവ. 17:18, 27:9,10; 31:9-11, 24-26)
3. പെട്ടകത്തിന്റെ മുമ്പാകെ ശുശ്രൂഷിക്കുക (ആവ. 10:7,8; 31:9-25)
4. യാഗം കഴിക്കുക. നിവേദ്യങ്ങൾ സ്വീകരിക്കുക (ആവ. 18:1-3, 26:4).

ദാവീദിന്റെ കാലത്തുതന്നെ പാട്ടുകാരും വാതിൽ കാവൽക്കാരും ലേവ്യരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു (1 ദിന. 15:17-24, 16:4-7, 25) ഹേമാൻ, ആസാഫ്, എഥാൻ തുടങ്ങിയവർ ഈ സംഘത്തിൽപ്പെട്ടവരായിരിക്കാം. ദാവീദ് പുരോഹിതരെ 24 ഗണങ്ങളായി തിരിച്ചു ശുശ്രൂഷ ചെയ്യിച്ചു (1 ദിന. 24).

പ്രവാസത്തിനു ശേഷം ഉണ്ടായ രണ്ടാം ദേവാലയത്തിൽ പൗരോഹിത്യ ശുശ്രൂഷ വളരെ ക്രമീകൃതമായിരുന്നു. മഹാപുരോഹിതൻ, പുരോഹിതൻ, ലേവ്യൻ എന്നീ ശ്രേണികൾ പൗരോഹിത്യ ശുശ്രൂഷയുടേതായിരുന്നു.

(ഹഗ്ഗാ 1:1,12,14; 2:2-4). മഹാപുരോഹിതന് സ്വാധീനം വർദ്ധിച്ചതുകൊണ്ട് പിൽക്കാലത്ത് കൈക്കൂലി കൊടുത്തും ഈ സ്ഥാനം പ്രാപിക്കുവാൻ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. നീതിനിർവ്വഹണത്തിൽ പുരോഹിതരെ സഹായിക്കുക (1 ദിന. 23:4, 26:29). വിശുദ്ധ പാത്രങ്ങൾ ശുചിയായി സൂക്ഷിക്കുക. യാഗത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുക (1 ദിന. 23:28-32), വാതിൽ കാക്കുക (1 ദിന. 9:19, 26:1-19), പാടുക (എസ്രാ 3:10, നെഹ. 12:27) എന്നിവ ലേവ്യരുടെ ജോലിയായിരുന്നു.

ദേവാലയത്തിന് പ്രാധാന്യം വർധിച്ചപ്പോൾ പുരോഹിതന്റെ സ്ഥാനവും വർദ്ധിച്ചു. ഭരണവർഗ്ഗത്തോടു കൂട്ടുകൂടി മഹാപുരോഹിതർ രാജപദവിയും രാഷ്ട്രീയ അധികാരവും കൈക്കലാക്കി. (ഹഗ്ഗാ 2:20-23; സഖ. 4:11-14; 6:13). പഴയനിയമത്തിന്റെ അവസാന കാലഘട്ടത്തിൽ മഹാപുരോഹിതർക്ക് രാജപദവി ലഭ്യമായി.

പുരോഹിതദൗത്യം സുവ്യക്തമാകണമെങ്കിൽ അവരുടെ ദൗത്യവും ദൗത്യനിർവ്വഹണ പശ്ചാത്തലങ്ങളും അറിഞ്ഞിരിക്കേണം. യിസ്രായേൽ കനാൻ നാട്ടിൽ പ്രവേശിച്ചപ്പോൾ അവിടെ വിവിധ ആരാധനാ സ്ഥലങ്ങൾ ഉണ്ടായിരുന്നു. "പൂജാഗിരികൾ" എന്നാണ് അവയെ വിളിച്ചിരുന്നത്. "ബീമാ" (High Place) എന്ന മൂലപദത്തിന്റെ അർത്ഥം "മുകൾ" "പുറം" എന്നാണ്. യാഗം കഴിക്കുന്നതിനുള്ള പീഠം (പുറ. 20, 25), യാഗസദ്യയ്ക്കുള്ള മുറികൾ (1 ശമു. 9,12), കൽത്തൂണുകൾ, വിശുദ്ധ ഉപകരണങ്ങൾ (ഉദാ. എഫോദ്), ദേവീദേവന്മാരുടെ പ്രതിഷ്ഠകൾ ഇവയെല്ലാ

മായിരുന്നു കാനാന്യ ക്ഷേത്രങ്ങളിൽ ഉണ്ടായിരുന്നത്. അമാവാസിയിലും ശബ്ബത്തിലും മറ്റു പെരുന്നാൾ ദിവസങ്ങളിലും ആട്, കാള മുതലായ മൃഗങ്ങളെ യാഗം കഴിക്കയും ധാന്യം, വീഞ്ഞ്, എണ്ണ മുതലായ വസ്തുക്കൾ നേർച്ചയായി അർപ്പിക്കയും ചെയ്യുക പതിവായിരുന്നു. വെളിച്ചപ്പാട് തേടുക, നീതിന്യായ വ്യവഹാരങ്ങൾ നടത്തുക, അഭയം തേടുക, പടയാളികളെ യുദ്ധത്തിന് വിശുദ്ധീകരിക്കുക എന്നിവയെല്ലാം ക്ഷേത്ര സന്നിധാനത്തിൽ വച്ചു നടത്തിയിരുന്നു.

എന്നാൽ ശീലോ ആലയത്തിലും പിന്നീട് യെരുശലേം ദേവാലയത്തിലും നിയമപെട്ടകം സ്ഥാപിച്ചിരുന്നു. ദേവീദേവൻമാരുടെ പ്രതിഷ്ഠകൾ, അശേരാസ്തംഭങ്ങൾ മുതലായവ എബ്രായർക്കും നിഷിദ്ധമായിരുന്നു. ദൈവം പെട്ടകത്തിന്റെ മുകളിൽ സിംഹാസനാരൂഢനായി വാഴുന്നു എന്നും പെട്ടകം ഉള്ളേടത്ത് യഹോവയും ഉണ്ട് എന്നും യിസ്രായേൽ മക്കൾ വിശ്വസിച്ചിരുന്നു. (യോശുവ 6, സംഖ്യാ. 10:33). ശലോമോൻ ദേവാലയം പണിതപ്പോൾ ഈ പെട്ടകത്തെ അതി വിശുദ്ധ സ്ഥലത്ത് കെരുബുകളുടെ ചിറകിൻകീഴിൽ അതിനെ സ്ഥാപിച്ചു (1 രാജാ. 8:1-6). പെട്ടകത്തിൽ രണ്ട് കൽപലകകളും മന്നായും അഹറോന്റെ വടിയും സൂക്ഷിച്ചിരുന്നു. (എബ്രാ.9:4) എന്നാൽ പിൽക്കാലത്ത് പെട്ടകത്തെപ്പറ്റി ഒരു പരാമർശവും കാണുന്നില്ല.

ദേവാലയത്തെപ്പറ്റി താഴെപ്പറയുന്ന ചിന്തകൾ യഹൂദന്മാരിൽ ഉണ്ടായിരുന്നു. (1) മനുഷ്യർക്ക് താമസിക്കുവാൻ സ്ഥലം ആവശ്യമായിരിക്കുന്നതുപോലെ ഈശ്വരസാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ ദേവാലയം ആവശ്യമാണ്. (2) ജീവന്റെയും ഐശ്വര്യത്തിന്റെയും കേന്ദ്രം ദേവാലയമാണ്. (3) ദേവാലയം സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന കണ്ണിയായതിനാൽ ഏറ്റവും ഉയരമുള്ള സ്ഥലത്ത് ആയിരിക്കണം (സങ്കീ. 48:2, യെശ. 2:2). (4) ഈശ്വര സന്നിധാനമാകയാൽ ദേവാലയം ഒരിക്കലും നശിക്കയില്ല (സങ്കീ. 46:5, 48:4, യെശ. 29:5) ശമര്യയുടെ നാശത്തോടുകൂടി ബേഥേൽ, ദാൻ എന്നീ സ്ഥലങ്ങളിലെ ദേവാലയങ്ങൾ നാമാവശേഷമായി. ഇത് യെരുശലേം ദേവാലയത്തിന്റെ പ്രാധാന്യം വർദ്ധിക്കുവാൻ ഇടയായി.

പുരോഹിതന്മാരുടെ മുഖ്യകർമ്മമാണ് യാഗങ്ങൾ അർപ്പിക്കുക എന്നത്. വിവിധതരം യാഗങ്ങൾ യിസ്രായേലിൽ നടത്തിയിരുന്നു.

(1) **"സമാധാനയാഗം"** (Communion Sacrifice) ഇതിൽ രക്തം മുഴുവൻ ഒഴുക്കിക്കളയുകയും കൊഴുപ്പ് മുതലായവ തീയിൽ ദഹിപ്പിക്കുകയും ചെയ്തിരുന്നു (ഉൽപ. 31:54, പുറ. 18:12, 1 ശമു. 3:14)

(2) **"ഹോമയാഗം"** മുകളിലേക്ക് ഉയരുന്നത് എന്ന് അർത്ഥം. തീയിൽ ദഹിപ്പിച്ച് ധൂമരൂപത്തിൽ ദൈവസന്നിധിയിൽ അർപ്പിക്കുന്നു. ഹോമയാഗത്തിനുള്ള മൃഗം ഊനമില്ലാത്തതും ആൺവർഗ്ഗത്തിൽപ്പെട്ടതുമായിരിക്കണമെന്നും നിർബന്ധമുണ്ട്.



(3) **"വഴിപാട്"** (കാഴ്ച). ധാന്യങ്ങളിൽ നിന്നും പച്ചക്കറികളിൽ നിന്നും നൽകുന്ന വഴിപാടിനെകുറിക്കുന്നു (ഉൽപ. 4:3-5, 2 ശമു. 8:2). ദൈവസന്നിധിയിൽ വെറുങ്കൈയ്യായി പ്രവേശിക്കരുതെന്നാണ് നിയമം (പുറ. 23:15, 24:20, ആവ. 16:16). ''ആദരവ്'' പ്രകടിപ്പിക്കുന്നതിനാണ് വഴിപാട് അർപ്പിക്കുന്നത്.

(4) **"പാപയാഗം"** (അകൃത്യയാഗം) (പുറ. 29:11-14). പാപം (അകൃത്യം) നീക്കിക്കളയുന്നതിന് അർപ്പിക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് വന്നുപോയ ഹാനി നീക്കം ചെയ്യുകയാണ് പാപയാഗത്തിന്റെ ഉദ്ദേശം. മറ്റൊരുവന് ഏൽപ്പിക്കുന്ന മാനഹാനിക്കോ നഷ്ടത്തിനോ പരിഹാരം ചെയ്തതിനു ശേഷമേ അകൃത്യയാഗം അർപ്പിക്കാവൂ എന്നു നിബന്ധനയുണ്ട്.

പ്രവാസത്തിനു ശേഷം പാപപരിഹാരദിനം (Day of atonement) അനുഷ്ഠാനത്തിന് വളരെ പ്രാധാന്യം ലഭിച്ചു. വർഷത്തിലൊരിക്കൽ ദേവാലയ ശുദ്ധീകരണവും ജനങ്ങളുടെയും പുരോഹിതന്മാരുടെയും പാപങ്ങളുടെ പ്രായശ്ചിത്തവും നടത്തി ശുദ്ധീകരിക്കുന്ന കർമ്മമാണിത്.

ജനങ്ങളുടെയും പ്രകൃതി മുഴുവന്റെയും അശുദ്ധി നീക്കി ദൈവവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ഇടനിലക്കാരായി പുരോഹിതന്മാർ വർത്തിച്ചിരുന്നു. **പുരോഹിതന്മാർ ഈ ഉത്തരവാദിത്വത്തിൽനിന്ന് പിന്മാറുമ്പോൾ ജനം അധഃപതനത്തിലേക്കു പോകും. നന്മയും ഐശ്വര്യവും വിശുദ്ധിയും മനുഷ്യരിലും പ്രകൃതിയിലും നിലനിർത്തുവാൻ വിളിക്കപ്പെട്ടവരാണ് പുരോഹിതന്മാർ.**

ഉപസംഹാരം

ആഗോളവൽക്കരണം സൃഷ്ടിക്കുന്ന പുത്തൻ സംസ്കാരത്തിൽ പുരോഹിത ദൗത്യങ്ങൾ പുനർനിർവചിക്കപ്പെടണം. ദൈവികബന്ധത്തിൽ പ്രകൃതിയെയും സമൂഹത്തെയും വിശുദ്ധിയിലേക്കുയർത്താനുള്ള ദൗത്യം പുരോഹിതൻ സത്യസന്ധമായി നിർവ്വഹിക്കണം. ദൈവമനുഷ്യബന്ധത്തിലുണ്ടാകുന്ന സർവ്വവിധ വീഴ്ചകളെയും അതിജീവിക്കുവാൻ കഴിയണം. വിശുദ്ധീകരണ കർമ്മത്തിൽ സ്വയം സമർപ്പിച്ച് സമൂഹത്തെ വിശുദ്ധീകരിക്കുന്ന കർമ്മപദ്ധതികളിൽ ക്രിയാത്മകമായി പങ്കുചേരുവാനുള്ള ധാർമ്മിക ഉത്തരവാദിത്വവും പുരോഹിത ദൗത്യത്തിൽ ഉൾപ്പെടുന്നു. പുരോഹിത ശുശ്രൂഷയിൽ പുരോഹിത-അൽമായ ബന്ധവും വിശുദ്ധമായിത്തീരണം. നീതിപൂർവ്വമായ സാമൂഹികമാറ്റത്തിനും വിശുദ്ധീകരണത്തിനും പുരോഹിത ദൗത്യം ദൈവികമാക്കിത്തീർക്കണം.



പൗരോഹിത്യം – പുതിയനിയമവെളിച്ചത്തിൽ

■ ഫാ. ഡോ. റ്റി.ജെ. ജോഷ്വ

പൗരോഹിത്യത്തെപ്പറ്റിയുള്ള അവലോകനവും പഠനവും ഇന്ന് ആവശ്യമുള്ള വിഷയമാണ്. പൗരോഹിത്യ സ്ഥാനികളെ കർത്തവ്യോന്മുഖരാക്കാൻ അതു പ്രേരണ നൽകും. മാത്രമല്ല പൗരോഹിത്യ സ്ഥാനത്തെ ചോദ്യം ചെയ്തുകൊണ്ടും വേദപുസ്തക തെളിവുകൾ ആവശ്യപ്പെട്ടുകൊണ്ടും സെക്ടേറിയൻ വിഭാഗങ്ങൾ അനവധിയായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. നവീകരണ കർത്താവായ മാർട്ടിൻ ലൂഥർ മുന്നോട്ടുവച്ച വിശ്വാസികളുടെ പൗരോഹിത്യം (Priesthood of all believers) എന്ന വിഷയം ദുർവ്യാഖ്യാനം ചെയ്ത് വേർതിരിക്കപ്പെട്ട പൗരോഹിത്യത്തെ നിഷേധിക്കുവാൻ ഒരുമ്പെടുന്നതായിട്ടാണ് കാണുന്നത്.


പൗരോഹിത്യത്തെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്നവർ ഉന്നയിക്കുന്ന വാദങ്ങൾ എന്തെന്നു നോക്കാം.

(1) പുതിയനിയമത്തിൽ ക്രിസ്തീയ സഭയിൽപ്പെട്ട ഒരാൾക്കും പുരോഹിതൻ എന്ന സ്ഥാനം നൽകിയിട്ടുള്ളതായി കാണുന്നില്ല. നേതൃത്വം വഹിക്കുന്നവരെ വിശേഷിപ്പിച്ചിട്ടുള്ളത്, മൂപ്പൻ, അദ്ധ്യക്ഷൻ, ശുശ്രൂഷകൻ തുടങ്ങിയ പദങ്ങൾ കൊണ്ടാണ്. അപ്പോസ്തോലിക കാലത്തും അപ്പോസ്തോലിക സഭയിലും ഇല്ലാത്ത ഒന്ന് പിൽക്കാലത്ത് വിജാതീയ സമൂഹത്തിൽ നിന്നും കടന്നുവന്നിട്ടുള്ളതാണ്. അനിവാര്യമായ ഒന്നായിരുന്നെങ്കിൽ യേശുക്രിസ്തു അതു വെളിപ്പെടുത്തുമായിരുന്നു. അപ്പോസ്തോലന്മാരെ നിയോഗിക്കുന്നുവെങ്കിലും അവർക്കു പുരോഹിതന്മാർ എന്ന സ്ഥാനം നൽകിയില്ല.

(2) പുതിയനിയമത്തിൽ, ക്രിസ്തീയ സഭ അംഗീകരിക്കുന്നതായി ഒരു പുരോഹിതൻ മാത്രമേയുള്ളു – മൽക്കിസദേക്കിന്റെ ക്രമപ്രകാരം ഏന്നേക്കും മഹാപുരോഹിതനായിരിക്കുന്ന യേശുക്രിസ്തു. (എബ്രാ. 5:5 മു; 9:11 മു) എബ്രായ ലേഖനത്തിന്റെ മുഖ്യ പ്രമേയം തന്നെ യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യവും, അവിടത്തെ പരമയാഗവുമാണ്. പഴയനിയമ പൗരോഹിത്യത്തിന് യേശുക്രിസ്തുവിൽ സമ്പൂർത്തി സംഭവിച്ചു. പിന്നീട് അത്തരത്തിൽ പൗരോഹിത്യക്രമം തുടരുന്നില്ല. ക്രിസ്തുവിന്റെ പൗരോഹിത്യം സഭാ മക്കളായ വിശ്വാസികൾ എല്ലാവർക്കുമായിട്ടു നൽകുക ആയിരുന്നു.

വിശ്വാസികൾ എല്ലാവരും പുരോഹിതസ്ഥാനികൾ ആണ്. നിങ്ങളോ..... രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു (1 പത്രോ. 2:9) വെളിപ്പാടു പുസ്തകത്തിൽ: "ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കിത്തീർത്തു." (വെളി. 1:6; 5:10; 20:6)

ഈ വാദങ്ങൾക്കുള്ള മറുപടി നൽകുമ്പോൾത്തന്നെ നമ്മുടെ വിഷയം പ്രതിപാദിച്ചു കഴിയും.



(1) പുതിയനിയമകാലത്ത് പുരോഹിതൻ എന്നുള്ള പദം ഉപയോഗിച്ചാൽ മനസ്സിൽ ഓടിയെത്തുന്നത് യഹൂദ പുരോഹിതന്മാരെപ്പറ്റിയും, അവരുടെ ബലിയനുഷ്ഠാനങ്ങളെപ്പറ്റിയും ആയിരിക്കും. അവയുടെ ആവർത്തനമെന്ന ആശയമായിരിക്കും മനസ്സിൽ എത്തുക. അതു ചിന്താക്കുഴപ്പം വരുത്തുന്നതാണ്. അതൊഴിവാക്കേണ്ടതാവശ്യമായിരുന്നു. ക്രിസ്തീയസഭയിലെ ആരാധനയും പഴയനിയമ അനുഷ്ഠാനങ്ങളിൽനിന്നു വ്യത്യസ്തമായിരുന്നു. ആ വ്യതിരിക്തത സംരക്ഷിക്കേണ്ടതാവശ്യമായിരുന്നു.

(2) പഴയനിയമ പൗരോഹിത്യത്തിന്റെ പൂർത്തീകരണമാണ് യേശുക്രിസ്തുവിൽ സംഭവിച്ചത്. എന്നാൽ ലേവ്യ പൗരോഹിത്യത്തിന്റെ തുടർച്ചയല്ല, മൽക്കിസദേക്കിന്റെ പൗരോഹിത്യമാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിനു മാതൃക. ക്രിസ്തുവിന്റെ പൗരോഹിത്യം സഭയ്ക്കു മുഴുവനായി ലഭിച്ചു എന്നത് അനിഷേധ്യമായ സത്യമാണ്. ക്രിസ്തുവിന്റെ പൗരോഹിത്യമാണ് ക്രിസ്തീയ പൗരോഹിത്യത്തിനും അടിസ്ഥാനം.

പഴയനിയമ സമൂഹത്തെ (യിസ്രായേൽ) മുഴുവനായി രാജകീയ പുരോഹിത വർഗ്ഗമെന്ന് വിശേഷിപ്പിച്ചിരുന്നു (പുറ.19:6.). ആ സമൂഹത്തിൽനിന്ന് പ്രത്യേക പൗരോഹിത്യ ശുശ്രൂഷയ്ക്കായി അഹരോനെയും കുടുംബത്തെയും വേർതിരിക്കാൻ യഹോവ കൽപിക്കുന്നു. അവരെ അഭിഷേകം ചെയ്ത് ദൗത്യനിർവഹണത്തിന് അവരോധിക്കുകയും ചെയ്യുന്നു. നിഴലായിരുന്ന യിസ്രയേല്യ സഭയിലെ അനുഭവം പൊരുളാകുന്ന ക്രിസ്തീയസഭയിൽ പൂർണ്ണതയിൽ കാണാം. ക്രിസ്തീയ സഭ മുഴുവൻ രാജകീയ പുരോഹിത വർഗ്ഗമാണ്. പൗരോഹിത്യധർമ്മം നിർവഹിക്കാൻ നിയോഗിക്കപ്പെട്ട സമൂഹമാണ്. ആ ധർമ്മം എന്താണ്? ദൈവസന്നിധിയിൽ നിലകൊണ്ട് ആരാധന അർപ്പിക്കുകയും ലോകം മുഴുവന്റെയും ആവശ്യങ്ങൾ ദൈവസമക്ഷം സമർപ്പിക്കുകയുമാണ്. മാത്രമല്ല ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിച്ച് ലോകത്തിനു പകർന്നു കൊടുക്കുകയുമാണ്. എന്നാൽ ഈ പൗരോഹിത്യ ദൗത്യം നിർവഹിക്കുന്നതിന് സഭയെ മുഴുവൻ സജ്ജമാക്കേണ്ടതിനു ദൈവം പ്രത്യേക പൗരോഹിത്യ ഗണത്തെ വേർതിരിച്ച് അവരോധിക്കുന്നു. അഹരോനെയും മക്കളെയും അവരുടെ പിൻഗാമികളായ പുരോഹിതന്മാരെയും അവരോധിച്ചതുപോലെ.

ക്രിസ്തീയ സഭയിലും അഭിഷേകവും കൈവയ്പും തുടരുന്നു. യേശുക്രിസ്തുവാണ് തുടക്കം കുറിച്ചത്. മാളികമുറിയിൽ കൂടിയിരുന്ന ശിഷ്യസമൂഹത്തിനു നടുവിൽ പ്രത്യക്ഷനായ യേശുക്രിസ്തു ശിഷ്യന്മാരുടെ മേൽ ഊതി പരിശുദ്ധാത്മാവിനെ അവർക്കുനൽകുകയും കൈവച്ച് അവർക്ക് അധികാരവും പദവിയും നൽകുകയുമായിരുന്നു (യോഹ. 20:22–മു)

പൗരോഹിത്യ നൽവരം കൈവയ്പിൽ കൂടി തുടരുന്നു. പൗലോസ് താൻ സ്ഥാപിച്ച സഭയിലെ ശുശ്രൂഷയ്ക്കായി കൈവയ്പിൽ കൂടി സ്ഥാനികളെ നിയോഗിക്കുന്നു. എന്നാൽ അവരെ പുരോഹിതന്മാർ

എന്നല്ല മൂപ്പന്മാർ എന്നാണ് വിളിച്ചിരിക്കുന്നത്. പുരോഹിതന്മാർ എന്നു വിളിക്കാത്തതിന്റെ കാരണം മുകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുരോഹിതന്മാരെ അവരോധിക്കുന്ന കൈവയ്പ് അവർക്ക് നൽകിയെന്നു കാണാം. തന്നെയല്ല, പുരോഹിതന്മാർ നിർവഹിക്കുന്ന അജപാലനശുശ്രൂഷ അവർ നിർവഹിക്കാൻ പ്രതീക്ഷിക്കപ്പെട്ടിരുന്നു.

എ.ഡി. 70 നു ശേഷം യഹൂദ സഭയിൽ നിന്നു ക്രിസ്തീയ സഭ പൂർണമായി വേർപെട്ടുനിന്നു. ക്രിസ്തീയ സഭയാണ് യഥാർത്ഥ യിസ്രായേൽ എന്നു വിശേഷിപ്പിച്ചു. പൗലോസ് വിശേഷിപ്പിക്കുന്നത് പുതിയ യിസ്രായേൽ എന്നാണ്. അതുപോലെ തന്നെ വിശുദ്ധ കുർബാന കർത്താവ് സ്ഥാപിക്കുകയും, അപ്പോസ്തോലന്മാർ അന്യൂനം അത് ആചരിക്കുകയും ചെയ്തുപോന്നു. എന്നാൽ അത് ഒരു ബലിയാകുന്നു എന്ന ചിന്തയും വിശ്വാസവും പിന്നീടാണ് രൂപംകൊള്ളുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രചിക്കപ്പെട്ട "ഡിഡാക്കെ" എന്ന പ്രസിദ്ധ കൃതിയിൽ നാം ഇപ്രകാരം കാണുന്നു: Assemble on the Lord's Day, breaking bread and celebrating the Eucharist; but first confess your sins that your **Sacrifice** (GK = Thusia) may be a pure one............ For it was of this the Lord spoke, "everywhere and always offer me a pure sacrifice." കർത്തൃദിവസത്തിൽ (ഞായറാഴ്ച) ഒരുമിച്ചു സമ്മേളിക്കുക; അപ്പം നുറുക്കലിൽ കൂടി യൂക്കറിസ്റ്റ് (കുർബാന) അർപ്പിക്കുവാനായി. എന്നാൽ നിങ്ങളുടെ **ബലി** വിശുദ്ധമായിരിക്കേണ്ടതാണ്. ആദ്യമേ നിങ്ങളുടെപാപങ്ങൾ ഏറ്റുപറയുക......... എന്തെന്നാൽ ഈ ബലിയെപ്പറ്റി കർത്താവ് കൽപിച്ചിരിക്കുന്നു: "എല്ലായിടത്തും എപ്പോഴും എനിക്കു വിശുദ്ധ ബലി അർപ്പിക്കുക." അവസാനം കാണുന്ന പരാമർശം മലാഖി പ്രവചനത്തിൽ നിന്നാണ്. മലാ. 1:10–14 വാക്യങ്ങൾ വി: കുർബാനയെ പരാമർശിക്കുന്ന ഒരു പ്രവചനമായിട്ടാണ് പിതാക്കന്മാർ കാണുന്നത്. 'ഡിഡാക്കെ' എന്ന കൃതിയിൽത്തന്നെ 'പുരോഹിതൻ' എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളതായി കാണാം.

The New Testament antecedents of Priestly ministry:

സഭയിലെ പൗരോഹിത്യ ശുശ്രൂഷയ്ക്കും പൗരോഹിത്യ സ്ഥാനത്തിനും രൂപം കൊടുക്കുവാൻ തക്കവണ്ണം പുതിയനിയമത്തിലുണ്ടിയാരുന്ന സ്ഥാനികളെപ്പറ്റിയാണ് തുടർന്നു ചിന്തിക്കുന്നത്

(1) ശിഷ്യന്മാർ: സുവിശേഷങ്ങളിൽ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെപ്പറ്റി നൽകിയിട്ടുള്ള ചിത്രം പിൽക്കാലത്ത് പുരോഹിതന്മാരെപ്പറ്റിയുള്ള സങ്കൽപ്പിതിനു പ്രേരകമായിരുന്നു. എല്ലാ ക്രിസ്തീയ വിശ്വാസികളും ഒരർത്ഥത്തിൽ കർത്താവിന്റെ ശിഷ്യന്മാരാണ്. എന്നാൽ കർത്താവ് ശിഷ്യസമൂഹത്തിൽനിന്ന് 12 പേരെ വേർതിരിച്ചതുപോലെ വിശ്വാസികളിൽ നിന്നു വേർതിരിക്കപ്പെട്ടവരാണ് പുരോഹിതന്മാർ.

ശിഷ്യന്മാരെപ്പറ്റി പറയുമ്പോൾ യഹൂദ പശ്ചാത്തലം ഓർമ്മവരും. റാബിയും ശിഷ്യന്മാരും എന്നുള്ള ബന്ധം അവിടെ സുപരിചിതമാണ്. റാബിയോടുകൂടെ ഇരിക്കുവാനും ചരിക്കുവാനും അദ്ദേഹം ചെയ്യുന്ന സകലതും സൂക്ഷ്മമായി നിരീക്ഷിപ്പാനും കൂട്ടായ ജീവിതം നയിക്കുവാനും ശിഷ്യന്മാർ ശ്രമിക്കുന്നു. മറ്റുള്ളവരുടെ മുമ്പാകെ റാബിയെ ശരിയായി പ്രതിനിധീകരിക്കുവാൻ ശിഷ്യന്മാർക്കു കഴിയണം. അവർ തമ്മിലുള്ള അടുപ്പം വളരെ വലുതാണ്. യേശുക്രിസ്തു പറഞ്ഞു: "നിങ്ങളെ ഞാൻ ദാസന്മാരെന്നു വിളിക്കുന്നില്ല; നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ." (യോഹ 15:14, 15.)

ക്രിസ്തീയ പൗരോഹിത്യത്തിൽ ഈ ഒരു ബന്ധവും ധാരണയും പങ്കുവഹിച്ചിട്ടുണ്ട്. പഴയ നിയമ പൗരോഹിത്യം ജന്മദത്തമാണ്. ക്രിസ്തീയ പൗരോഹിത്യം വിളിക്കപ്പെടുന്നവർക്കാണ്. അവിടുത്തെ വിളിക്കു പൂർണ്ണമായി ഉത്തരം നൽകുന്നവരായിരിക്കണം. ശിഷ്യത്വത്തെ ഒന്നും തടസ്സപ്പെടുത്താൻ പാടില്ല എന്നു പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്.

ശിഷ്യൻ എന്നുള്ള ആശയം ക്രിസ്തുവിനോടുള്ള ബന്ധം മനസ്സിലാക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്നു.

(2) അപ്പോസ്തോലൻ (ശ്ലീഹാ): അപ്പോസ്തോലൻ എന്ന ആശയം മറ്റുള്ളവരോടുള്ള പുരോഹിതന്റെ ഉത്തരവാദിത്തങ്ങളെ രൂപപ്പെടുത്തുന്നതാണ്. അവർ അയയ്ക്കപ്പെട്ടവരായിരുന്നു. അപ്പോസ്തോലത്വത്തിന്റെ അടിസ്ഥാനതത്വം സേവനം (ശുശ്രൂഷ) ആണ്. അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു: ഉപദേശം, പ്രബോധനം, കൗൺസലിംഗ്, സഹായം, സന്ദർശനം, സാമൂഹ്യവും സാമ്പത്തികവുമായ സഹായം എല്ലാം അതിൽപ്പെടുന്നു.


ആരാധനയും ശുശ്രൂഷയുടെ ഭാഗമാണ്. 2 കൊരി. 9:11,12. പ്രാർത്ഥനയും യാചനയും മധ്യസ്ഥതയും ശുശ്രൂഷയുടെ ഭാഗം തന്നെ.

(3) എപ്പിസ്കോപ്പാ – കശീശ: അപ്പോസ്തോലൻമാർ സഞ്ചരിക്കുന്നവരും പൊതുസഭയുടെ ചുമതലക്കാരുമായിരുന്നു. എന്നാൽ പ്രാദേശികതലത്തിൽ ചുമതലകൾ വഹിച്ച കശീശമാർ (എപ്പിസ്കോപ്പമാർ) ക്രിസ്തീയ പുരോഹിതന്റെ രൂപത്തിനും ഭാവത്തിനും മിഴിവു നൽകുന്ന സ്ഥാനികൾ ആയി പുതിയ നിയമത്തിൽ കാണുന്നു. ഓരോ സഭയിലും കശീശന്മാർ (മൂപ്പൻമാർ എന്നു സത്യവേദ പുസ്തക പരിഭാഷ) അവരോധിക്കപ്പെട്ടു. അ.പ്ര.14:23 "സഭ തോറും കശീശന്മാരെ നിയമിക്കയും ചെയ്തു." കശീശ എന്നുള്ള സ്ഥാനവും എപ്പിസ്കോപ്പ എന്നതും പുതിയ നിയമകാലത്ത് വ്യതിരക്തമല്ലായിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ അവ രണ്ടും വ്യത്യസ്ത സ്ഥാനികൾ ആയിത്തീർന്നു.

പൗലോസിന്റെ ഇടയലേഖനങ്ങളിൽ (1 & 2 തീമോ; തീത്തോ.) ഇവരുടെ ചുമതലകളും യോഗ്യതകളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവർ പിൽക്കാലത്ത് സഭയിലെ വ്യവസ്ഥാപിത സ്ഥാനികളും പൗരോഹിത്യക്രമത്തിൽപ്പെട്ടവരുമായി. അവരുടെ ചുമതലകൾ: സത്യോപദേശം പഠിപ്പിക്കുക; ദുരുപദേശം ചെറുത്തുതോൽപ്പിക്കുക; ആരാധന നയിക്കുക; ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുക; ശാസിക്കുകയും തിരുത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക; സംഘടനാപരമായ കാര്യങ്ങൾ ശ്രദ്ധിക്കുക; പിൻഗാമികളായി പ്രവർത്തകരെ നിയോഗിക്കുക ഇവയൊക്കെ ആയിരുന്നു. അതെല്ലാം എങ്ങനെ നിർവ്വഹിക്കണമെന്നു പത്രോസും പൗലോസും ചൂണ്ടിക്കാണിക്കുന്നു: (അ.പ്ര. 20:28–മു; 1 പത്രോ. 5:2–4.)

ഉപസംഹാരം

പുതിയനിയമത്തിൽ പൗരോഹിത്യ ശുശ്രൂഷയെപ്പറ്റിയും പൗരോഹിത്യക്രമത്തെപ്പറ്റിയും ദൗത്യത്തെപ്പറ്റിയും വ്യക്തമായ പരാമർശങ്ങളുണ്ട്. പുരോഹിതൻ എന്ന പദം അവിടെയില്ല എന്നതു ശരിതന്നെ. അതിന്റെ കാരണം നാം കണ്ടു. എന്നാൽ പുരോഹിത സ്ഥാനികൾ ആരെന്നും അവർ തങ്ങളുടെ ദൗത്യം എങ്ങനെ നിർവ്വഹിക്കണമെന്നും വിശദമായ രൂപരേഖ ലഭിക്കുന്നു.



പൗരോഹിത്യ ശുശ്രൂഷയുടെ അടിസ്ഥാനഘടകങ്ങൾ:

പ. പരുമല തിരുമേനിയുടെ ജീവിതത്തിൽനിന്നും ഒരു മാതൃക


■ ഫാ. ഡോ. റജി മാത്യു

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പൗരോഹിത്യ ശുശ്രൂഷ എന്തുകൊണ്ടും വെല്ലുവിളികൾ നിറഞ്ഞതാണ്. ഗ്ലോബലൈസേഷന്റെയും കച്ചവട സംസ്കാരത്തിന്റെയും സ്വാധീനം ഇവയെയൊക്കെ നഖശിഖാന്തം എതിർത്തിരുന്ന റഷ്യയിലും ചൈനയിലും വരെ പ്രകടമായെങ്കിൽ ക്രിസ്തീയ സഭയുടെ കാര്യം പറയുകയേ വേണ്ട. മാധ്യമങ്ങളുടെ അതിപ്രസരവും വിവരസാങ്കേതിക വിദ്യയുടെ കടന്നുകയറ്റവും ഏതൊരു സ്ഥാപനത്തെയുംപോലെ സഭകളെയും ബാധിച്ചിട്ടുണ്ട്. ഇരുപതു നൂറ്റാണ്ടുകൾ പിന്നിട്ട ക്രിസ്തീയ വിശ്വാസം അർത്ഥവത്തായ രീതിയിൽ തലമുറകൾക്കു കൈമാറി കൊടുക്കണമെങ്കിൽ കാലഘട്ടത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞേ മതിയാവൂ. സഭയുടെ ചുക്കാൻ പിടിക്കുന്ന പുരോഹിതന്മാരാണ് ഇക്കാര്യം ആദ്യം ചെയ്യേണ്ടത്. തങ്ങളുടെ പൗരോഹിത്യ ചുമതല ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ അർത്ഥവത്തായി നിറവേറ്റുന്നതെങ്ങനെയെന്ന് സാവകാശം ചിന്തിക്കുകയും അവശ്യമായ രൂപാന്തരങ്ങൾ വരുത്തി തങ്ങളുടെ ദൗത്യനിർവഹണം ആകർഷകമാക്കുകയും ചെയ്യണം. പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ. പരുമല തിരുമേനിയുടെ ജീവിതം പരിശോധിച്ചാൽ ഇക്കാര്യത്തിൽ അദ്ദേഹം ചെയ്തതെന്താണെന്നു പഠിക്കുവാൻ കഴിയും.

പ. പരുമല തിരുമേനി താൻ ജീവിച്ച ദേശത്തിന്റെയും കാലത്തിന്റെയും സ്പന്ദനങ്ങൾ ഉൾക്കൊണ്ടു മാത്രമാണ് പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചത്. പത്താം വയസ്സിൽ ശെമ്മാശനായും, പതിനേഴാം വയസ്സിൽ പുരോഹിതനായും, 28–ാം വയസ്സിൽ മെത്രാപ്പോലീത്തായായും പട്ടമേറ്റ പരുമല തിരുമേനി തന്റെ അജപാലനശുശ്രൂഷയിൽ വിജയിച്ചതെങ്ങനെയെന്നു കാര്യമായി പഠിക്കേണ്ടതുണ്ട്. എന്തൊക്കെയായിരുന്നു തന്റെ ശുശ്രൂഷയുടെ അടിസ്ഥാനഘടകങ്ങളായി താൻ സൂക്ഷിച്ചിരുന്നതെന്നു പരിശോധിക്കാം.

(i) ദൈവവിളിയെപ്പറ്റിയുള്ള ഉറച്ച ബോദ്ധ്യം:

തന്നെ ദൈവം പ്രത്യേക നിയോഗം മൂലം തിരഞ്ഞെടുത്തതാണെന്നുള്ള ഉത്തമബോദ്ധ്യം തിരുമേനിക്കുണ്ടായിരുന്നു. പിതൃസഹോദരനായ ഗീവറുഗീസ് കത്തനാരുമായുള്ള സഹവാസം മൂലം തന്റെ ദൈവവിളി തിരിച്ചറിയുവാൻ തിരുമേനിക്ക് സാധിച്ചു. മാത്രവുമല്ല ദൈവം തന്നിൽ നിന്നും പ്രതീക്ഷിക്കുന്നത് ഒരു സന്യാസപട്ടക്കാരന്റെ ജീവിതമാണെന്നുള്ളത് തിരുമേനി തിരിച്ചറിഞ്ഞ നിമിഷം ഇസെഡ് എം. പാറേട്ടിന്റെ "പരുമല പുണ്യവാളൻ" എന്ന പുസ്തകത്തിൽ അതിമനോഹരമായി വിശദീകരിച്ചിട്ടുണ്ട്. ചാത്തുരുത്തി ഗീവറുഗീസ് ശെമ്മാശന്റെ പിതാവ് കൊച്ചുമത്തായി ആകാരഭംഗിയും സ്വഭാവ



ശുദ്ധിയും കുടുംബമഹിമയുമുള്ള ഒരു യുവതിയെ കാണുകയും തന്റെ മകൻ ആ കുട്ടിയെ വിവാഹം കഴിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം സഹോദരനായ ഗീവറുഗീസ് മൽപ്പാനെ അറിയിക്കുകയും ചെയ്തു. മൽപ്പാനാകട്ടെ സ്വയമായി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാതെ ശെമ്മാശന്റെ അഭിപ്രായമാരായുവാൻ സഹോദരിയായ മറിയയെ ചുമതലപ്പെടുത്തി. കാര്യങ്ങൾ കേട്ട ശെമ്മാശന്റെ മറുപടി വളരെ ശ്രദ്ധേയമാണ്: "ഈ തറവാട്ടിൽ മുമ്പോരിക്കലും ഉണ്ടായിക്കാണുകയില്ലാത്ത ഒരു സംഭവമാണിത്. വിവാഹം കഴിക്കുന്ന ചെറുക്കന്റെയോ, കല്യാണം കഴിച്ചുകൊടുക്കാനുള്ള പെണ്ണിന്റെയോ അഭിപ്രായം ആരായുക എന്നുള്ളത് – വേണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം – ഗുരുജനങ്ങൾക്ക് സ്വായത്തമായിട്ടുള്ളതാണെന്ന് നമ്മുടെ പൂർവ്വികന്മാർ വിശ്വസിച്ചുവന്നു. ഇന്നോ, തീരുമാനിക്കുന്നതിനുള്ള അവകാശം ഗുരുജനങ്ങൾ എനിക്കു തന്നിരിക്കുന്നു. മുമ്പൊരിക്കൽ പോലും ഉണ്ടായിട്ടില്ലാത്ത ആ സംഭവം ഉണ്ടായത് എന്തിനാണ്? അതാണ് 'നിമിത്തം' എന്നു ഞാൻ പറയുന്നത്. അവരെ ദൈവം നടത്തി എന്നു ഞാൻ വിശ്വസിക്കുന്നു. വൈവാഹികജീവിതത്തിനല്ല, സഭയ്ക്കു വേണ്ടിയുള്ള ജീവിതത്തിനാണ് എന്നെ ഈ ലോകത്തേക്കു പറഞ്ഞയച്ചതെന്നാണ് ഞാൻ വിശ്വസിക്കുന്നത്." (MOCയുടെ പുതിയ പതിപ്പ്, പേജ് 84).

ഇങ്ങനെയുള്ള ഒരു തിരിച്ചറിവാണ് എല്ലാ പുരോഹിതന്മാർക്കും ഉണ്ടാവേണ്ടത്. ചിലയാളുകൾ ദൈവവിളി സ്വീകരിക്കുവാൻ തന്നെ തയ്യാറാവുന്നില്ല, പുറപ്പാട് പുസ്തകം മൂന്നും നാലും അദ്ധ്യായങ്ങളിൽ നാം വായിക്കുന്നുണ്ട്. ഫറവോന്റെ കൊട്ടാരത്തിൽ ശിശുവായി എത്തിച്ചേർന്ന മോശ ഒരു രാജകുമാരനായി വളരുകയായിരുന്നു. സർവ്വവിധ രാജകീയ പ്രൗഢിയോടുകൂടി ജീവിച്ച മോശ മുതിർന്ന ശേഷമാണ് മനസ്സിലാക്കുന്നത് താനൊരു മിസ്രയിമ്യനല്ല, മറിച്ച് ഇസ്രയേല്യൻ ആണെന്നുള്ളത്. മാത്രവുമല്ല, താൻ അപ്പനെപ്പോലെ ബഹുമാനിക്കുന്ന ഫറവോൻ തന്റെ ജനത്തെ പീഡിപ്പിക്കുന്നവനും ദൈവമക്കളെ അടിമകളെപ്പോലെ കരുതുന്നവനും ആണെന്നു തിരിച്ചറിഞ്ഞ മോശ കൊട്ടാരത്തിൽനിന്നും ഓടിയകലുന്ന വഴിയിലാണല്ലോ ദൈവം മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെടുന്നത്. ഇസ്രയേൽ ജനത്തിന്റെ വിമോചകനായി തിരഞ്ഞെടുക്കപ്പെട്ട മോശ അഞ്ചു തവണയെങ്കിലും തടസ്സവാദം ഉന്നയിക്കുന്നുണ്ട്. ഇത്തരത്തിൽ ദൈവവിളിക്കു പുറംതിരിഞ്ഞു നിൽക്കുന്നവരെപ്പോലും ദൈവം മനസ്സുമാറ്റി വലിയ ശുശ്രൂഷകരായി മാറ്റിയിട്ടുണ്ട്. ചില പുരോഹിതർ ചെറുപ്പത്തിൽ ദൈവവിളി തിരിച്ചറിഞ്ഞ് പൗരോഹിത്യ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നെ ഒരുക്കാറുണ്ട്. മാതാപിതാക്കളും സൺഡേസ്കൂൾ അദ്ധ്യാപകരും ചില പട്ടക്കാരും

ഇക്കൂട്ടർക്ക് ദൈവവിളി ബോദ്ധ്യപ്പെടുത്തുന്ന ഇടനിലക്കാരായിത്തീരാറുണ്ട്. എന്നാൽ ഇങ്ങനെ ചെറുപ്പം മുതൽ പൗരോഹിത്യ ശുശ്രൂഷയാഗ്രഹിക്കുകയും പട്ടമേൽക്കുകയും ചെയ്ത ചിലർ കാലത്തിന്റെ കുത്തൊഴുക്കിനിടയിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മറന്നുപോകാറുണ്ട്. ചുരുക്കം ചിലരെങ്കിലും പരാജയപ്പെട്ടിട്ടുമുണ്ട്. യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗലിനെ പിന്നീട് ദൈവാത്മാവ് ഉപേക്ഷിച്ച കാര്യം നാം വേദപുസ്തകത്തിൽ വായിക്കാറുണ്ടല്ലോ (1 ശമുവേൽ 16:1). ആയതിനാൽ ഏതു പുരോഹിതനും – കശീശയാകട്ടെ, മെത്രാപ്പോലീത്തായാകട്ടെ – തന്റെ ദൈവവിളിയെപ്പറ്റി കൂടെക്കൂടെ ചിന്തിക്കുകയും ഉത്തരവാദിത്വത്തോടെ ദൈവസന്നിധിയിൽ വിശ്വസ്തരായിരിക്കുകയും ചെയ്യണം.

ലൗകികമായ ആഡംബരങ്ങളും, ആധുനിക ജീവിതശൈലിയുമാണ് പലരെയും വഴിതെറ്റിക്കുന്നത്. ചിലരൊക്കെ പൗരോഹിത്യ ശുശ്രൂഷ ഒരു സൈഡ് ബിസിനസ് ആയി കരുതുകയും ധനാഗമമാർഗ്ഗങ്ങൾ തേടിയലയുകയും ചെയ്യുന്നു. ഇവർക്കൊരിക്കലും തങ്ങളെ ഏൽപ്പിച്ച ഇടവകയെ ശുശ്രൂഷിക്കുവാനോ, ദൈവജനത്തിന്റെ നെടുവീർപ്പുകളെ തിരിച്ചറിയുവാനോ സാധിക്കാതെ ഞായറാഴ്ച മാത്രമുള്ള ശുശ്രൂഷകൾക്കും അത്യാവശ്യ കൂദാശകൾക്കും മാത്രം തയ്യാറാവുന്നു. ബാക്കി സമയം മുഴുവൻ തങ്ങളുടെ വിളിയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളിൽ വ്യാപരിച്ച് ജീവിതം തന്നെ പാഴാക്കിക്കളയുന്നു. ഇവരിൽ ചിലരൊക്കെ, ഒരു പക്ഷേ, ധനികരായിത്തീരുമായിരിക്കും. എന്നാൽ ഒരു വൈദികൻ എന്ന നിലയിൽ ഇവർ വിജയിക്കുന്നില്ലായെങ്കിൽ തങ്ങളുടെ ദൈവവിളി ഇവർ നഷ്ടപ്പെടുത്തിയെന്നു തന്നെ പറയണം.

(ii) ദൈവവുമായുള്ള നിരന്തര സമ്പർക്കം

പ. പരുമല തിരുമേനിയുടെ പൗരോഹിത്യ ശുശ്രൂഷയുടെ വിജയത്തിനു രണ്ടാമത്തെ കാരണം അദ്ദേഹത്തിന്റെ ആധ്യാത്മികതയാണ്. ഇതിൽ പരസ്യ പ്രാർത്ഥനയും, രഹസ്യ പ്രാർത്ഥനകളും, നോമ്പും, ഉപവാസവും, ചിട്ടയായ ജീവിതക്രമവുമെല്ലാം ഉൾക്കൊണ്ടിരിക്കുന്നു. ഇന്നു മിക്ക പട്ടക്കാരും പരസ്യമായ ആരാധനയിൽ വൻവിജയമായിത്തീർന്നിരിക്കുന്നു. സ്വരമാധുര്യം കൊണ്ടും ആകർഷണീയമായ പ്രസംഗചാതുര്യംകൊണ്ടും ആചാരാനുഷ്ഠാനങ്ങളിലുള്ള ശ്രദ്ധകൊണ്ടും നമ്മുടെ കുർബാനകളും, കൂദാശകളും ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു. ഇവയൊക്കെ ഉൾപ്പെടുത്തിയ കസെറ്റുകളും, സിഡികളും കച്ചവടച്ചരക്കുകളായി മാറിയിരിക്കുന്നു. മാധ്യമങ്ങളിലൂടെ ഇവയ്ക്കൊക്കെ വലിയ പ്രചാരവും ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വ്യക്തിപരമായ ആധ്യാത്മികതയിൽ എത്ര പേർ വിജയിക്കുന്നുണ്ട്? വി.വേദപുസ്തക വായനയിലൂടെയും മൗനത്തിലൂടെയും ധ്യാനത്തിലൂടെയും എത്ര പേർ ദൈവസംസർഗ്ഗം നിലനിർത്തുന്നു? ധ്യാനം എന്ന വാക്കിനു തന്നെ ഇന്ന് അർത്ഥവ്യത്യാസം വന്നിരിക്കുന്നു. നോമ്പിനെപ്പറ്റിയും ഉപവാസത്തെപ്പറ്റിയും ധാരാളം പുസ്തകങ്ങളും ലേഖനങ്ങളും ലഭ്യമായ ഇക്കാലത്ത് ജീവിക്കുന്ന ഉദാഹരണങ്ങൾ എത്രയുണ്ട്? ഇതൊന്നും ആരെയും കുറ്റപ്പെടുത്തുവാൻ പറയുന്നതല്ല, മറിച്ച്, ഞാനുൾപ്പെട്ട സമൂഹത്തെപ്പറ്റി ഒരു ആത്മവിമർശനം നടത്തുന്നുവെന്നു മാത്രം. ഞായറാഴ്ചയാചരണം തന്നെ ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ശനി വൈകിട്ടു മുതൽ ഞായർ ഉച്ചവരെയുള്ള ചില ചിട്ടകൾ ഇന്നലെയുടെ ഭാഗമായി മാറി. ഇന്ന് നമ്മുടെ സമയമെല്ലാം മറ്റു ചില കാര്യങ്ങൾക്കായി മാറ്റിവച്ചിരിക്കയാണല്ലോ.

(iii) ദൈവവിജ്ഞാനത്തിനായുള്ള അഭിവാഞ്ഛ

ഒരു പുരോഹിതൻ എന്ന നിലയിൽ ദൈവത്തെപ്പറ്റിയും, വേദപുസ്തകത്തെപ്പറ്റിയും, സഭയെപ്പറ്റിയുമൊക്കെ അറിവു നേടുന്നതിൽ ഒരു പുരോഹിതൻ മുൻപന്തിയിൽ തന്നെ നിൽക്കണം. പ. പരുമല തിരുമേനി ഇക്കാര്യത്തിലും ഒരു വിജയംതന്നെയായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ സുറിയാനി ഭാഷ വശമാക്കിയ ഗീവറുഗീസ് ശെമ്മാശൻ സഹപാഠികളെ അതിശയിപ്പിച്ചിരുന്നു. പിന്നീട് അദ്ദേഹം ഒരു വലിയ മൽപ്പാനായിത്തീരുകയും മുളന്തുരുത്തി സുന്നഹദോസിൽ നല്ല ഒരു പരിഭാഷകന്റെ ദൗത്യം നിറവേറ്റുകയും ചെയ്തു. പിതാക്കന്മാരുടെ കൃതികളൊക്കെ സുറിയാനി ഭാഷയിൽ പഠിച്ച് വിശ്വാസപരമായ കൃതികളെപ്പറ്റി അവഗാഹം നേടുന്നതിൽ തിരുമേനി നല്ല ഉൽസാഹം കാട്ടിയിരുന്നു.

ഇന്ന്, സെമിനാരിയിൽ ചേരുന്ന വിദ്യാർത്ഥികളിലധികവും ഭാഷകൾ പഠിക്കുവാൻ വേണ്ടത്ര ബുദ്ധിമുട്ടാറില്ല. സഭയുടെ നിർബന്ധമില്ലായെങ്കിൽ സെമിനാരി എന്ന 'കടമ്പ' കടക്കാതെ തന്നെ പട്ടമേൽക്കുവാൻ 'കുറുക്കുവഴികൾ' തേടുന്നവരുടെ എണ്ണവും കുറവല്ല. ഇവരൊക്കെ ചില കാര്യങ്ങളിൽ സമർത്ഥരായിരിക്കും എന്നതിന് സംശയമില്ല. എന്നാൽ നിരന്തരമായ പഠനത്തിലൂടെ ജ്ഞാനം സമ്പാദിക്കുന്നതിൽ പലർക്കും വലിയ മടിയാണുള്ളത്. അതു കൂടാതെ തന്നെ ശമ്പളം കിട്ടുമെന്നുള്ളതുകൊണ്ടും അണിഞ്ഞിരിക്കുന്ന കുപ്പായത്തിന്റെ വിലകൊണ്ട് എന്തു വിഡ്ഢിത്തം പറഞ്ഞാലും ജനങ്ങൾ സഹിക്കുമെന്നുള്ളതുകൊണ്ടും പലരും വിജയിക്കുകയാണ്. എന്നാൽ, ഒരു പുരോഹിതൻ ജീവിതം മുഴുവനും ജ്ഞാനസമ്പാദനത്തിനു വേണ്ടി ദാഹിക്കുന്നവനായിത്തീരണം. പിതാക്കന്മാരുടെ കൃതികൾ വായിക്കാത്ത ഒരു ഓർത്തഡോക്സ് പട്ടക്കാരൻ എങ്ങനെ 'ഓർത്തഡോക്സു'കാരനാകും? പുതുമകൾക്കു വിലക്കു കൽപ്പിക്കുകയും, സംസാരത്തിനിടയ്ക്ക് കൂടെക്കൂടെ 'പാരമ്പര്യം' എന്ന വാക്കുച്ചരിക്കുകയും ചെയ്ത് തനി ഓർത്തഡോക്സുകാരെന്നു ചമയുന്നവർ ധാരാളമാണ്. എന്നാൽ ഇവരിൽ ഏറിയ പങ്കും ഓർത്തഡോക്സിയുടെ ആദിപാഠങ്ങൾ തിരിച്ചറിയാത്തവരാണ് എന്നതാണ് വസ്തുത. അതുകൊണ്ടാണ് ഒരു പട്ടക്കാരൻ വേദപുസ്തകത്തോടും, പ്രാർത്ഥനാ പുസ്തകങ്ങളോടുമൊപ്പം പാരമ്പര്യ സാഹിത്യങ്ങളെയും പഠിക്കുന്നവനായിരിക്കണമെന്നും പറയുന്നത്.

അതുപോലെതന്നെ, തങ്ങൾ ജീവിക്കുന്ന കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിയുവാൻ പത്രമാധ്യമങ്ങളും ആനുകാലികങ്ങളും വായിക്കേണ്ടതുമാവശ്യമാണ്. സമൂഹത്തിന്റെ വെല്ലുവിളികൾ തിരിച്ചറിയുവാൻ സാധിക്കാത്ത പട്ടക്കാരന് ഒരിക്കലും അർത്ഥവത്തായ ശുശ്രൂഷയനുഷ്ഠിക്കുവാൻ കഴിയുകയില്ല. സാഹിത്യത്തിലെ അമൂല്യ നിധികളെ സ്പർശിക്കാത്തവരും സാധാരണ മനുഷ്യന്റെ വിചാരലോകത്ത് എത്തിച്ചേരുന്നില്ല.

(iv) ദൈവജനവുമായുള്ള സമ്പർക്കം

ചിലയാളുകൾക്കൊരു തെറ്റിദ്ധാരണയുണ്ട്: ആത്മീകമായി ഉന്നത നിലയിലെത്തിയവർ ജനങ്ങളുമായി അടുത്തിടപഴകരുത്. ഇത് ഒരു വലിയ

അബദ്ധമാണ്. പരിശുദ്ധന്മാരുടെയൊക്കെ ജീവിതം നമ്മെ അദ്ഭുതപ്പെടുത്തുന്നത് ഈ മേഖലയിലാണ്. പള്ളിക്കുള്ളിൽ മാത്രം വസിക്കുന്നവർ ഒരിക്കലും ആധ്യാത്മികതയുടെ ഔന്നത്യത്തിലെത്തിച്ചേരുകയില്ല. സാധാരണ ജനങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നതിൽ കൂടെയാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ രഹസ്യം നാം മനസ്സിലാക്കുന്നതു തന്നെ. പ. പരുമല തിരുമേനി വിശ്വാസികളോട് കാട്ടിയിട്ടുള്ള അടുപ്പം തിരുമേനിയുടെ കൽപനകൾ നിറഞ്ഞ എഴുത്തുകൾ എന്ന പുസ്തകം തന്നെ വെളിവാക്കുന്നു. (സോഫിയാ ബുക്സ്, 2010). ഇടവക സന്ദർശന വേളയിൽ ആ പള്ളിയിലെ ജനങ്ങളെ പരിചയപ്പെടുവാനും പണ്ടുപരിചയപ്പെട്ടവരുമായി കത്തുകളിലൂടെ ബന്ധപ്പെടുവാനും തിരുമേനി കാട്ടിയിട്ടുള്ള ശുഷ്കാന്തി എടുത്തുപറയേണ്ടതാണ്.

ഇന്ന് ചില വൈദികർ തങ്ങളുടെ പദവിയെപ്പറ്റിയുള്ള അമിതമായ ധാരണകൊണ്ടും, 'ആത്മീയ അഹന്ത'കൊണ്ടും ജനങ്ങളെ മനഃപൂർവം അകറ്റിനിർത്താറുണ്ട്. പൗരോഹിത്യ ശുശ്രൂഷയിലെ 'ഭരണം'എന്ന വിഷയത്തിൽ മാത്രം ശ്രദ്ധചെലുത്തി 'അജപാലനം' എന്ന വാക്കിനെത്തന്നെ കളങ്കപ്പെടുത്തുന്നവരുണ്ട്. ലൗകികമായ രീതിയിൽ ഭരിക്കുകയും, വിശ്വാസികളെ അടിച്ചമർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നവർ താൽക്കാലികമായി വിജയിച്ചാലും പിന്നീട് പരാജയമടയും. എന്നാൽ 'ആത്മീയതയുടെ വ്യാപ്തി' നേടിയവരും സ്നേഹത്തിന്റെ ഭാഷയിൽ ഇടപെടുന്നവരുമാണ് അന്തിമമായി വിജയിക്കുന്നത്. ആത്മീയോൽക്കർഷ നേടിയവരെ ഏവരും മാനിക്കും. **ജനങ്ങളുടെ പ്രാർത്ഥനയാണ് ഒരു പട്ടക്കാരന്റെ വലിയ ബലം.** ഓരോ കുർബാനയുടെയും ഒടുവിൽ "നിങ്ങൾ ബലഹീനനായ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നു പറഞ്ഞാണല്ലോ പട്ടക്കാരൻ യാത്ര ചോദിക്കുന്നത്. ദീർഘദർശിയായ മോശ സീനായി മലമുകളിൽ ദൈവവുമായി സംസർഗ്ഗം പുലർത്തിക്കൊണ്ടിരുന്നപ്പോൾ ജനമെല്ലാം പർവ്വതത്തിനു വെളിയിൽ നിന്ന് മോശയ്ക്കു വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. ഓരോ ഇടവകയിലുമുള്ള ജനങ്ങളുടെ താലന്തുകൂടി ഒരു പട്ടക്കാരന്റെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുവാൻ സാധിക്കും. പ്രസംഗിക്കുവാൻ കഴിവുള്ള അത്മായക്കാരെ ആധ്യാത്മിക സംഘടനകളുടെ ചുമതലയേൽപ്പിക്കുകയും പ്രസംഗിക്കുവാൻ കഴിവുള്ളവരെക്കൊണ്ട് പ്രസംഗിപ്പിക്കുകയും പ്രാർത്ഥനാ നൽവരം ലഭിച്ചവരെക്കൊണ്ടു പ്രാർത്ഥിപ്പിക്കുകയും ചെയ്യണം. നമ്മുടെ ആരാധനകളിലൊക്കെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ തക്ക നടപടികളെടുക്കുവാനും പട്ടക്കാർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

(V) ദൈവസൃഷ്ടികളോടുള്ള അനുകമ്പ

ഏതൊരു പട്ടക്കാരനും തിരിച്ചറിയേണ്ട ഒരു സംഗതിയാണ് തന്റെ ഇടവകയ്ക്ക് പുറത്തൊരു ലോകമുണ്ടെന്നുള്ളത്. അവർക്കു വേണ്ടിയും കൂടെയാണ് താൻ ശുശ്രൂഷയനുഷ്ഠിക്കുന്നത് എന്നതു മറന്നുപോകുവാനിടയാകരുത്. പ. പരുമല തിരുമേനി ഇക്കാര്യത്തിൽ ബദ്ധശ്രദ്ധാലുവായിരുന്നു. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെയും പ്രത്യേകാൽ ദളിതരുടെയും വിമോചനം തിരുമേനിയുടെ പ്രത്യേക പരിഗണനയ്ക്കു പാത്രമായിരുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസം വിപുലപ്പെടുത്തുന്നതിലൂടെയും ദളിതരുടെ ഉന്നമനത്തിനായി ശബ്ദമുയർത്തുന്നതിലൂടെയും തിരുമേനി ഇക്കാര്യം വ്യക്തമാക്കി.

ഇന്ന് ഓർത്തഡോക്സ് സഭയിലെ എത്ര പുരോഹിതർ സാമൂഹിക തിന്മകൾക്കെതിരെ ശബ്ദിക്കുന്നു എന്നു ചിന്തിക്കേണ്ടതുണ്ട്. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും ശബ്ദം യുവവൈദികരിലൂടെ തുടരേണ്ടതായിട്ടുണ്ട്. കൽക്കട്ടാ ഭദ്രാസനാധിപനായിരുന്ന സ്തേഫാനോസ് മാർ തേവോദോസ്യോസ് പറയുമായിരുന്നു; ഒരു പട്ടക്കാരൻ വെറുമൊരു പൂജാരിയായി മാത്രം ജീവിക്കരുത്. അദ്ദേഹം സുവിശേഷ വേലയിലൂടെ ജനങ്ങളുടെ ഹൃദയ സ്പന്ദനം തിരിച്ചറിഞ്ഞവനായിരുന്നു. പ. പരുമല തിരുമേനി ഒരു നൂറ്റാണ്ട് മുമ്പ് തന്നെ വ്യക്തമാക്കിയതാണ് പുരോഹിതരുടെ ശുശ്രൂഷയിലെ വൈവിധ്യം നിറഞ്ഞ വഴികൾ. 1892 കുംഭമാസം 29-ാം തീയതി നിരണത്തുനിന്നും ഭദ്രാസനത്തിലെ പള്ളികൾക്കയച്ച കൽപനയിൽ വൈദികസംഘത്തെപ്പറ്റി (ക്ലീറിക് – cleric) പറയുന്ന കൂട്ടത്തിൽ അദ്ദേഹമെഴുതി: "ചിലരെ സഞ്ചാര പ്രസംഗികളായിട്ടും ചിലരെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ തർജ്ജമ ചെയ്തും മറ്റും ഉണ്ടാക്കുന്നവരായിട്ടും ചിലരെ എല്ലാ പള്ളികളിലും ഇപ്പോഴുള്ളതും ഉണ്ടാകേണ്ടതുമായ പള്ളിക്കൂടങ്ങൾ, നമസ്കാരം, വേദപാഠം, വിശ്വാസരീതിക്കടുത്ത പഠിത്തം മുതലായതു നടത്തിച്ച് അവകൾ പരിശോധിക്കുന്നതിനായിട്ടും ചിലരെ പുറജാതികളോടുള്ള ഉപദേശവേല നടത്തുന്നതിനായിട്ടും ചിലരെ 'റീശ് കൊഹന്നൂസാ' (മേൽപ്പട്ടക്കാരൻ)യുടെ ആലോചനയ്ക്കും അതാതു പള്ളികളിലെ കണക്കു കേൾവി, തർക്കവാദങ്ങൾ ഉണ്ടായിരുന്നാൽ കേട്ടുതീർക്കുക മുതലായവകൾക്കായിട്ടും, ചിലരെ സിമ്മനാരിയുടെ പ്രധാനകെട്ടിടവും പള്ളിയും അടിസ്ഥാനപ്പെടുത്തീട്ടുള്ളതല്ലാതെ തീർന്നിട്ടില്ലാത്തതിനാൽ അതിന്റെ പണി നടത്തിപ്പിനായിട്ടും ചിലരെ ടി വേലകൾക്ക് ദൈവത്തിന്റെ മക്കളായ ജനത്തിൽ നിന്ന് ധർമ്മശേഖരപിരിവുകൾ എടുത്ത് നടത്തുന്നതല്ലാതെ വേറൊരു വഴിയുമില്ലാത്തതിനാൽ അവകൾക്കായിട്ടും മറ്റും നിശ്ചയിക്കണം" (എഴുത്തുകൾ, പേജ് 71).

ചുരുക്കത്തിൽ, പൗരോഹിത്യ ശുശ്രൂഷ വൈവിധ്യമാർന്ന ഒന്നാണ് എന്നുള്ളത് വ്യക്തം. ഒരു നൂറ്റാണ്ടു പിന്നിട്ടിട്ടും പ. പരുമല തിരുമേനിയുടെ ദർശനങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. ആയതിനാൽ അവ പിന്തുടരുവാനും തിരുമേനിയുടെ ശുശ്രൂഷയിലെ അടിസ്ഥാനതത്വങ്ങൾ മാർഗ്ഗദർശകമായി സ്വീകരിക്കുവാനും കഴിഞ്ഞാൽ ഇന്നത്തെ വൈദികരും വിജയിക്കും എന്നതിനു സംശയമില്ല.

2010 ഡിസംബർ 10 ന് പ. പരുമല തിരുമേനിയുടെ 134-ാം സ്ഥാനാഭിഷേക വാർഷിക ദിവസം പരുമല പള്ളിയിൽ നടന്ന സെമിനാറിലെ പ്രഭാഷണം.

ഫാ. ഡോ. റജി മാത്യു പഴയ സെമിനാരി സ്കൂൾ ഓഫ് സ്റ്റഡീസിന്റെ ഡീനും നാഗ്പൂർ ഓർത്തഡോക്സ് സെമിനാരി മുൻ പ്രിൻസിപ്പലും ആണ്.




വൈദികർ നേരിടുന്ന വെല്ലുവിളികൾ

▪ ഫാ. പി. ഫിലിപ്പോസ്

ആധുനിക കാലത്ത് വിശ്വാസികളുടെ ഇടയിൽ കണ്ടുവരുന്ന ഒരു പ്രവണത വിശ്വാസവിഷയങ്ങളെ സംബന്ധിച്ച് വെറും ഉപരിപ്ലവമായ ചില അറിവ് ഉൾക്കൊണ്ട് സംതൃപ്തരാകുകയേ വേണ്ടൂ എന്നാണ്. സഭയുടെ കാതലായ വിശ്വാസ-ആചാരാനുഷ്ഠാനങ്ങളെ ബുദ്ധിപരമായും, വേദപുസ്തക പരിജ്ഞാനത്തിലും മനസ്സിലാക്കാൻ ഒരു ശ്രമവും നടത്തുന്നില്ല. അറിവു പകരാൻ അനവധി പുസ്തകങ്ങളും ലേഖനപരമ്പരകളും, പഠനമാദ്ധ്യമങ്ങളും സഭ വകയായി ഉണ്ടെങ്കിലും വിശ്വാസ ജീവിതത്തെ കരുപ്പിടിപ്പിക്കുവാനുള്ള തീക്ഷ്ണത നഷ്ടപ്പെട്ടിരിക്കുന്നു എന്നത് പൊതുവേ വൈദികർ നേരിടുന്ന ഒരു പ്രശ്നമാണ്. ഒരു അപരിചിതനെപ്പോലെ നിസംഗ മനോഭാവത്തിലും മട്ടിലും നിലയിലും പ്രാർത്ഥനകളുടെ ഒരു വരിപോലും ഉരുവിടാതെയും വി. ഗ്രന്ഥത്തിൽ എത്ര പുസ്തകമുണ്ടെന്നോ, എത്ര സുവിശേഷങ്ങൾ ഉണ്ടെന്നോ അറിവില്ലാതെ ജീവിക്കുന്ന അനവധി വ്യക്തികളെ കണ്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ 6 മാസങ്ങൾക്കുള്ളിൽ വിവാഹാവശ്യത്തിന് വന്ന ആറേഴു യുവാക്കന്മാർക്ക് വി. വേദപുസ്തകത്തെപ്പറ്റി ലളിതമായി ചോദിച്ച ഒരു ചോദ്യത്തിനും മറുപടി പറയാൻ ഇല്ലായിരുന്നു. ഇതു വളരെ ഹൃദയവേദന സൃഷ്ടിച്ചു, നമ്മുടെ തലമുറ എങ്ങോട്ട്? എന്ന ചിന്തയിൽ. ഇവർ സൃഷ്ടിക്കുന്ന കുടുംബത്തിന്റെ ആത്മീക അടിത്തറ എന്തായിരിക്കും?

സഭയിലെ കക്ഷിവഴക്കും പിളർപ്പും വരുത്തിക്കൂട്ടിയിരിക്കുന്ന വിശ്വാസത്തകർച്ചയും നഷ്ടവും അധഃപതനവും ഊഹിക്കുവാൻ സാധിക്കാത്തവയാണ്. വൈദിക സ്ഥാനികളാണ് അതിന്റെ തീവ്രമായ ദുഷ്ഫലങ്ങളും അവഗണനകളും ആക്ഷേപങ്ങളും ഹാസ്യദ്യോതകമായ പരുഷവാക്കുകളും കേൾക്കുന്നത്. പൊതുജനമദ്ധ്യത്തിൽ നിന്ദിതനാക്കപ്പെട്ട ചില അനുഭവങ്ങൾ സ്ഥിരം ട്രെയിൻ യാത്രക്കാരനായതുകൊണ്ട് എനിക്കുണ്ടായിട്ടുണ്ട്. തിരുവനന്തപുരത്ത് രണ്ടു വർഷംമുമ്പ് വൈദികരുടെ മേൽ നടത്തപ്പെട്ട ലാത്തിച്ചാർജ്ജിന്റെ പിറ്റേന്ന് ഒഴിവാക്കാൻ പറ്റാതെയിരുന്ന എന്റെ ട്രെയിൻ യാത്രയിൽ അന്നത്തെ പത്രവാർത്ത മൂലം പ്രത്യക്ഷമായും പരോക്ഷമായും എന്റെ നേർക്കുണ്ടായ പ്രതികരണങ്ങൾ എനിക്കു മറക്കാവുന്നവയല്ല. പൗരോഹിത്യത്തിനുള്ള വിലയും നിലയും ആദരവും സഭാ പിളർപ്പിനു ശേഷം വിജാതീയരുടെയിടയിൽ ഉന്മൂലനം ചെയ്യപ്പെട്ടു എന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കെ അപരിഹാര്യമായ ഒരു അവസ്ഥ മാത്രമല്ല ഒരു വലിയ വെല്ലുവിളി തന്നെ അത് എന്നു ഞാൻ കരുതുന്നു.

സമ്പത്തിന്റെ കുതിച്ചുകയറ്റവും വ്യക്തികളുടെ സാമ്പത്തിക വർദ്ധനയും, സാമ്പത്തിക വളർച്ചയും മുൻകാലങ്ങളെക്കാൾ ഇടവകതലങ്ങളിൽ സ്പഷ്ടമായി ദർശിക്കുന്ന ഒരു കാലയളവാണ് ഇന്ന്. സഭ




യിലെ ഓരോ ഇടവകയും ഇന്ന് self sufficient ആയി എന്നു മാത്രമല്ല, കോടികളുടെ ആസ്തി പള്ളിക്കെട്ടിടങ്ങളിലൂടെയും സ്ഥാവര സ്വത്തുക്കളിൽ കൂടിയും ആർജ്ജിച്ചിട്ടുണ്ട്. ഇടവകയുടെ ഏതാവശ്യങ്ങൾക്കും നിർലോഭമായി ലക്ഷങ്ങൾ ലഭിക്കുന്ന നിലയിലാണ് ഇന്ന്. വികാരിമാർക്കും ഇടവക കൈസ്ഥാനികൾക്കും ഭരണരംഗത്തെ പ്രമുഖർക്കും തികഞ്ഞ സംതൃപ്തിയും 'ഐശ്വര്യബോധവും' നൽകുന്ന ഈ പ്രതിഭാസം ആത്മീക വളർച്ചയിൽ എത്രകണ്ട് പുരോഗമിക്കുന്നു എന്ന് ആലോചിക്കാൻ മനസ്സില്ലാത്ത അവസ്ഥയിലാക്കിയിട്ടുണ്ട്. സമ്പത്ത് കുമിഞ്ഞുകൂടിയപ്പോൾ ആത്മീകശക്തി ചോർന്നുപോയിട്ട് ''നീ മരിച്ചവനാകുന്നു'' എന്ന് കർത്തൃനാവിൽ നിന്നു കേട്ട സഭ മാത്രമല്ല (വെളിപാട് 3:1) സാമ്പത്തിക കൊടുമുടികളിൽ നിന്ന് നിലംപരിചായ പ്രബല സഭകൾ അന്യംനിന്നുപോയ നൂറുകണക്കിനു വിവരങ്ങൾ സഭാചരിത്രത്തിലുണ്ട്. നമുക്ക് ഇന്ന് ഒരു സ്വയ സംതൃപ്തി ഉണ്ട്, ഇടവക സാമ്പത്തിക ശക്തി ആർജ്ജിച്ചിട്ടുണ്ട് എന്നു കണക്കു കൂട്ടുമ്പോൾ. എന്നാൽ ദൈവികസമ്പത്തിനെ ത്യജിച്ചുകളയുന്ന, മൂല്യങ്ങൾ നാനാവിധമാക്കപ്പെടുന്ന, സ്നേഹവും കരുണയും ദയവും ശൂന്യവൽക്കരിക്കപ്പെടുന്ന കുടുംബബന്ധങ്ങൾ ശിഥിലമായി പോകയും തദ്വാരാ തലമുറകളുടെ കണ്ണികൾ അറ്റുപോകയും ചെയ്യുന്ന ഭീതിജനകമായ അവസ്ഥ പുരോഹിതമനസ്സുകളിൽ വേവലാതി സൃഷ്ടിക്കുന്നതാണ്.

അടുത്തതായി, Cardinal Manning പറയുന്ന ഒരു വാചകം എന്നെ ചിന്തിപ്പിക്കുക മാത്രമല്ല. സ്വയ പരിശോധനയ്ക്കും വിഷയീഭവിപ്പിച്ചിട്ടുണ്ട്. "The end of man is the glory of God. The end of a Christian is the greater glory of God. The end of a priest is the greatest glory of God." എന്ന് അദ്ദേഹം എഴുതുമ്പോൾ ദീർഘമായ 40 വർഷത്തെ പൗരോഹിത്യ ശുശ്രൂഷ നടത്തിയ ഞാൻ എന്റെ ആത്മീകഗ്രാഫ് വളർച്ചയുടെയും ഉയർച്ചയുടെയും ട്രാക്കിൽ ആകുന്നുവോ എന്നു ചിന്തിക്കാൻ പ്രേരിതനാണ്. Hilaire Belloc എന്ന ഒരു ചിന്തകൻ എഴുതിയിരിക്കുന്നു: "I always like to associate with a lot of priests, because it makes me understand anti-clerical things as well." ഇതു വളരെ സത്യമായ ഒരു പ്രതികരണമാണ്. വൈദികനോട് അടുക്കുന്നവൻ ദൈവത്തോട് സമീപസ്ഥനോ എന്ന് ഞാൻ ചിന്തിച്ചുപോകുന്നു. Cardinal Manning വീണ്ടും പറയുന്ന ഒരു പ്രസ്താവന ഇപ്രകാരമാണ്, "A priest ought to be no place where his Master would not go; nor employ in anything which his Master would not do." ആത്മാവിൽ ഉദിക്കുന്ന ഒരു വെല്ലുവിളിയാണ് ഇത്.

പൗരോഹിത്യ ശുശ്രൂഷാ രംഗത്തും വെല്ലുവിളികളും തടസ്സങ്ങളും അനവധിയുണ്ട് എന്ന് വിശ്വാസികളുടെ സമൂഹം ബോദ്ധ്യപ്പെടുന്നത് അഭികാമ്യം തന്നെ. ദൈവരാജ്യ നിലനിൽപ്പിനും, സൽപ്രേരക ശക്തിയുടെ ഉത്തേജനത്തിനും, ദൈവിക മർമ്മങ്ങളുടെ പരിചാരകൻമാർ ശക്തരാകുവാനും തക്കവണ്ണം പ്രാർത്ഥിക്കുവാൻ ഈ പങ്കിടൽ സഹായിക്കട്ടെ.

ഇടവക ശുശ്രൂഷയിലെ നേർകാഴ്ചകൾ




■ ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

സഭയുടെ അടിസ്ഥാനഘടകമായി നാം കാണുന്നത് അതിലെ ഇടവകകളെയാണല്ലോ. ഇടവകയും ഇടവക ശുശ്രൂഷയും എത്രയും ഉദാത്തമാകുന്നുവോ അത്രയും പ്രബലത സഭയിൽ നിലനിൽക്കും. ഇടവക തലത്തിലെ ജയപരാജയങ്ങൾ, സഭയുടെ ശ്രേയസ്സിന്റെ അളവുകോലാണെന്ന് ഒരുവിധത്തിൽ പറയാം. ആധുനികതയുടെ ഓളപ്പരപ്പിൽ, കുത്തൊഴുക്കിൽപെട്ട് ഉലഞ്ഞലഞ്ഞൊഴുകുന്ന മനുഷ്യജീവിതം, സ്ഥിരതയുള്ള ദിശാബോധത്തോടെ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ, കാറ്റിലും കോളിലും അകപ്പെട്ട് മരണഭയത്തിലായ ശിഷ്യന്മാർ പാടിയ ഉണർത്തുപാട്ട് - നിലവിളി - പ്രാർത്ഥന, യേശുവിനെഉണർത്തിയതുപോലെ ഇടവക ശുശ്രൂഷ ഇടവകയെ ഉണർത്തേണ്ടിയിരിക്കുന്നു. എന്നാൽ വിശ്വാസികളിൽ ആത്മഫലമുളവാക്കുവാൻ ഉതകേണ്ടുന്ന, ആത്മജല പ്രവാഹത്തിനെതിരൊഴുക്കായി നിൽക്കുന്ന വസ്തുതകൾ എണ്ണമറ്റവയാകുന്നു. ഇവയിൽ ആനുകാലിക പ്രസക്തമെന്നു തോന്നിയ ചില സംഗതികളുടെ ലഘു വിവരണമാണ് ഈ ലേഖനലക്ഷ്യം.

I വഴിതെറ്റിയ ദിശാബോധം:- ക്രിസ്തുനാഥൻ സഭയെ, നമ്മെ ഭരമേൽപ്പിച്ച ശുശ്രൂഷയെന്തെന്ന് നമുക്കെല്ലാം ബോധ്യമുള്ള കാര്യമാണ്. എന്നാൽ സഭയുടെ ഇന്നത്തെ ലക്ഷ്യം തെറ്റിയ യാത്രയിൽ, കർത്താവേൽപ്പിച്ച മിഷൻ കൈമോശം വന്നിരിക്കുന്നുവെന്ന സത്യം ഈ നേർക്കാഴ്ചയിലെ ഒന്നാം ഭാഗം. മുപ്പതു വീട്ടുകാർ ചേർന്ന് മൂന്നു കോടിയുടെ പള്ളി പണിയുമ്പോൾ, ആ ഇടവകയിലെ മൂന്നു വീട്ടുകാർ കിടപ്പാടം ഇല്ലാതെ മാനം നോക്കി ഉറങ്ങുന്ന ദുരവസ്ഥ എന്റെ സഭയുടെ മുഖഛായയായി മാറിയിരിക്കുന്നു. വിശ്വാസമാകുന്ന പാറമേൽ, സകല ജാതികളെയും ശിഷ്യരാക്കിക്കൊണ്ട്, സഭ പണിയുവാൻ കൽപ്പിച്ച നാഥന്റെ കൽപന കാറ്റിൽപറത്തിക്കൊണ്ട്, സഭയുടെ ശക്തി, ശ്രേയസ്സ് ഇവയെല്ലാം പണത്തിലും സ്ഥാപനങ്ങളിലുമാണെന്ന പുതിയ ബോധം ബോദ്ധ്യമല്ലതന്നെ. അനുദിനം ശോഷിച്ചുകൊണ്ടിരിക്കുന്ന ആത്മീക ഗൃഹനിർമ്മാണമാണ് സഭയുടെ വെല്ലുവിളികളിൽ മുന്നിലുള്ള ചിത്രം.

പുരുഷൻമാരുടെ ശവസംസ്കാരം
- മൂന്നാം ശുശ്രൂഷയിൽ -
വേർപാടിൻ വേളയിലാത്മം -
മെയ്യോടുരചെ-യ്യു
ന്നതെന്തുപകാരമെനിക്കേകും -
ധനസമ്പാദ്യ - ങ്ങൾ
വിധിനിലയത്തിൽ ചോദിക്കും
സുകൃതം
ചെയ്തെന്നാകിൽ ഫലമുളവാ
യേനെ



എന്ന ധ്യാനഗീതം സഭയുടെ ആത്മഗീതമാകുന്നതു കാത്തിരിക്കാം.

II അനുതാപമില്ലാത്ത ജീവിതം:- യോഹന്നാൻ സ്നാപകനും, ശേഷം നമ്മുടെ കർത്താവും പ്രസംഗവിഷയമാക്കിയത് മാനസാന്തരവും സ്വർഗ്ഗരാജ്യവും എന്നതായിരുന്നു. നമ്മുടെ സഭാ ജീവിതത്തിൽ നിന്ന് വേർപെട്ടുപോയ ഒന്നാണ് അനുതാപവും മാനസാന്തരവും. കഴിഞ്ഞ മുപ്പത്തിയാറു വർഷമായി ജനത്തിന്റെ കുമ്പസാരം കേൾക്കുന്ന എനിക്ക്, സത്യഅനുതാപത്തോടെ കുമ്പസാരിച്ചുവെന്നു സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുന്നത് നാലോ അഞ്ചോ സന്ദർഭങ്ങൾ മാത്രമാകുന്നു. ബാക്കിയെല്ലാം കേവല ചടങ്ങുകൾ മാത്രമായിരുന്നു. പത്തു പാപവും ചുമന്നുകൊണ്ടുവന്ന് അതിൽ ചിലത് മറച്ചുവച്ചുകൊണ്ട് കുമ്പസാരമെന്ന കടമ്പ കടക്കുന്നവൻ (പൊതുയോഗത്തിലിരിക്കാൻ) കുമ്പസാരത്തിൽ പാപം മറച്ചുവച്ചുയെന്ന അനന്യാസിന്റെ പാപവും തലയിലേറ്റി പത്ത് കൊണ്ടുവന്നവൻ പതിനൊന്ന് പാപവും ചുമന്നുകൊണ്ട് മടങ്ങിപ്പോകുന്ന അനുതാപരീതി സഭയിൽ നില നിൽക്കുന്നു. ആത്മീയ പാതയിൽ പാഥാരമായി നിൽക്കുന്ന ഈ അവസ്ഥയ്ക്കു മാറ്റം അവശ്യമായിരിക്കുന്നു.

III സുഷുപ്തമായ ആരാധന:-

ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുവാൻ നിയോഗിക്കപ്പെട്ട സഭയുടെ മക്കൾ ആരാധനാജീവിതത്തിൽ സുഷുപ്താവസ്ഥയിൽ കഴിയുന്നു. നിഷ്ഠയില്ലാത്ത ആരാധന-കുടുംബ, സഭാ ജീവിതം, പട്ടക്കാരും ശുശ്രൂഷക്കാരും ചിലപ്പോൾ ഗായകസംഘം മാത്രമായും നടത്തുന്ന ആരാധന യഥാർത്ഥതയിൽ നിന്ന് എത്രയോ കാതം വിദൂരമാണെന്ന് ഓർത്തുനോക്കുക. ആരാധനാ ജീവിതം സമ്പുഷ്ടമാക്കുകയെന്നത് മരണസമയത്ത് വായുഗുളികപോലെ ഒഴിച്ചുകൂടാൻ പറ്റാത്തതാകുന്നു.

IV ഇടവക ഭരണ പങ്കാളിത്തം:-

സഭയ്ക്ക് ഒരു ഭരണഘടനയും അതനുസരിച്ചുള്ള ഭരണസംവിധാനങ്ങളും, ഭരണഘടനാപരമായ പ്രശ്നങ്ങളും ഉണ്ട്. ഇന്ത്യൻ ഭരണഘടനയ്ക്ക് മുമ്പ് ജാതംചെയ്ത സഭയുടെ ഭരണഘടനയക്ക് ഒരു പുനർജ്ജനനം വേണമെന്നത് ഇന്ന് തർക്കവിഷയമല്ലാതായി തീർന്നിരിക്കുന്നു. ഞാൻ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. എന്നാൽ ഇടവക യോഗത്തിൽ സംബന്ധിക്കുവാൻ പേരിനു കുമ്പസാരം നടത്തി, കുർബ്ബാനയും സ്വീകരിച്ച്, പൊതുയോഗ ദിവസം മദ്യപാനത്തിൽ മനം തെറ്റി പൊതുയോഗത്തിൽ സംബന്ധിക്കുന്ന രീതി സഭയുടെ കറുത്തമുഖത്തെ പ്രതിബിംബിക്കുകയാണ്. ഇതിനോടൊപ്പം തന്നെ ആത്മീയ ജീവിതതൽപരരിൽ അധികം പേരും ഇടവക യോഗത്തിൽ നിന്ന് മാറിനിൽക്കുന്ന കാഴ്ചയും ദുഃഖകരമാകുന്നു. നാനൂറ്

ഇടവക യോഗാംഗങ്ങളിൽ നാൽപതു പേർ പോലും ഇടവക യോഗത്തിൽ സംബന്ധിക്കുന്നതായി കാണുന്നില്ല. ഇടവകയോഗത്തിന്റെ തലേദിവസം ഏതെങ്കിലും ഒരു ഹോട്ടലിൽ സഹോദരന്മാർ ഒരുമിച്ച് വസിച്ച് അഹറോന്റെ താടിയിൽ ഒഴുകാത്ത തൈലം താടയിൽ ഒഴുക്കി സ്വീകരിക്കുന്ന തീരുമാനങ്ങൾ പിറ്റേ ദിവസം ഇടവക പൊതുയോഗത്തിൽ നടപ്പാകുന്ന വിദ്യയും നിലനിൽക്കുന്നുയെന്നത് എന്റെ ബാഹ്യകേരള ശുശ്രൂഷയുടെ സാക്ഷ്യമാകുന്നു. ഹാഹാ... സഭാ മാതാവേ നീയെന്നാണ് ഉണരുന്നത്. ഈ ഉറക്കം നടിക്കൽ അവസാനിപ്പിക്കേണ്ടത് ഒരു വെല്ലുവിളിയായി ഏറ്റെടുക്കാമോ?!

V മനുഷ്യരെ പിടിക്കുന്നവർ:- സഭാ മക്കൾ സത്യവിശ്വാസത്തിലും സത്യ ആരാധനയിലും വളർത്തപ്പെടാത്തതിനാൽ, തൊഴുത്തിനു വെളിയിൽ ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിരിക്കുന്നു. ആർക്കും മോഷ്ടിച്ചു കൊണ്ടുപോകാവുന്ന അവസ്ഥ. മോഷ്ടിക്കപ്പെട്ട ആടുകൾ മറ്റ് ആലകളിൽ ചേക്കേറിയിരിക്കുന്ന അവസ്ഥ, സീറോ മലബാർ, മലങ്കര റീത്ത്, മാർത്തോമ്മാ എന്നിങ്ങനെയുള്ള സഭകളിൽ ദൃശ്യമാകുന്നു. നഷ്ടപ്പെട്ടുപോയ ഈ അനേക ലക്ഷങ്ങളെക്കുറിച്ച് ഇനിയും കരയേണ്ടതില്ല. എന്നാൽ പുതിയ തലമുറയെ, അവരുടെ ഈലോക ആവശ്യങ്ങൾ, കഷ്ടതകൾ, രോഗങ്ങൾ എന്നിങ്ങനെയുള്ള വല വിരിച്ച് വിശ്വാസമാകുന്ന പടകിൽ ബന്ധിച്ചിട്ട്, അവരുടെ വരുമാനത്തിന്റെ പത്തിലൊന്ന് 'ഭയപ്പെടുത്തി' വാങ്ങി പള്ള വീർപ്പിക്കുന്ന 'മനുഷ്യരെ പിടിക്കുന്ന' വലവീശുകാർ വചനമെന്ന 'ശരറാന്തലു'മായി പാഞ്ഞുനടക്കുന്നു. സഭയെ നിന്റെ മക്കളെ കുറിച്ച് നീ ഇനി എന്നാണ് കരയുന്നത്?

VI ക്രൈസ്തവ ദളിതരെക്കുറിച്ചുള്ള അവഗണന:- സകല ജാതികളെയും ശിഷ്യരാക്കുവാനുള്ള കൽപ്പന മറന്നുപോയ ഒരു സഭയാണ് എന്റേത്. പരിശുദ്ധനായ പരുമല തിരുമേനിയുടെ കാലത്തും, ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസിന്റെ കാലത്തും ആയിരങ്ങളെ സഭയിൽ ചേർക്കുവാൻ സാധിച്ചു. ഗോവയിലെ അൽവാറീസ് മാർ യൂലിയോസിന്റെ നേതൃത്വത്തിൽ അയ്യായിരത്തോളം ദളിത കത്തോലിക്കർ നമ്മുടെ സഭയോട് പുനരൈക്യപ്പെടുകയുണ്ടായി. ഈ സംഭവം നടന്നിട്ട് നൂറ്റിയിരുപത് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. യഥാർത്ഥ സഭാ പുനരൈക്യം നടന്നത്, 1888 ൽ കത്തോലിക്കാ സഭയിൽ നിന്ന് അഞ്ഞൂറ് കുടുംബങ്ങൾ ഫാ. അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസിന്റെ നേതൃത്വത്തിൽ ഓർത്തഡോക്സ് സഭയിൽ ചേർന്നപ്പോഴാകുന്നു. അല്ലാതെ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ 1930 ൽ മലങ്കര റീത്ത് ഉണ്ടായപ്പോൾ അല്ല. എന്നാൽ ദളിത ക്രൈസ്തവരോട് സഭ അവഗണനാപരമായ നിലപാടെടുത്തതിനാൽ ഇവരിൽ തൊണ്ണൂറു ശതമാനം മറ്റു സഭകളിലേക്കു തിരികെ പോയിരിക്കുന്നു. സുവിശേഷീകരണത്തിൽ സഭയുടെ നിലപാട് പുനർവായന നടത്തേണ്ടിയിരിക്കുന്നു.

VII വിവാഹവും കുടുംബജീവിതവും:- വിവാഹവും കുടുംബ പ്രശ്നങ്ങളും വലിയ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്നു. വിവാഹം സ്വർഗ്ഗത്തിൽ വച്ച് നടക്കുന്നുയെന്നത് വിവാഹം കോളജ് ക്യാമ്പസ്സിൽ എന്നോ, മൊബൈലിലൂടെയെന്നോ മാറ്റി പറയേണ്ട കാലമായിരിക്കുന്നു. അന്യമതങ്ങളിൽ നിന്നുള്ള വിവാഹബന്ധങ്ങൾ കോളജ് ക്യാമ്പസ് വഴി കൊഴുത്തു വളരുന്നു. ആണും പെണ്ണും എന്ന രണ്ടു ജാതിയെന്ന തത്ത്വചിന്ത പ്രൊഫഷണൽ പ്രൊഫസർമാർ ശിഷ്യഗണങ്ങളുടെ മസ്തിഷ്കത്തിൽ അടിച്ചുകയറ്റുന്ന രീതി ഇന്ന് യുവാക്കളെ വിശ്വാസത്തിൽ നിന്നും സഭാ ജീവിതത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. അതിന്റെ ഫലമായി കാമുകീ വീട്ടുകാരെ സന്തോഷിപ്പിക്കുവാൻ അമ്പലത്തിൽ വച്ചും ഓർത്തഡോക്സ് മാതാപിതാക്കളെ സന്തോഷിപ്പിക്കുവാൻ ഇടവക പള്ളിയിൽ വച്ചും ഒരേ ഭാര്യയുടെ കഴുത്തിൽ രണ്ട് കെട്ട് കെട്ടുന്ന യുവാക്കളുടെ സംഖ്യയും അധികരിച്ചുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം നോക്കുകുത്തിയായി നിൽക്കേണ്ടിവരുന്ന ഇടവക വികാരിയും. കേരളത്തിനു പുറത്ത് ഞാൻ ശുശ്രൂഷ ചെയ്ത ഒരു മാതൃ ഇടവകയിലെ വിവാഹ രജിസ്റ്റർ (2001 ലെ കണക്കനുസരിച്ച്) നോക്കിയാൽ ആ ഇടവകയിൽ നടന്നിട്ടുള്ള അഞ്ചിൽ മൂന്ന് വിവാഹങ്ങൾ സഭയ്ക്കു പുറത്തുനിന്നുള്ളതാകുന്നു എന്നു കണ്ടെത്തുവാൻ സാധിക്കും: ഇതിൽ പലതും അൽപ്പായുസ്സായി കെട്ടുപൊട്ടുന്നതും കുടുംബം തകരുന്നതും നേർക്കാഴ്ചയിലെ മറ്റൊരു കറുത്ത മുഖം. 2008-2009 ൽ എഴുന്നൂറോളം വിവാഹമോചനകൽപനകൾ ദേവലോകത്തുനിന്ന് "ഭൂമിയിലേക്ക്" വെളിച്ചം കണ്ടതായിട്ടാണ് കണക്കുകൾ തെളിയിക്കുന്നത്. മദ്യപാനത്താൽ, കലഹത്താൽ, അശുദ്ധിയാൽ കെട്ടുപൊട്ടി ശിഥിലമാകുന്ന കുടുംബങ്ങളുടെ സംഖ്യ ദിനംതോറും കൂടിവരുന്ന കാഴ്ച നേർകാഴ്ചയിലെ ഇടിവെട്ടാകുന്നു. ഇനിയും എത്രയോ പ്രശ്നങ്ങൾ - ഇതിനെല്ലാം ഒരു പരിഹാരം എന്നുണ്ടാകും - ഉണരു സഭയേ ഉണരൂ. ഉറങ്ങുവാൻ സമയമില്ലിനിയും.

ദിവ്യബോധനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അൽമായ പഠനപദ്ധതിയാണ് ദിവ്യബോധനം. ഇരുപത്തിയഞ്ച് വർഷം പിന്നിട്ട ഈ പഠനപദ്ധതിയിലൂടെ പതിനായിരത്തോളം സ്ത്രീ-പുരുഷന്മാർക്ക് വേദശാസ്ത്ര അഭ്യസനം നൽകുവാൻ സാധിച്ചു. ദിവ്യബോധനത്തിന്റെ അടുത്ത ബാച്ചിലേക്കുള്ള (2011-13) രജിസ്ട്രേഷൻ 2011 ജനുവരി 15-ാം തീയതി ആരംഭിക്കുന്നു. താൽപര്യമുള്ള ഇടവകകളും വ്യക്തികളും **രജിസ്ട്രാർ, ദിവ്യബോധനം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി.ബി. നമ്പർ 98, കോട്ടയം-1** എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

'വൈദികർ ഇടയശുശ്രൂഷയിൽ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ, മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ വൈദികരായ ഫിലിപ്പോസ് അച്ചനും തണ്ണിക്കോട്ടച്ചനും ഒരുമിച്ചിരുന്ന് ചിന്തകളുടെ ചെപ്പ് തുറന്ന് പരിശോധിച്ചപ്പോൾ, കണ്ടെത്തിയ ചില കാര്യങ്ങളാണ് വായനക്കാരുമായി പങ്കുവച്ചത്.

അൽമായരുടെ ഭാഗത്തുനിന്ന് പ്രൊഫ. എം.പി. മത്തായി, ഡോ. സാറാമ്മ വർഗീസ്, ജോർജ് അലക്സാണ്ടർ എന്നിവർ പൗരോഹിത്യ ശുശ്രൂഷയെപ്പറ്റിയുള്ള തങ്ങളുടെ പ്രതീക്ഷകൾ വരുംതാളുകളിൽ പങ്കുവയ്ക്കുന്നു.

എഡിറ്റർ



ഒരു മാതൃകാ വികാരി


■ പ്രൊഫ. ഡോ. എം.പി. മത്തായി

ഒരു ഇടവകയുടെ വൈദിക നായകനാണ് വികാരി. വിപുലമായ അർത്ഥത്തിൽ വികാരിയുടെ ധർമ്മം നിശ്ചയമായും വൈദികം അഥവാ പൗരോഹിത്യപരമാണ്. ക്രൈസ്തവ പൗരോഹിത്യ സങ്കൽപത്തിന്റെ വേരുകൾ യഹൂദവൈദിക പാരമ്പര്യത്തിലാണ് ഊന്നിനിൽക്കുന്നത്. ദൈവത്തിനും ജനത്തിനുമിടയിൽ മധ്യസ്ഥനായിരിക്കുക എന്നതായിരുന്നു യഹൂദ പാരമ്പര്യത്തിലെ പൗരോഹിത്യ ധർമ്മം.

പൗരോഹിത്യത്തിന്റെ പൂർണ്ണത യേശുക്രിസ്തുവിൽ സാക്ഷാത്കരിക്കപ്പെടുന്നതായിട്ടാണ് ക്രൈസ്തവ വിശ്വാസം. അനേകരുടെ പാപം പേറി തന്നെത്തന്നെ ബലി അർപ്പിക്കുക വഴിയാണ് ക്രിസ്തു പൗരോഹിത്യധർമ്മം സഫലമാക്കിയത്. അതുവഴി വരാനുള്ള നന്മകളുടെ മഹാപുരോഹിതനായും പുതിയ നിയമത്തിന്റെ മധ്യസ്ഥനായും യേശു പരിഗണിക്കപ്പെടാൻ തുടങ്ങി. സ്വാഭാവികമായും യേശുക്രിസ്തുവിന്റേത് അതുല്യ പൗരോഹിത്യമായി വാഴ്ത്തപ്പെട്ടു.

പൗരോഹിത്യ ധർമ്മത്തെപ്പറ്റി രണ്ട് അടിസ്ഥാനകാര്യങ്ങളാണ് വേദപുസ്തകം സൂചിപ്പിക്കുന്നത്: ആരാധനയും വചനശുശ്രൂഷയും. പഴയനിയമകാലം മുതൽ ഇന്നുവരെ മാറ്റമില്ലാതെ തുടരുന്ന രണ്ടു ചുമതലകളാണിവ.

സമകാലിക സാഹചര്യങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടല്ലാതെ പൗരോഹിത്യധർമ്മത്തെപ്പറ്റി ചിന്തിക്കാനാവില്ല. Contextual കൂടിയാണിത്. ജീവിതം അത്യന്തം സങ്കീർണ്ണവും സംഘർഷഭരിതവുമായിത്തീർന്നിരിക്കുന്നു. പ്രശ്നജടിലമാണിന്നത്തെ ജീവിതം. ഒരു ഭാഗത്ത് സമ്പത്തിന്റെയും അധികാരത്തിന്റെയും സുഖലോലുപതയുടെയും ആധിക്യം മൂലമുള്ള പ്രശ്നങ്ങൾ; മറുഭാഗത്ത് പാശ്ചാത്യവൽക്കരണത്തിന്റെയും ദാരിദ്ര്യത്തിന്റെയും അന്യവൽക്കരണത്തിന്റെയും ദുരിതങ്ങൾ! നഗരങ്ങളിലെയും പട്ടണങ്ങളിലെയും ജനങ്ങൾ നഗരവൽക്കരണത്തിന്റെ കഷ്ടപ്പാടുകളുടെ ഇരകളാകുമ്പോൾ, നാട്ടിൻപുറങ്ങളിലെ ജനങ്ങൾ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലമുള്ള പിന്നോക്കാവസ്ഥയുടെ ഇരകളാകുന്നു. ഇവയുടെ മധ്യത്തിൽ നിന്നാണ് ഇന്നത്തെ ഇടവക വികാരിമാർ ഉൾപ്പെടെയുള്ള വൈദികർ അവരുടെ ചുമതലകൾ നിർവഹിക്കേണ്ടത്. ഒരു വെല്ലുവിളി തന്നെയാണത്. അതുകൊണ്ടുതന്നെ അത്യന്തം ശ്രദ്ധാപൂർവ്വം നിർവഹിക്കേണ്ട ഒരു ദൗത്യമാണ് വൈദിക ധർമ്മം.



മഹാത്മാവിൽ നിന്ന് ഒരു പാഠം:
അനുയായികളോട് താദാത്മ്യം പ്രാപിച്ച്
അവരോട് സ്വയം അലിഞ്ഞുചേരുന്നവനാകണം നേതാവ്


ഇതു ഫലപ്രദമായി നിർവ്വഹിക്കാൻ വൈദികർ ആദ്യമായി ആർജ്ജിക്കേണ്ടത് വ്യക്തമായ പ്രശ്നബോധമാണ്. ആധുനിക മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി കൃത്യമായ ധാരണകൾ രൂപപ്പെടുത്തിയേ മതിയാവൂ. ഇതിനു വിപുലമായ വായനയും പഠനവും ആവശ്യമാണ്. ഇപ്രകാരം സ്വരൂപിക്കുന്ന അറിവ് സ്വന്തം വചനശുശ്രൂഷയെ കാലിക പ്രസക്തിയുള്ളതും പ്രയോജനകരവുമാക്കാൻ സഹായിക്കും. അർത്ഥമറിയാത്ത കുറെ വാക്കുകൾ ഉപയോഗിച്ച് വായ്ത്താരി പറയുന്ന പതിവുവചനശുശ്രൂഷാ ശൈലികൊണ്ട് ഇന്നത്തെ ശ്രോതാക്കൾ തൃപ്തരാവുകയില്ലെന്നു വൈദികർ തിരിച്ചറിയണം. ഒരു നല്ല വികാരി ഒരു നല്ല കമ്യൂണിക്കേറ്റർ – സംവേദകൻ ആകേണ്ടതാണ്. ഭക്തിനിർഭരമായ ശ്രദ്ധയോടുകൂടിയാണ് വിശ്വാസികളിൽ മഹാഭൂരിപക്ഷവും വൈദികരുടെ പ്രസംഗം കേൾക്കുന്നത് എന്നതുകൊണ്ട് ആശയങ്ങൾ ഏറ്റവും ശ്രദ്ധാപൂർവ്വം അവതരിപ്പിക്കേണ്ടതുണ്ട് എന്ന് അവർ ഓർമ്മിക്കണം.

തന്റെ ഇടവകക്കാർ എപ്രകാരമുള്ളവരാണ് എന്ന് ഇടവക വികാരിക്ക് ധാരണയുണ്ടാവണം. അവരുടെ ശക്തി–ദൗർബ്ബല്യങ്ങൾ അദ്ദേഹം മനസ്സിലാക്കിയിരിക്കണം. സൗമ്യമായും സംസ്കാരസമ്പന്നമായും സംസാരിക്കാൻ കഴിയാത്ത വൈദികരുണ്ടെന്നു പലരും ആവലാതി പറയാറുണ്ട്. വൈദികർ സൗമ്യരായിരിക്കാൻ വിളിക്കപ്പെട്ടവരാണെന്നത് മറക്കരുത്. ഇടവകയെ സ്വന്തം കുടുംബമായി കാണാനുള്ള ഹൃദയവിശാലതയും, നാം ഇടവക വികാരിമാരിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. സ്വന്തം കുടുംബത്തിന്റെ താൽപര്യങ്ങളാൽ മാത്രം നയിക്കപ്പെടുന്നവരാകരുത് വികാരിമാർ. പണം കൈകാര്യം ചെയ്യുന്നതിൽ പാലിക്കേണ്ട കൃത്യതയും, സത്യസന്ധതയും യോഗങ്ങൾ നിയന്ത്രിക്കുമ്പോൾ പാലിക്കേണ്ട ആത്മനിയന്ത്രണവും കാര്യക്ഷമതയും എടുത്തുപറയേണ്ടതാണ്.

പല വൈദികരും സുഖലോലുപരും പൊള്ളയായ ആത്മീയജീവിതവുമുള്ളവരാണെന്നത് നമ്മെയെല്ലാം അസ്വസ്ഥരാക്കുന്ന വസ്തുതയാണ്. ഈ നിലയിലേക്ക് അധഃപതിക്കാതിരിക്കാൻ വൈദികർ ശ്രദ്ധിക്കണമെന്നാണ് ഓരോ വിശ്വാസിയും ആഗ്രഹിക്കുന്നത്.

നിശ്ചയമായും യേശുക്രിസ്തു കാണിച്ചു തന്ന ലളിതജീവിതവും ഉയർന്ന ആത്മീയതയുമാണ് വൈദികർ സാക്ഷാത്കരിക്കാൻ ശ്രമിക്കേണ്ടത്. ഇപ്രകാരം ശ്രമിക്കുന്നവർ ദൈവകൃപയ്ക്ക് അർഹരാകും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

1920ൽ ഗാന്ധിജി സ്ഥാപിച്ച ഗുജറാത്ത് വിദ്യാപീഠം യൂണിവേഴ്സിറ്റിയുടെ ഗാന്ധിപഠന വിഭാഗത്തിന്റെ തലവനാണ് ലേഖനകർത്താവ്. എം.ജി. യൂണിവേഴ്സിറ്റിയിൽ ഗാന്ധിയൻ ഫിലോസഫി പ്രൊഫസർ, കോലഞ്ചേരി കോളജ് പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്നു. സഭയുടെ മാനേജിങ് കമ്മിറ്റി അംഗമാണ്



പൗരോഹിത്യ ശുശ്രൂഷ: സ്ത്രീജനകാഴ്ചപ്പാടിൽ

■ ഡോ. സാറാമ്മ വർഗീസ്

ദൈവത്തിന്റെ മനസ്സലിവാണ് ദൈവത്തിന്റെ പ്രതിനിധിയായ പുരോഹിതന് പ്രധാനമായും ഉണ്ടാകേണ്ടത്. മാറിപ്പോകാത്ത സ്നേഹവും അലിവും സഹതാപവും കരുണയുമാണ് മഹാപുരോഹിതനായ ക്രിസ്തുവിൽ കാണുന്നത്. തന്റെ ജനത്തിനു വേണ്ടി ജനത്തോടൊപ്പം സഹിക്കുവാനും സഹതപിക്കുവാനും ഒരു പുരോഹിതന് കഴിയണം. എബ്രായ ലേഖനം പറയുന്നു. 'നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്' (എബ്രാ. 4:15). മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിപ്പാൻ ദൈവകാര്യത്തിൽ മനുഷ്യർക്കു വേണ്ടി നിയമിക്കപ്പെടുന്നു. താനും ബലഹീനത പൂണ്ടവനാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സഹതാപം കാണിപ്പാൻ കഴിയുന്നവനും ബലഹീനത നിമിത്തം ജനത്തിനു വേണ്ടി എന്നപോലെ തനിക്കു വേണ്ടിയും പാപയാഗം അർപ്പിക്കേണ്ടിയവനും ആകുന്നു. (എബ്രാ. 5:7)

ഇക്കാലഘട്ടത്തിലെ മനുഷ്യൻ ഏകാകിയാണ്. താനാരെന്നും തന്റെ യഥാർത്ഥ ബന്ധുക്കളും സ്നേഹിതരും ആരെന്നും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാണിന്ന് മനുഷ്യൻ. ആത്മബന്ധങ്ങൾ അറ്റുപോയ അവന്റെ മുൻപിൽ എത്തുന്നവരുടെ ചിരികൾ പലപ്പോഴും പൊള്ളയായ ഇളിപ്പുകൾ മാത്രമെന്നും ആത്മാവിനെ തൊട്ടുണർത്തുന്ന ഒരു സ്നേഹസ്പർശമോ സാന്ത്വന സ്പർശമോ അതിൽ ഇല്ലെന്നും ദുഃഖത്തോടെ അറിയുന്നവനുമാണ്. എങ്കിലും അനുദിനചര്യകൾ ഒരു യന്ത്രത്തെപ്പോലെ നിർവ്വഹിച്ച്, എവിടെയാണ് പിടിച്ചുനിൽക്കാനൊരു പിടിവള്ളി, ആത്മാവിനെ തൊടുന്ന ഒരു സ്നേഹം എന്ന് തേടിക്കൊണ്ടിരിക്കുന്നവനുമാണ്. അലിവിന്റെയും സ്നേഹത്തിന്റെയും ഒരു കൂടാരമായി പുറംലോകത്തിന്റെ നിരാസങ്ങളിൽ നിന്നും ഒറ്റപ്പെടലുകളിൽനിന്നും ആശ്വാസം തേടി എത്തുന്ന ഒരു തുരുത്തായി മാറേണ്ട കുടുംബവും പലർക്കും ഒറ്റപ്പെടലിന്റെയും സ്നേഹരാഹിത്യത്തിന്റെയും കേവലം സൗകര്യത്തിനു വേണ്ടിയുള്ള ഒരുമിച്ചു പാർക്കലിന്റെയും കണക്കു പറച്ചിലുകളുടെയും ഇടമായി മാറുന്നു. അവിടെയും ശാന്തി കിട്ടാതെ പോകുന്നു.



യാതൊരു ഉപാധിയുമില്ലാതെ തന്നെ സ്നേഹിക്കുന്ന, മനസ്സിലാക്കുന്ന, തനിക്കുവേണ്ടി ജീവൻ അർപ്പിച്ച ഒരു സ്നേഹമുണ്ടെന്നും, ആ സ്നേഹത്തിലേക്ക്, അവസാനിക്കാത്ത ആ അലിവിലേക്ക് ഓരോരുത്തനും ചെന്നുപറ്റാമെന്നും ആത്മീയതയുടെ പാതയിൽ പ്രവേശിക്കുന്ന ഓരോ ആളും മനസ്സിലാക്കുന്നു. ഈ ലോക പാതയിൽ ചരിക്കുമ്പോഴും തളരുമ്പോഴും ഇത്തരമൊരു സ്നേഹത്തിൽ നിന്നും ഊർജ്ജം ഉൾക്കൊള്ളാമെന്നും ജീവൻ നൽകുന്ന ആ സ്നേഹജലം വേണ്ടുവോളം അതിന്റെ ഉറവയിൽ നിന്നും അന്വേഷിക്കുന്ന ആർക്കും ലഭിക്കുമെന്നും വാക്കുകൾക്കതീതമായ ആ സ്നേഹത്തെ എങ്ങനെ അനുഭവിക്കാമെന്നും സാധാരണ മനുഷ്യന് കാട്ടിക്കൊടുക്കുന്ന ആരും പുരോഹിത ധർമ്മം നിർവ്വഹിക്കുന്നു.

ഓർത്തഡോക്സ് സഭയിൽ പൗരോഹിത്യം പുരുഷനു മാത്രം അനുവദിച്ചിരിക്കുന്നു. എന്നാൽ ദൈവത്തിലേക്ക് തിരിയുവാൻ ഒരുവനെ പൈതൽ പ്രായത്തിൽ തന്നെ അമ്മമാർ പരിശീലിപ്പിക്കുന്നു. നോമ്പും പ്രാർത്ഥനയും ഉപവാസവും തന്നെക്കാൾ നിർഭാഗ്യരായിരിക്കുന്നവരിലേക്കു സഹായഹസ്തം നീട്ടുന്നതും അനുകമ്പയോടെ പെരുമാറുന്നതുമെല്ലാം ശിശു അമ്മയിൽ നിന്നാണ് മിക്കവാറും പഠിക്കുന്നത്. കഷ്ടസമയത്ത് ദൈവത്തിൽ ആശ്രയം വച്ച് പ്രാർത്ഥിക്കുന്ന ഒരമ്മയെ കണ്ടുവളരുന്ന കുട്ടി സ്വജീവിതത്തിലും ഇത്തരം സന്ദർഭങ്ങളിൽ അമ്മയുടെ ജീവിതത്തിൽ നിന്ന് പ്രചോദനം പ്രാപിക്കും. ഓർത്തഡോക്സ് ആരാധനയിൽ ചെറു പ്രാർത്ഥനകളും ദീർഘമായ പ്രാർത്ഥനകളുമുണ്ട്. കുരിശുവരയ്ക്കലും കുമ്പിടീലും കുർബ്ബാനയിലെ ഒരുമിച്ചുള്ള ഗീതം ചൊല്ലലും പ്രതിവാക്യം പറയലുമൊക്കെ അർത്ഥമറിയുന്നവർക്ക് അതിമനോഹരമായി തോന്നാം. അർത്ഥം മനസ്സിലാകാത്തവർക്ക് അതിലേക്ക് ഒരു കൈപിടിച്ചു കയറ്റൽ ആവശ്യമാകാം. ഓർത്തഡോക്സ് ആരാധനയിൽ ഈശ്വരനുമായുള്ള ബന്ധത്തിന്റെ നിർവ്വചനങ്ങൾ നിർവ്വഹിക്കുന്ന വാക്കിനെയും വാക്കിനപ്പുറം സംവദി ക്കുന്ന അഗാധമായ മൗനത്തിനെയും പരിചയപ്പെടുത്തിക്കൊടുക്കാൻ പുരോഹിതനു കഴിയണം. സ്ഥാപനവൽക്കരിക്കപ്പെട്ട മതത്തിൽകൂടെ ചിലപ്പോഴൊക്കെ ക്രിസ്തുദർശനത്തിൽ നിന്നും മാറിപ്പോകാറുണ്ട്. എന്നാൽ മഹാപുരോഹിതനായ ക്രിസ്തു തന്റെ ജീവിതകാലത്തു കാട്ടിയതുപോലെ നിരന്തരമായി ഉള്ളാലെ നിലവിളിയോടും കണ്ണുനീരോടും കൂടെ ഈ ലോകത്തിനു വേണ്ടി അപേക്ഷയും അഭയയാചനയും

കഴിക്കയും ഉത്തരം ലഭിക്കയും ചെയ്യേണ്ടവരാണ് പുരോഹിതർ. അറിവില്ലാത്തവരോടും ബലഹീനരോടും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നുമാറി പ്രാന്തപ്രദേശങ്ങളിൽ കഴിയുന്നവരോടും സംവദിക്കാൻ ക്രിസ്തു കാണിച്ച താൽപര്യം പുരോഹിതർ കാട്ടണം. അറിവിന്റെ ശക്തി അധഃസ്ഥിതർക്കു ലഭിക്കാൻ വേണ്ടി സ്കൂളുകൾ സ്ഥാപിച്ച് പരുമല തിരുമേനിയും രോഗിയായി യാത്ര ചെയ്യാൻ കഴിയാത്തപ്പോഴും അനേകർക്ക് കത്തുകൾ വഴി രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥനയും ആശ്വാസവും എത്തിക്കുകയും ചെയ്തിരുന്ന ബിഷപ് പക്കൻഹാം വാഷുമെല്ലാം ഈ ഒരു സമീപനം കാട്ടിത്തരുന്നു. ഇടവകഭരണത്തിനും കർമ്മങ്ങൾ നടത്തിക്കൊടുക്കുന്നതിനും പള്ളി പണിയുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഓടിനടക്കുന്നതിനിടയിൽ ക്രിസ്തുവിന്റെ ഉപമയിൽ പറഞ്ഞ നല്ല ശമരിയക്കാരനെപ്പോലെ മുറിവേറ്റ് വഴിയിൽ കിടക്കുന്നവനെ ശുശ്രൂഷിപ്പാനും ആത്മാവിന്റെ മുറിവിൽ സൗഖ്യത്തിന്റെ തൈലം ഇറ്റിപ്പാനും കഴിയുന്നോ എന്ന് പുരോഹിതർ സ്വയം പരിശോധിക്കേണ്ടതുണ്ട്.

ഒരിക്കലും മാറാത്ത ദൈവത്തെ പ്രതിനിധീകരിക്കുമ്പോഴും ലോകത്തിലെ മാറ്റങ്ങളെ ശ്രദ്ധിക്കുന്നവനാകണം പുരോഹിതൻ. **പ്രകൃതിയെയും സ്ത്രീയെയുമൊക്കെ നൂറ്റാണ്ടുകളായി അടക്കിവാണ് ചൂഷണം ചെയ്തിരുന്ന കാഴ്ചപ്പാടുകൾ മാറി ഈ ഭൂമിയിലെ ജീവൻ നിലനിൽക്കണമെങ്കിൽ പ്രകൃതിയെ സംരക്ഷിക്കണമെന്നു താമസിച്ചാണെങ്കിലും നാമിന്ന് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു.** സഭകളും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. സ്ത്രീക്ക് സ്വന്തമായ ഒരു ശരീരമുണ്ടെന്നും മനസ്സുണ്ടെന്നും അഭിപ്രായമുണ്ടെന്നും പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ പട്ടികയിൽ നിന്നു മാറി മുഖ്യധാരയിൽ തന്നെ അവൾ ഉണ്ടാവേണ്ടതാണെന്നും തത്വത്തിൽ അംഗീകരിച്ചു എങ്കിലും ഓർത്തഡോക്സ് സഭയിൽ സ്ത്രീക്ക് ഇതെത്രത്തോളം സാധിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. പുരോഹിതരോടൊപ്പം അൽമായരും നേതൃത്വം വഹിക്കുന്ന ഓർത്തഡോക്സ് സഭയിൽ സ്ത്രീകൾക്ക് ഒരു കാലത്ത് ശെമ്മാശപട്ടം നൽകിയിരുന്നു. ആത്മീയപാതയിൽ സേവനം അനുഷ്ഠിക്കുന്ന സ്ത്രീകൾക്ക് ഇത്തരം പൗരോഹിത്യ സ്ഥാനങ്ങൾ കൊടുക്കുന്നതിനെപ്പറ്റി ചിന്തിക്കാവുന്നതാണ്. പാരമ്പര്യത്തിന്റെ വേരുകളിൽ ബലമായി പിടിച്ച് കാലത്തിന്റെ കാറ്റിൽ കടപുഴകാതെ നിൽക്കാൻ ശ്രമിക്കുന്ന നമ്മൾക്ക് പുരുഷമേധാവിത്വത്തിന്റേതായ ജീർണ്ണിച്ച് ഉണങ്ങിയ കൊമ്പുകൾ മുറിക്കാനും ഊർജ്ജസ്വലതയോടെ പുതിയ കൊമ്പുകൾ വിടർത്താനും കഴിയണം. ഏകശബ്ദം മാത്രം എന്ന അവസ്ഥയ്ക്കു പകരം ബഹുസ്വരങ്ങളുടേതായ ഇക്കാലഘട്ടത്തിൽ സ്ത്രീകളുടെ ശബ്ദവും സഭയിൽ കേൾക്കപ്പെടേണ്ടതാണെന്ന് മനസ്സിലാക്കുന്നവരാവണം പുരോഹിതർ. ഇക്കാര്യത്തിലും ക്രിസ്തുവിനെ നോക്കുമ്പോൾ ശക്തിയും ധൈര്യവും ലഭിക്കും. പരിശുദ്ധ പിതാക്കന്മാർക്ക് ആത്മീയ പ്രചോദനമായിരുന്നു എന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള അമ്മമാരുടെയും സഹോദരികളുടെയും സ്നേഹിതകളുടെയും അഭിപ്രായങ്ങൾ അവർ മാനിച്ചതുപോലെ സഭാകാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിന് സ്ത്രീയുടെയും അഭിപ്രായം ആരായുന്ന പൗരോഹിത്യമാണ് കാലത്തിന്റെ ആവശ്യം.

താൻ സൃഷ്ടിച്ച ലോകത്തെ വാൽസല്യവാനായ പിതാവിനെപ്പോലെ സ്നേഹിക്കുന്ന ദൈവത്തെ മനുഷ്യനു പരിചയപ്പെടുത്തിക്കൊടുക്കുന്നവനാവണം പുരോഹിതൻ. പിതൃസ്നേഹത്തിൽ നിന്നും അകന്നുപോയി ധൂർത്തജീവിതം നയിച്ച ശേഷം അരിഷ്ടനായി തിരികെ എത്തിയ മുടിയനായ പുത്രനെ സ്വീകരിക്കുന്ന പിതാവിനെപ്പോലെ, വഴിതെറ്റിപ്പോയ ആടിനെ അന്വേഷിച്ചു ചെല്ലുന്ന ഇടയനെപ്പോലെ, മുറിവേറ്റു കിടന്ന വഴിയാത്രക്കാരന്റെ മുറിവു വച്ചുകെട്ടി അവനെ കരുതിയ നല്ല ശമരിയക്കാരനെപ്പോലെയാകണം ദൈവത്തിന്റെ പ്രതിനിധിയായ പുരോഹിതൻ. ഈ സ്വഭാവ രൂപീകരണത്തിലേക്കുള്ള നിരന്തരയാത്രയാവണം പുരോഹിതന്റെ ജീവിതം. സാമാന്യനീതിയും ക്ഷമയും സമാധാനവും സുഗന്ധവർഗ്ഗത്തിന്റെ ധൂപംപോലെ പരത്തുന്നതാവണം ആ യാത്ര. **ആരാധനയിൽക്കൂടെയും വേദവ്യാഖ്യാനത്തിൽക്കൂടെയും സേവനത്തിൽ കൂടെയും സഹനത്തിൽ കൂടെയും അലിവോടും സ്നേഹത്തോടും കൂടെയും മനുഷ്യനെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിശുദ്ധന്മാരുടെ കൂട്ടമാവട്ടെ നമ്മുടെ പുരോഹിതർ.**

പത്തനംതിട്ട കാതോലിക്കേറ്റ്, കോട്ടയം ബസേലിയോസ് എന്നീ കോളജുകളിൽ ഇംഗ്ലീഷ് അധ്യാപിക ആയിരുന്ന ലേഖിക പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലായി വിരമിച്ചു. ക്രിസ്തീയ പഠനങ്ങളിൽ ബിരുദം നേടിയിട്ടുള്ള ഡോ. സാറാമ്മ വർഗ്ഗീസ് പ്രഭാഷക, ലേഖനകർത്താവ് എന്നീ നിലകളിൽ അറിയപ്പെടുന്നു.

I love you!

Aashu Alexander

Tyrants they were, who beat Him mercilessly.
Cannibals who tore, His flesh pitilessly.
Scourged was His back remorselessly..
Then He saw me crying,

and permitted them to do so.
Crushed was the crown, upon His head.
Blood, His own, He was made to taste.
Pierce did the thorns, His flesh away..

But He saw me praying,
and very kindly, forgave them.
The heavy cross, did make Him fall.
Wood, on His torn flesh, made Him crawl.

No more did He wish, to move forward..
However, He saw me in confession,
so He got up, and walked on.
Hands which blessed, were pierced away.

Body was hung on the cross, the break of day.
Blood, His side, did pour all the way.
But all He said was, I love you,
and, I am dying because I care for you.



Aashu is a pre-seminarian with H.G. Geevarghese Mar Coorilos in the Diocese of Mumbai.



An Orthodox Christian Priest

Perspective of an Orthodox Youth

■ George Alexander

"The Orthodox Priest is an Icon of Christ" - *Fr. Alister Anderson*

The two major roles of a priest discussed here are:

- Priest as a Church leader
- Priest as a leader reaching out from church to society at large

Priests should have the freedom to innovate inspiring ideas to keep the faithful intact and to organize appropriate programmes for different groups. Programmes should be planned in such a way as to attract all sections in the church. The idea is to form an inclusive church respecting each and everyone.

A priest must make use of the principles of HRD at the church level, leading towards human development. Each priest must be able to formulate an action plan for the parish after making a proper study.

Priests must take special interest in formulating programmes and policies that suits the region which he serves. He should find time for the needs of the people. As a leader, the priest should engage in activities that develop skills and resources of his people. The confession service must be individual centric. In all activities, the church should seek His glory. The Church leaders should initiate steps to introduce service books for all priests.


The priest should have good understanding of the parish, diocese and the Church as a whole, along with good and updated knowledge of the Christian world, especially contemporary orthodox Christianity.

The educational qualification of priests is a matter of concern in our church. We have many talented priests in our church, but only a few have attained PG level or doctorate. Priests need to undergo special training programmes in administration, public speaking, media and public relations, financial management and conflict management for better management of church.

An Orthodox priest must also be trained in the following aspects:

- Ability to run more than one parish at a time.
- Psychological development and social skills.
- Listening to the parishioners, especially in matters relating to marriage and family.

An Orthodox Priest should be a continuous learner. Learning is continuing process and it is never completed with the seminary education. Each day should be new experience for the priest and he must learn something new and useful each day.



Duties of an Orthodox Priest

The first and foremost duty of an Orthodox Priest is to preserve and safeguard the Orthodox Faith. He is the protector of Holy Orthodoxy.

Sometimes priests may find it difficult to manage their spiritual duty (Serving Church) and family affairs together. A priest has to maintain the balance between spiritual duties, Church management and family commitments, by proper use of human resources.

Another important duty of an Orthodox priest is recognizing the importance of the role of women at parish, diocese and Church levels.

A priest must learn to deal with people sensitively. Many priests lack a team approach and tend to be a bit arrogant, believing they know much more than the people. Priests must develop a culture of house visits. This will strengthen the parish members in faith and they would feel a sense of security, care and support. An Orthodox priest must take a good chance to know his parish members personally, which is very important; he must be able to analyze the character of each person.

The priest must also establish a network with the neighboring Orthodox and non-orthodox parishes. In the Kerala context, priest must also develop contacts with out of state church centers and parishes. An Orthodox Priest must be kind enough to listen and respect people of all age groups.

A priest must try his best to reach out to institutions like schools, colleges, hospitals, and youth centres owned by the Church.

Other important concerns are children and youth. Priest must take strong steps in nurturing and strengthening them in true orthodox faith and must take strong steps against unwanted secularism and wrong aspects of ecumenism.

A Priest should aim to develop leadership at the parish and diocese. He should also maintain excellent relationship with bishops and fellow priests.

A priest must have qualities like patience, listening, respect for time, outreach, consistency and proper judgment. He must practice good values like honesty, integrity, humility, commitment to Church and the society.

An Orthodox priest should try to simplify the teachings of the Church and not to make it appear complex for the laity. Jesus Christ, when he walked on this earth, was true and simple.

An Orthodox Priest must give LIFE to his service offered for the Church. Priesthood must be lively enough to serve the Church and the society. A priest is very special person called for the duty of God almighty and therefore he must be optimistic in each and every breath of his life. Above all, an Orthodox Priest must live as a role model for the laity.

Writer is Secretary of Orthodoxy Cognate PAGE

www.theorthodoxchurch.info



കുഞ്ഞച്ചനും തോമ്മായും ഇരുന്നോടാ?

■ ഡോ. എം. കുര്യൻ തോമസ്

കപ്യാർ എന്നത് ഒരു പോർട്ടുഗീസ് പദമാണ്. *കുഴിവെട്ടുകാരൻ* എന്നർത്ഥമുള്ള ഈ പദം കേരളത്തിൽ പ്രചരിപ്പിച്ചത് 16-17 നൂറ്റാണ്ടുകളിൽ പോർട്ടുഗീസ് റോമൻ കത്തോലിക്കരാണ്. 1599-ല ഉദയംപേരൂർ സുന്നഹദോസ് ശവസംസ്കാരം, പള്ളികളിലോ, പ്രത്യേകം ഊർശ്മാ ചെയ്തു വേർതിരിച്ച സ്ഥലത്തോ വെണമെന്ന് അനുശാസിച്ചതോടെ *കപ്യാർ* എല്ലാ പള്ളികളിലും അനിവാര്യമായ ഒരു ഘടകമായി.

എന്നാൽ ഇന്നും പള്ളികളിൽ കപ്യാരന്മാരുണ്ട്. പക്ഷ അവരുടെ കർമ്മവും ധർമ്മവും കുഴിവെട്ടല്ലെന്നു മാത്രം. വി. കുർബാനയ്ക്കുള്ള അപ്പം ക്രമീകരിക്കുക മുതൽ ശുശ്രൂഷകളിലെല്ലാം പരികർമ്മിയായിരിക്കുക വരെ ഇന്ന് *കപ്യാരുടെ* ജോലിയാണ്. മാസവരി പിരിയ്ക്കുക, കമ്മറ്റി നോട്ടീസ് വിതരണം ചെയ്യുക മുതലായ ആധുനിക ജോലികളും ഇന്നു കപ്യാർക്കുണ്ട്.

കുഴിവെട്ടുകാരനിൽനിന്ന് പരികർമ്മിയിലേയ്ക്കുള്ള കപ്യാരുടെ പ്രയാണം രസകരമായ ഒരു ചരിത്രമാണ്. മലങ്കര സഭ പിന്തുടർന്നുവന്ന പൗരസ്ത്യ കൽദായ സഭയുടെ പാരമ്പര്യപ്രകരം മ്ശംശോനയിൽ താഴെയുള്ള സ്ഥാനികൾക്ക് വി. മദ്ബഹായിൽ പ്രവേശനമില്ല. ഇന്നും ഇന്ത്യയിലെ കൽദായ സഭയിൽ ഒരു പൂർണ്ണ ശെമ്മാശനെയാണ് അസിസ്റ്റന്റ് വികാരിയായി നീയമിക്കുന്നത്. 1686-ൽ പാശ്ചത്യ സുറിയാനി ക്രമങ്ങൾ അംഗീകരിച്ച ശേഷവും ഈ നിയമത്തിനു മാറ്റം വന്നില്ല. പാശ്ചാത്യ സുറിയാനി ക്രമത്തിലും മ്ശംശോനോയിൽ താഴ്ന്ന സ്ഥാനികൾക്ക് വി. മദ്ബഹായിൽ പ്രവേശനമോ ധൂപക്കുറ്റിയിൽ സ്പർശനാവകാശമോ ഇല്ല.

കൂനൻ കുരിശു സത്യത്തിനുശേഷമുള്ള കാലത്ത് മലങ്കര സഭ പൗരസ്ത്യ സുറിയാനി ആരാധനാക്രമങ്ങളാണ് ഉപയോഗിച്ചിരുന്നത്. പിൽക്കാലത്ത് മലങ്കരസഭ അലക്സാൻഡ്രിയൻ വേദശാസ്ത്രത്തിനനുസൃതമായ തിരുത്തലുകൾ ഇതിൽ വരുത്തി. ഈ ക്രമപ്രകാരം പ്രധാനകർമ്മികനോടൊപ്പം ഒരു വൈദികനോ കുറഞ്ഞത് ഒരു മ്ശംശോനോയോ വി. കുർബാനയർപ്പണത്തിനു വേണം. സമീപകാലത്ത് പൗരസ്ത്യ കൽദായ സഭയുടെ മാർ അപ്രേം മെത്രാപ്പോലീത്താ ഗൾഫിൽ ഒരു രാജ്യത്ത് വി. കുർബാനഅർപ്പിച്ചപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദീകനെയാണ് പരികർമ്മിയാക്കിയത്. അത്ര കർശനമാണ് അവർക്ക് ഈ നിയമം.

പാശ്ചാത്യ സുറിയാനി കാനോൻ പ്രകാരവും വി. കുർബാനയ്ക്ക് മ്ശംശോനോയുടെ സാന്നിദ്ധ്യം നിർബന്ധിതമാണ്. എന്നാൽ പന്നീട് അതു ലഘൂകരിച്ച് യൗഫദ്യക്കിനോയോ, കോറൂയോയോ ആയാലും മതി എന്ന സ്ഥിതിവന്നു. എന്നിട്ടും മലങ്കരയിലെ ഇടവകപ്പള്ളികളിൽ ശെമ്മാശന്മാർക്ക് ഗുരുതരമായ ദൗർലഭ്യം നേരിട്ടു. മലങ്കരയിലെ ഗുരുകുല സമ്പ്രദായത്തിലുള്ള വൈദീക വിദ്യാഭ്യാസമായിരുന്നു ഇതിനു കാരണം. കോറൂയോയായി പട്ടം കൊടുത്താൽ ഉടൻ മല്പാൻ ഭവനങ്ങളിൽ - പിന്നീട് പഴയ സെമിനാരിയിൽ - വിദ്യാഭ്യാസത്തിനു പോവുക, പുത്തൻ കുർബാനചൊല്ലാൻ മാത്രം മടങ്ങിയെത്തുക എന്ന ഈ സംവിധാനത്തിൽ ഇടവകപ്പള്ളികളിൽ ശെമ്മാശന്മാരെ കിട്ടുക അസാദ്ധ്യമായിരുന്നു.



സുറിയാനി കത്തനാർ 19 – ാം നൂറ്റാണ്ടിൽ
India office Library Picture Courtesy: St. Dionysius VI Archives - Old Seminary

എങ്കിലും വി. കുർബാനഅർപ്പിക്കുന്നതിനും മറ്റു കൂദാശകൾ അനുഷ്ഠിക്കുന്നതിനും ഒരു പരികർമ്മി അത്യന്താപേഷിതമായിരുന്നു. സ്വാഭാവികമായും മിക്കപ്പോഴും പള്ളിയിൽ സ്ഥിരമായി കാണുന്ന കുഴിവെട്ടുകാരനെഇതിനായി കൂട്ടുപിടിച്ചിരിക്കാം.. അഥവാ മറ്റാരെങ്കിലുമാണ് ആ സ്ഥാനത്ത് വന്നതെങ്കിലും പരിചിതമായ *കപ്യാർ* എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടിരിക്കാൻ സാദ്ധ്യതയുണ്ട്.

ഏതായാലും പത്തൊമ്പതാം നൂറ്റാണ്ടിൽ കപ്യാർക്ക് പ്രത്യേക വേഷവിധാനം ഒന്നും ഇല്ലായിരുന്നു. 1861-ൽ കുന്നംകുളത്ത് വി. കുർബാനയിൽ സംബന്ധിച്ച റവ. ജി. ബീ.. ഹൊവാർഡ്. വി. കുർബാനയിൽ വൈദികനെ സഹായിക്കുന്ന സാധാരണ വേഷം ധരിച്ച അവൈദികരെപ്പറ്റി വിവരിക്കുന്നുണ്ട്. മദ്ബഹയിൽ മറ്റ് വൈദീകരും ശെമ്മശന്മാരും ഉണ്ടായിരുന്നതായും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. അതേവർഷം ചാത്തന്നൂർ പള്ളി സന്ദർശിക്കുമ്പോഴാകട്ടെ, പരികർമ്മി ആരെന്ന് അദ്ദേഹം പറയുന്നുമില്ല, ചുരുക്കത്തിൽ അക്കാലമായപ്പോഴയ്ക്കും *കപ്യാർ* പരികർമ്മിയായി ഉറച്ചു എന്നനുമാനിക്കാം.

കപ്യാരന്മാരുടെ ഇന്നുള്ള വെള്ളക്കുപ്പായം പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസിന്റെ സംഭാവനയാണ് 1876-77 കാലത്തെ അദ്ദേഹത്തിന്റെ മലങ്കര പര്യടനകാലത്ത് ... *ഇനിമെലാൽ കുറുബാനയ്ക്കു കൂടുന്നത ശെമ്മാശൻമാരായിരിയ്ക്കണം. ആയ്തില്ലാതെ വന്നാൽ ദിഷ്ടതിയെക്കുറിച്ചു കൊച്ചു പൈതങ്ങളെ വിശെഷാൽ ഒരു ളൊഹ കൂടെ ഇടുവിച്ചു കൂടിച്ചു കൊളളുന്നതല്ലാതെ കപ്യാരെ കൊണ്ടു കൂടിച്ചു പൊകരുതന്നും..* കല്പിച്ചു.

ഈ കല്പനയുടെ ആത്യന്തിക ഫലം കപ്യാർ കുഴിവെട്ടു ജോലിയിൽനിന്നു വിമുക്തനായി പൂർണ്ണ പരികർമ്മി ആയി എന്നതും, വെള്ളക്കുപ്പായം ധരിച്ചുതുടങ്ങി എന്നതുമാണ്. കത്തനാർമാർക്കുപോലും സ്ഥിരവരുമാനമില്ലാത്ത ആ കാലത്ത് ചാത്തക്കുറുബാന, മാമോദീസാ, ഭവന വാഴ്വ് മുതലായവയിൽനിന്ന് ലഭിക്കുന്ന തുഛവരുമാനവും, കുർബാനപ്പണത്തിൽനിന്നും, പതാര

ത്തിൽനിന്നും ചാത്തത്തളികയിൽനിന്നും ലഭിക്കുന്ന നാമമാത്രവിഹിതവുമായിരുന്നു കപ്യാരുടെ വരുമാനം. കൂടാതെ പള്ളിയുടെ പിടിയരി പിരിക്കുക, കെട്ടുതേങ്ങാ ഇടുവിക്കുക തുടങ്ങിയ ജോലികൾക്ക് ലഭിക്കുന്ന വീതവുമായിരുന്നു അർദ്ധപ്പട്ടണിയിലെങ്കിലും കപ്യാരന്മാരെ നിലനിർത്തിയത്. ചില പള്ളികൾ കപ്യാരു കുടുംബത്തിന് താമസിക്കാൻ പറമ്പുകൾ നൽകിയ ചരിത്രമുണ്ട്. *കപ്യാരു പറമ്പ്* എന്ന പേരിൽ പല പുരാതനപള്ളികളുടെ സമീപവും ഇത്തരം പറമ്പുകൾ കാണാം.

കേരളത്തിലെ ജാതി വ്യവസ്ഥയ്ക്കനുരൂപമായി കപ്യാരന്മാർക്കും കാലത്തികവിൽ ചില അവകാശങ്ങൾ സിദ്ധിച്ചു. ദുഃഖവെള്ളിയാഴ്ച ഉപയോഗിക്കുന്ന വെളുത്ത കച്ച ഉപയോഗശേഷം കപ്യാർക്കുള്ളതായിരുന്നു. പെരുന്നാളിനു തളികവെക്കുക, കൊടിമരത്തിൽ കയറ്റാനുള്ള കൊടി കെട്ടുക തുടങ്ങിയവയും കപ്യാരുടെ അവകാശമായിരുന്നു.

വി. കുർബാന കൊടുക്കാനുള്ള അധികാരം പോലെ ഒരു മ്ശംശോനോയുടെ അത്യപൂർവം ചില അധികരങ്ങൾ ഒഴികെ മറ്റെല്ലാ അവകാശങ്ങളും ലഭ്യമായിട്ടും കപ്യാരന്മാരെ മൂന്നാംതരം പൗരന്മാരായിട്ടാണ് ജനം കണ്ടത്. ഒരുപക്ഷേ *കുഴിവെട്ടുകാരൻ* എന്ന പഴയ തസ്തിക അതിനൊരു കാരണമായിരുന്നിരിക്കാം. പക്ഷേ ഇത്തരമൊരു സാഹചര്യത്തിന് കത്തനാരുമാരും പള്ളി പ്രമാണിമാരുമാണ് ഉത്തരവാദികൾ. കപ്യാരന്മാരെ *ക്രിസ്തുവിൽ തന്റെ കൂട്ടുവേലക്കാരനായി* അംഗീകരിക്കാൻ കത്തനാർമാർ വിസമ്മതിച്ചു. പ്രമാണിമാരും കൈക്കാരന്മാരുമാകട്ടെ വെറും *ദാസാത്മാവായാണ്* കപ്യാരെ കണക്കാക്കിയത്. സദ്യകൾക്കും മറ്റും കത്തനാർമാരും പ്രാമാണിമാരും വിരുന്നുകാരും ഇരിക്കുന്ന ഒന്നാമത്തെ *ഏറ്റിൽ* കപ്യാർക്ക് എത്തിനോക്കാൻ അർഹതയില്ലായിരുന്നു. പള്ളിയിൽനിന്നു കിട്ടേണ്ടുന്ന അല്പ വരുമാനത്തിനു പോലും കൈനീട്ടി നിൽക്കേണ്ട ദയനീയ സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. ചുരുക്കത്തിൽ *പള്ളിയിൽ മുൻനടയും സദ്യയ്ക്ക് സർവാണിയും* എന്നതായിരുന്നു കപ്യാരന്മാരുടെ സ്ഥിതി.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കപ്യാരന്മാരുടെ ഈ ദുഃസ്ഥിതിക്ക് ഒരു മാറ്റം വരണമെന്ന് അപൂർവം ചില വൈദികർക്കെങ്കിലും ആഗ്രഹമുണ്ടായി. അവരിലൊരാളായിരുന്നു മണർകാട്, വടക്കൻമണ്ണൂർ, നിലയ്ക്കൽ പള്ളികളുടെ വികാരിയായിരുന്ന വട്ടക്കുന്നേൽ ചെറിയൻ കുര്യൻ കത്തനാർ. എന്നാൽ അന്നത്തെ സമൂഹ്യസ്ഥിതിയിൽ ഒരു മാറ്റം ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. പകരം കപ്യാരന്മാരുടെ സാമൂഹ്യനിലവാരം ഉയർത്താൻ രണ്ട് ലളിതമാർഗ്ഗങ്ങളാണ് വട്ടക്കുന്നേലച്ചൻ സ്വീകരിച്ചത്.

ഒന്നാമതായി, *കപ്യാർ* എന്ന സംബോധനയെ *അച്ചൻ* എന്ന പൂജക ബഹുവചനം കൂടിചർത്ത് *കപ്യാരച്ചൻ* എന്നു വിളിച്ചുതുടങ്ങി. അതോടെ മെത്രാച്ചൻ, കത്തനാരച്ചൻ, റമ്പാച്ചൻ, ചെമ്മാച്ചൻ ഇവയൊക്കെപ്പോലെ ബഹുമാനിക്കേണ്ട ഒരു സ്ഥാനിയാണ് *കപ്യാരച്ചനും* എന്ന ബോധം പുതുതലമുറയിൽ അങ്കുരിച്ചു. തലമുറകളായി നിലനിൽക്കുന്നു.

രണ്ടാമതായി അക്കാലത്ത് സദ്യയ്ക്ക് ഒരു പതിവുണ്ട്. ആദ്യ ഏറ്റിന് കത്തനാർമാരും പ്രമാണിമാരും വിരുന്നുകാരും പന്തിക്കിരുന്നു കഴിയുമ്പോൾ വിരുന്നുവാഴി ഒരു ചോദ്യമുണ്ട്. *വിരുന്നുകാരെല്ലാം ഇരുന്നോ? ഇരുന്നു* എന്നു മറുപടി കിട്ടിക്കഴിഞ്ഞാൽ വിരുന്നുവാഴി മൂപ്പൻ കത്തനാരോട് *അച്ചോ പ്രാർത്ഥിക്കാം* എന്നഭ്യർത്ഥിക്കും.


ഈ സമയത്താണ് വട്ടക്കന്നേലച്ചന്റെ വെടി പൊട്ടിക്കും പോലെയുള്ള ചോദ്യം. *കുഞ്ഞച്ചനും തോമ്മായും ഇരുന്നോടാ?* ഇവർ ഇരുവരും അദ്ദേഹത്തിന്റെ കപ്യാരന്മാരാണ്. എന്തൊക്കെ ഒഴിവുകഴിവ് പറഞ്ഞാലും ഒന്നാമത്തെ ഏറ്റിൽ അവർക്ക് ഇടം കണ്ടെത്താതെ ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന ചൊല്ലുകയില്ല, സദ്യ നടക്കുകയുമില്ല. ചുരുക്കത്തിൽ കുറഞ്ഞോരു കാലംകൊണ്ട് കപ്യാരന്മാർക്ക് ഒന്നാം എറ്റിൽ സ്ഥാനം ഉറപ്പായി. സർവാണിക്ക് കാത്തുകെട്ടിക്കിടക്കേണ്ട ഗതികേട് ഒഴിവാകുകയും ചെയ്തു. ഒരു നൂറ്റാണ്ടുമുമ്പ് ആരംഭിച്ച ഈ വിപ്ളവത്തിന്റെ അന്തസത്ത ഉൾക്കൊള്ളാൻ ആധുനിക വിദ്യാഭ്യാസം ലഭിച്ച വൈദികരിൽ പലരും ഇന്നും വിമുഖരാണ് എന്നതൊരു യാഥാർത്ഥ്യമാണ്.

ഇടവക ശുശ്രൂഷയിൽ വികാരിക്ക് *ക്രിസ്തുവിൽ കൂട്ടുവേലക്കാരനാണ്* കപ്യാരച്ചൻ. ഈ യാഥാർത്ഥ്യം വൈദികർ ഉൾക്കൊണ്ടേ പറ്റു. കാലാകാലങ്ങളിൽ സ്ഥലം മാറിവരുന്ന വൈദികരെയും ജനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് കപ്യാരച്ചൻ. പ്രായവും പക്വതയുമുള്ള വല്യച്ചന്മർ കൊച്ചച്ചന്മാർക്കു നൽകുന്ന ആദ്യ ഉപദേശങ്ങളിലൊന്നാണ് *കപ്യാരെ കൂട്ടാതെ ഒരു കാരണവശാലും ഭവനസന്ദർശനം നടത്തരുത്* എന്ന്. ഇത് അനുസരിക്കാത്തവരൊക്കെ അതിന്റെ തിക്തഫലം അനുഭവിച്ചിട്ടുമുണ്ട്. കപ്യാരന്മാരിൽ നിലവാരത്തിനൊത്തുയരാത്തവരും, പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരും ഇല്ലന്നല്ല പറയുന്നത്. അതിന്റെ പ്രധാന കാരണം അവരുടെ താഴ്ന്ന വിദ്യാഭ്യാസ നിലവാരവും, തുഛവരുമാനവും, സാമൂഹിക അസമത്വവുമാണ്. ഇവ മാറ്റിയെടുക്കാൻ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കാവുന്നത് വൈദികർക്കു മാത്രമാണ്.

കപ്യാരുടെ സ്ഥാനപ്പേര് *മുഖ്യ ശുശ്രൂഷകൻ* എന്നോ *ചർച്ച് ഓഫീസർ* എന്നോ മാറ്റിയതുകൊണ്ടോന്നും അവരുടെ സാമൂഹിക നിലവാരത്തിനു മാറ്റമുണ്ടാകില്ല. നൂറ്റാണ്ടുകളിലൂടെ പാടിപ്പതിഞ്ഞ *കപ്യാർ* എന്ന പദപ്രയോഗം ഇല്ലാതാവുകയുമില്ല. പകരം പൂജക ബഹുവചനം ചേർത്ത് വൈദീകരടക്കം *കപ്യാരച്ചൻ* എന്നു സംബോധനചെയ്യുകയും - അവരുടെ പ്രായം എന്തായാലും - ചെയ്യിക്കുകയും ചെയ്യുക.

നസ്രാണികളും പരിഗണിക്കേണ്ട ഒന്നുണ്ട്. കപ്യാരച്ചനില്ലാതെ കത്തനാരച്ചന് കർമ്മം പൂർത്തിയാക്കാനാവില്ല. അതിനാൽ അവർക്ക് മാന്യമായ ശമ്പളവും പെരുമാറ്റവും നൽകണം. *എടാ കപ്യാരേ* മുതലായ ധാർഷ്ട്യം നിറഞ്ഞ സംബോധനകൾ ഒഴിവാക്കണം. സ്തേഫാനോസിനടുത്ത ശെമ്മാശന്മാരുടെ ഗണത്തിന്റെ *ഒരു അകാല പ്രജ* എന്ന പരിഗണനയെങ്കിലും അവർക്ക് നൽകണം. വിവാഹാദി അടിയന്തിരങ്ങൾക്ക് *അച്ചനെ വിളിക്കണം* എന്നതിനു പകരം *അച്ചനെയും കപ്യാരച്ചനയും വിളിക്കണം* എന്നു ചിന്തിക്കുന്ന ഒരു സംസ്ക്കാരം രൂപപ്പെടണം. അടിയന്തിരാദികൾക്ക് *വിളിയാചാത്തം* ഉണ്ണാൻ വരേണ്ട ഒരു *പള്ളിത്തൊഴിലാളിയാണ്* കപ്യാരച്ചൻ എന്ന മനോഭാവം മാറണം.

കപ്യാരച്ചൻമാരും താൻ *വിളിക്കപ്പെട്ട വിളിക്ക് യോഗ്യമാകുംവിധം* പ്രവർത്തിക്കണം. വി. കുർബാന തക്സായുടെ അവസാനം വൈദികൻ ചൊല്ലുന്ന.... *കർത്താവെ, നിന്റെ ഭവനത്തിലേയും നിന്റെ തിരുനിവാസ സ്ഥലത്തേയും പരിചരണത്തെ ഞാൻ ഇഷ്ടപ്പെട്ടു*....എന്ന ഭാഗം കപ്യാരച്ചനും ബാധകമാണ്.



അഗ്നിമീളേ പുരോഹിതം

■ സി. ഉത്തമക്കുറുപ്പ്

ധർമ്മകർമ്മങ്ങൾ ചെയ്യിക്കുന്ന ആൾ ആണ് പുരോഹിതൻ. 'പുരഃ' ശബ്ദത്തിന് 'മുമ്പിൽ' എന്നർത്ഥം. 'ഹിതഃ' ശബ്ദത്തിന് ഇഷ്ടം, മംഗളം, ഉചിതം, ഗുണകരം എന്നൊക്കെ അർത്ഥമുണ്ട്. രണ്ടും ചേർത്ത്, 'കർമ്മങ്ങൾക്ക് മുമ്പിൽ നിർത്തപ്പെട്ട ആൾ'എന്ന അർത്ഥത്തിൽ പ്രയോഗം വന്നു.

വിവാഹം. ചരമാനന്തര ക്രിയകൾ മുതലായവ ചെയ്യിക്കുന്ന ആൾ കുലപുരോഹിതൻ. സമൂഹത്തിൽ കുലങ്ങൾ എന്ന കൂട്ടായ്മകൾ വർദ്ധിച്ചപ്പോൾ, കുലപുരോഹിതരും പെരുകി.

ആദ്ധ്യാത്മിക ചിന്താസംഹിതകളുടെ ക്രമം, വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ എന്നിങ്ങനെയാണ്. വേദങ്ങളുടെ അനുബന്ധം ബ്രാഹ്മണങ്ങൾ, ബ്രാഹ്മണങ്ങളുടെ അനുബന്ധം ആരണ്യകങ്ങൾ, ആരണ്യകങ്ങളുടെ അനുബന്ധം ഉപനിഷത്തുകൾ. ഇവയിൽ എല്ലാം കൂടി നിറഞ്ഞുനിൽക്കുന്ന ആദ്ധ്യാത്മിക തത്വങ്ങളുടെ ഉദ്ബോധനത്തിന്നായി വിരചിതങ്ങളായ, കഥാഖ്യാനപ്രധാനങ്ങളായ, ബൃഹത്കാവ്യങ്ങളാണ് പുരാണങ്ങൾ. സംഭവങ്ങളും കഥകളും പുരാണങ്ങളിൽ പ്രതിപാദ്യങ്ങളാണ്.

വേദസൂക്തങ്ങളുടെ കർമ്മപരമായ വ്യാഖ്യാനങ്ങളാണ് ബ്രാഹ്മണങ്ങൾ. അവയുടെ മുഖ്യഭാഗമാണ് വൈദികക്രിയകളുടെ വിവരണം. വൈദികക്രിയകളിൽ (ശ്രൗതകർമ്മങ്ങളിൽ) സർവ്വപ്രധാനം യാഗങ്ങൾ. അതുകൊണ്ട്, ശ്രൗതഭാഷയിൽ 'കർമ്മം' എന്ന പദത്തിനു തന്നെ യാഗം എന്ന അർത്ഥം വന്നു. യാഗം ചെയ്തയാൾ 'കർമ്മി.'

യാഗങ്ങൾ രണ്ടു വിധം: സോമയാഗം, ഹവിര്യാഗം. അഗ്ന്യാധാനം മുതലുള്ള ക്രിയകളും, നക്ഷത്രേഷ്ടികൾ, അഗ്നിഹോത്രം, ദശപൂർണമാസങ്ങൾ, ചാതുർമാസ്യം മുതലായ ആചരണങ്ങളും യാഗങ്ങളുടെ ഭാഗങ്ങളാണ്. സർവ്വപ്രധാനങ്ങളായ ഈ കർമ്മങ്ങൾ ചെയ്യിക്കുന്ന ആൾ, അഥവാ 'ഹിത' കർമ്മങ്ങൾക്ക് മുമ്പിൽ (പുരഃ) നിൽക്കുന്ന ആൾ, 'പുരോഹിതൻ'. ഇതാണ് ആ പദവിയുടെ പ്രാധാന്യം.

യാഗാദി വൈദികകർമ്മങ്ങളുടെ വിവരണം ബ്രാഹ്മണങ്ങളിൽ ആയതുകൊണ്ട്, ബ്രാഹ്മണങ്ങളുടെ കാലത്താണ് പുരോഹിതർക്ക് സമൂഹത്തിൽ വ്യക്തമായ സ്ഥാനം കിട്ടിയത്. അന്ന് അവർ അത് അർഹിക്കുന്നുമുണ്ടായിരുന്നു. ഏതാണ്ട് മൂവായിരം കൊല്ലം മുമ്പാണിതെന്നാണ് ഗവേഷക പക്ഷം.

ഉപനിഷത്തുകളുടെ കാലത്ത് പുരോഹിതർ അദ്ധ്യാത്മജ്ഞാനികളുമായിരുന്നു. ജ്ഞാനാർജനം അവർ സ്വധർമ്മമാക്കി; ആ ജ്ഞാനം അവർ അർഹതയുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തു. അവർ സമൂഹഗുരുക്കന്മാരായി. രാജാക്കന്മാർപോലും പുരോഹിതരെ രാജഗുരുക്കന്മാരാക്കി. അവർക്ക് ഭൗതികലക്ഷ്യങ്ങൾ ഉണ്ടായിരുന്നില്ല.

പുരാണങ്ങളുടെ കാലമായപ്പോൾ, ക്രമേണ, പുരോഹിതർക്കും ഭൗതിക താൽപര്യങ്ങളുണ്ടായി, ലക്ഷ്യം പിഴച്ചുതുടങ്ങി. അതനുസരിച്ച് കർമ്മമാർഗ്ഗങ്ങളും പിഴച്ചു. ദുഷ്കർമ്മങ്ങൾ ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുക എന്നതുവരെയെത്തി അപചയം.

ഭൗതികശക്തി പുരോഹിതരെ സമൂഹത്തിലെ അധികാരസ്ഥാനങ്ങളിലെത്തിച്ചു. സ്വാർത്ഥലാഭത്തിനായി, സമൂഹത്തിൽ സാമാന്യമായും അധികാരിവർഗ്ഗങ്ങളിൽ വിശേഷമായും, അജ്ഞതയും അന്ധവിശ്വാസങ്ങളും സൃഷ്ടിക്കാനും വളർത്താനും അവർക്കു കഴിഞ്ഞു. സ്വാഭാവികമായി, സമൂഹം അവർക്കു വിധേയവും അവർ സമൂഹത്തിൽ ശക്തരുമായി. സംഘടിത മതങ്ങളിൽ ഈ നിലയ്ക്ക് സാരമായ മാറ്റം ഒരിക്കലും ഉണ്ടായില്ല. അസംഘടിത മതങ്ങളിലും സമൂഹങ്ങളിലും പുരോഹിതവാഴ്ച നീണ്ടുനിന്നുമില്ല.


മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അസംഘടിതമതങ്ങളിലും, വേദ-മന്ത്ര-തന്ത്ര-ക്രിയാദികളിൽ അറിവു നേടുന്ന അവർ, ഭൗതികാധികാരമില്ലാതെതന്നെ സമൂഹത്തിൽ പ്രബലരായി തുടരുന്നു. ക്രിയകളിൽ വിശ്വാസം ശക്തമായുള്ളവരും അറിവ് ഇല്ലാത്തവരുമായ ആളുകൾക്കു വേണ്ടി, ദക്ഷിണയായി പ്രതിഫലം സ്വീകരിച്ച്, അവർ കർമ്മങ്ങൾ ചെയ്യുന്നു; ഭൗതികശക്തി ആർജ്ജിക്കുന്നു.

യഥാർത്ഥ കർമ്മത്തിന്റെയും പൗരോഹിത്യത്തിന്റെയും വൈശിഷ്ട്യം അറിയാൻ, ഇന്നത്തെ സാഹചര്യത്തിൽനിന്നുകൊണ്ട്, വേദത്തിന്റെ ആരംഭകാലത്തേക്ക് ഒന്നു തിരിഞ്ഞുനോക്കണം. വേദങ്ങളിൽ ആദ്യത്തേതായ ഋഗ്വേദത്തിന്റെ ആരംഭത്തിൽത്തന്നെ പറയുന്നത് 'അഗ്നിമീളേ പുരോഹിതം......' എന്നാണ്. 'അഗ്നിയെ ഞാൻ പുരോഹിതനായി വന്ദിക്കുന്നു' എന്നർത്ഥം.

അഗ്നിയാണ് ആദ്യത്തെ പുരോഹിതൻ. യാഗത്തിൽ യജ്ഞകർത്താവ് അർപ്പിക്കുന്ന ഹവിസ്സുകൾ അഗ്നി സ്വീകരിച്ച് ദേവന്മാർക്ക് എത്തിച്ച്കൊടുക്കുന്നു. ഇത് എനിക്കുവേണ്ടിയല്ല, പ്രപഞ്ചത്തിനു മുഴുവനും വേണ്ടിയാണ് എന്ന സമർപ്പണത്തോടുകൂടി, 'ഇദം ന മമ' എന്നു ജപിച്ചുകൊണ്ട്, യജമാനൻ സമർപ്പിക്കുന്നതും വഹ്നി (വഹതി ഇതി വഹ്നി: = ഹവിർഭാഗം വഹിച്ച് ദേവന്മാർക്ക് എത്തിച്ചുകൊടുക്കുന്നവൻ) കൊണ്ടുവന്നുതരുന്നതുമായ ഹവിസ്സു സ്വീകരിച്ച് സന്തോഷിക്കുന്ന ആ ദേവന്മാർ ലോകത്തിന് എല്ലാ ശ്രേയസ്സുകളും നൽകുന്നു. നിസ്വാർത്ഥകർമ്മംകൊണ്ടേ ശ്രേയസ്സുണ്ടാകൂ എന്ന തത്വമാണ് ഈ യജ്ഞസങ്കൽപ്പത്തിന്റെ മർമ്മം. ബ്രഹ്മാവ് യജ്ഞത്തോടുകൂടി മനുഷ്യരെ സൃഷ്ടിച്ചു; യജ്ഞംകൊണ്ട് ദേവകൾ സന്തോഷിക്കട്ടെ. സന്തുഷ്ടരായ ദേവകൾ ലോകത്തിന് വേണ്ടതൊക്കെക്കൊടുക്കട്ടെ. അങ്ങനെ പരസ്പരം സന്തോഷിപ്പിച്ച്, എല്ലാവർക്കും ശ്രേയസ്സ് ധാരാളമായുണ്ടാവട്ടെ എന്നദ്ദേഹം കൽപ്പിച്ചു എന്ന് ശ്രീമദ് ഭഗവദ് ഗീതയിൽ പറയുന്നതിന്റെ സാരവും ഇതുതന്നെ. ഈ യജ്ഞസങ്കൽപ്പത്തിന്റെ നാടകീയമായ അവതരണമാണ് യാഗം.

വൈദിക കാർമ്മികന്റെ നിർദ്ദേശങ്ങളനുസരിച്ചാണെങ്കിലും, യാജ്ഞികൻ ചെയ്യുന്ന കർമ്മത്തിന് ഫലസിദ്ധിയുണ്ടാക്കുന്ന അഗ്നിയെ യഥാർത്ഥ പുരോഹിതനായി വന്ദിക്കുന്ന ആ സങ്കൽപ്പമാണ് സർവ്വോദാത്തമായ പുരോഹിതസങ്കൽപ്പം. നിരന്തരമായ സ്വന്തം കർമ്മത്തിനു പ്രതിഫലമായി അഗ്നി ഒന്നും സ്വീകരിക്കുന്നില്ലല്ലോ.

അറിയപ്പെടുന്ന വേദശാസ്ത്ര പണ്ഡിതനായ ലേഖകൻ ദീർഘകാലം മാതൃഭൂമി പത്രാധിപ സമിതി അംഗമായിരുന്നു. മാതൃഭൂമി ഡപ്യൂട്ടി എഡിറ്ററായി വിരമിച്ചു.



അൽമായർക്കും പരിശുദ്ധരാകാമോ?

■ ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

ചോദ്യം: *ദൈവഭക്തരായ ധാരാളം വിശ്വാസികൾ സഭയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ എന്തുകൊണ്ടാണ് പൗരോഹിത്യം ഉള്ളവരെ മാത്രം സഭ വിശുദ്ധരായി പ്രഖ്യാപിക്കുന്നത്?*

– ***പ്രദീപ് പൗലോസ്***, *മുംബൈ*

ഉത്തരം: പുതിയനിയമസഭയെ വിശുദ്ധജനം എന്നാണ് വിളിച്ചിരിക്കുന്നത്. അപ്പോ. പ്ര. 9:13, റോമ. 8: 27; 12:13; 1 കൊരി. 6:1; 1 പത്രോ. 2:). ഈ സംബോധന പഴയനിയമ അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടതാകുന്നു. പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന 'കാദോശ്' എന്ന എബ്രായപദത്തിന് സാധാരണമല്ലാത്തത്, വേർതിരിക്കപ്പെട്ടത് എന്നെല്ലാം അർത്ഥം കൽപ്പിച്ചിരിക്കുന്നു. എന്നാൽ ഈ വാക്ക് ദൈവത്തെ വിശേഷിപ്പിക്കുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്. ദൈവത്തോടു ചേരുന്നതെല്ലാം വിശുദ്ധമാണെന്നു വചനം പഠിപ്പിക്കുന്നു. അതുകൊണ്ട് മാലാഖമാർ വിശുദ്ധരാകുന്നു. വേർതിരിക്കപ്പെട്ട യിസ്രായേൽ ദൈവത്തിന് വിശുദ്ധജനമാകുന്നു (പുറ.19:6). ഇതേപോലെ കർത്താവിനായി വേർതിരിക്കപ്പെട്ട പുതിയനിയമസഭയും വിശുദ്ധമാകുന്നു.

പരിശുദ്ധനായി പ്രഖ്യാപിക്കുന്ന രീതി പ്രധാനമായും കത്തോലിക്കാ സഭാ നടപടിക്രമങ്ങളിലാണ് കാണുന്നത്. ഓർത്തഡോക്സ് സഭയുടെ പഴയ നടപടിക്രമങ്ങളിൽ ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള ഒരു ക്രമം ഉള്ളതായി അറിവില്ല. എന്നാൽ അടുത്ത കാലത്ത് ചില പ്രഖ്യാപനങ്ങൾ സഭയിൽ നടന്നിട്ടുണ്ട്. പൗരോഹിത്യത്തിന്റെ അടിസ്ഥാനത്തിലല്ല, ജീവിതകാലത്തും വാങ്ങിപ്പോയതിനുശേഷവും അവരിൽ നിലനിന്ന ജീവിത മഹത്വത്തെയും അവരിലൂടെ ദൈവം പ്രവർത്തിച്ച അദ്ഭുത പ്രവർത്തനത്തെയും അടിസ്ഥാനമാക്കിയാണ് ഈ പ്രഖ്യാപനങ്ങൾ നടത്തുന്നത്.



സഭയിലെ ഒരു സാധാരണ വ്യക്തിയിലൂടെ ദൈവം അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടാൽ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് തടസ്സമായ പ്രമാണങ്ങൾ ഒന്നും നിലവിലില്ലായെന്നാണ് എന്റെ ഉറച്ച വിശ്വാസം. നമ്മുടെ സഭയിൽ പൗരോഹിത്യത്തോടു ബന്ധമില്ലാത്ത വിശുദ്ധന്മാരും, ശുദ്ധിമതികളും ഉണ്ട്. ഉദാഹരണങ്ങൾ – മാർ ബഹനാൻ സഹദായും മാർ കുരിയാക്കോസ് സഹദായും മാതാവ് യൂലിത്തിയും മർത്തശ്മുനിയും ഏഴു മക്കളും. എന്തിനേറെ ചിന്തിക്കണം, പരിശുദ്ധന്മാരുടെ രാജ്ഞി, പരിശുദ്ധയായ കന്യകാമറിയം പൗരോഹിത്യത്താലല്ല പരിശുദ്ധയായിത്തീർന്നത് എന്ന് അറിഞ്ഞാലും. ഇവിടെ ഒരു കാര്യവും കൂടെ വ്യക്തമാക്കട്ടെ, വിശുദ്ധനെന്നും പരിശുദ്ധനെന്നും ഉപയോഗിക്കുന്നത് ഒരേ അർത്ഥത്തിൽ തന്നെയാകുന്നു.

ചോദ്യം: *കത്തോലിക്കാ സഭയുടെ രീതിയനുസരിച്ച് പുരോഹിതൻ വിവാഹത്തിനു മുമ്പായി തന്നെ പള്ളിയിൽവച്ച് വധൂവരൻമാർക്ക് പരസ്പരം വിവാഹം ചെയ്യാൻ സമ്മതമാണോ എന്ന് ചോദിക്കുന്നു. സമ്മതമെങ്കിൽ മാത്രം വിവാഹവുമായി മുന്നോട്ടുപോകുന്നു. എന്തുകൊണ്ടാണ് ഓർത്തഡോക്സ് വിശ്വാസികൾ ഇപ്രകാരം മനസ്സമ്മതം നടത്താത്തത്.*

– ***എലിസബത്ത് കുര്യൻ***, *പാല*

ഉത്തരം: ഓരോ സഭയ്ക്കും അതാതിന്റെ തനതായ വിശ്വാസ ആചാരാനുഷ്ഠാനങ്ങളും അതിനെല്ലാം അവർ കൊടുത്തിരിക്കുന്ന വ്യാഖ്യാനങ്ങളും ഉണ്ട്. കത്തോലിക്കാ സഭയിലെ പല നടപടികളും ഓർത്തഡോക്സ് സഭയിലില്ലാത്തതും ഓർത്തഡോക്സ് സഭയുടെ വ്യാഖ്യാനമനുസരിച്ച് ആവശ്യമില്ലാത്തതുമാകുന്നു. അതുപ്രകാരം വിവാഹത്തിനു മുമ്പുള്ള മനസ്സമ്മതം എന്ന നടപടി നമ്മുടെ സഭയിൽ നടപ്പാക്കിയിട്ടില്ല. അതിനു പകരം വിവാഹസമ്മതം രേഖപ്പെടുത്തുന്ന, വിവാഹനിശ്ചയ കുറി കൈമാറ്റം, വരന്റെയും വധുവിന്റെയും അവരുടെ രക്ഷാകർത്താക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഇടവക വികാരിയുടെ കാർമ്മികത്വത്തിൽ നടത്തുന്ന രീതി നിലവിലുണ്ട്. ഇതെല്ലാം ഉണ്ടെങ്കിലും, വിവാഹം നടത്തിക്കിട്ടുന്നതിനായി വരന്റേയും വധുവിന്റേയും അപേക്ഷ ഇടവക വികാരിക്ക്, വിളിച്ചുചൊല്ലു കുറിയോടൊപ്പം നൽകുന്നത് ആവശ്യമാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അങ്ങനെ ചിന്തിക്കുമ്പോൾ കത്തോലിക്കാ സഭയിലെ മനസ്സമ്മതം കാര്യപ്രസക്തമാണെന്നു വരുന്നു.

മെൽത്തോ 2011



എറണാകുളം മേഖലയിലെ രണ്ടാമത്തെ ഓർത്തഡോക്സ് കൺവൻഷൻ–മെൽത്തോ 2011 **ഫെബ്രുവരി 18, 19, 20 (വെള്ളി, ശനി, ഞായർ) തീയതികളിൽ എറണാകുളം രാജേന്ദ്ര മൈതാനത്ത്** നടക്കും. മുൻവർഷത്തെപ്പോലെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ.യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ നേതൃത്വത്തിലും നഗരപരിധിയിലുള്ള പള്ളികളുടെ സഹകരണത്തിലുമായിരിക്കും ഈ വർഷത്തെ വചനോത്സവവും നടത്തപ്പെടുന്നത്. 18–ാം തീയതി റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വായും 19–ാം തീയതി റവ. ഫാ. വിൽസൺ മാത്യുവും (പത്തനംതിട്ട ബേസിൽ ദയറ) 20–ാംതീയതി റവ. ഫാ. ഡോ. ഒ. തോമസും വചന ശുശ്രൂഷ നടത്തുന്നതായിരിക്കും. എല്ലാ ദിവസവും വൈകിട്ട് അഞ്ചര മണിക്ക് സന്ധ്യാപ്രാർത്ഥനയോടും ഗാനശുശ്രൂഷയോടും കൂടി സമ്മേളനം ആരംഭിക്കും. ശനിയാഴ്ച രാവിലെ സ്ത്രീകൾക്കുവേണ്ടിയുള്ള ക്ലാസും ഞായറാഴ്ച രാവിലെ യുവജനങ്ങൾക്കു വേണ്ടിയുള്ള ക്ലാസും ഉണ്ടായിരിക്കുന്നതാണ്.

പരി. പൗലോസ് ദ്വിതീയൻ ബാവാ മലങ്കരയുടെ മഹാഇടയൻ

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആരൂഢനായി.

നവംബർ 1-ാം തീയതി പരുമല പുണ്യഭൂമിയിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് സ്ഥാനത്യാഗം ചെയ്ത പരി. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ മുഖ്യകാർമികത്വം വഹിച്ചു.

പൗരസ്ത്യ ദേശത്തെ 91-ാം കാതോലിക്കായും 21-ാമത് മലങ്കര മെത്രാപ്പോലീത്തായും മലങ്കര ഓർത്തഡോക്സ് സഭയുടെ എട്ടാമത്തെ കാതോലിക്കായും ആണ് നവാഭിഷിക്തനായ പരി. പൗലോസ് ദ്വിതീയൻ ബാവാ.

2006 ഒക്ടോബർ 12-ാം തീയതി പരുമലയിൽ കൂടിയ മലങ്കര അസോസിയേഷൻ കുന്നംകുളം ഭദ്രാസനാധിപനായ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയെ നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തിരുന്നു.

പിൻഗാമിയായി നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യപ്പെട്ടതോടെ പരി. ദിദിമോസ് ബാവാ വലിയ ബാവായായി.

ഒക്ടോബർ 29-ാം തീയതി 90 വയസ് പൂർത്തിയാക്കിയ പരി. ദിദിമോസ് കാതോലിക്ക ബാവ പരുമലയിൽ നവതി ആഘോഷിച്ചതിനു ശേഷം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന സുന്നഹദോസിലാണ് സ്ഥാനത്യാഗം പ്രഖ്യാപിച്ചത്.



ഓക്സിയോസ് ... ഓക്സിയോസ് ... ഓക്സിയോസ് ...

85-ാം ജന്മദിനത്തിൽ (2005 ഒക്ടോബർ 29) ആണ് നിയുക്ത കാതോലിക്കായായിരിക്കെ അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തത്.

ഒക്ടോബർ 31 ന് പരുമലയിൽ വച്ച് പൗരസ്ത്യദേശത്തെ 90-ാം കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു. പിൻഗാമിയുടെ സ്ഥാനാഭിഷേക ചടങ്ങിൽ സ്ഥാനമൊഴിയുന്ന കാതോലിക്ക പങ്കെടുക്കുന്നതും സ്ഥാനം അണിയിക്കുന്നതും മലങ്കരസഭയുടെ ചരിത്രത്തിലാദ്യമായി നടന്നത് 2005 ഒക്ടോബർ 31-ാം തീയതി നടന്ന സ്ഥാനാരോഹണ ശുശ്രൂഷയിലായിരുന്നു.

മലങ്കരയിൽ ഏറ്റവും കൂടുതൽ കാതോലിക്കാ സ്ഥാനാരോഹണം നടന്നിട്ടുള്ളത് പരുമലയിലാണ്. പരി. പൗലോസ് ദ്വിതീയൻ ബാവായെ വാഴിച്ചത് പരുമലയിലെ മൂന്നാമത്തെ കാതോലിക്കാ സ്ഥാനാഭിഷേക ശുശ്രൂഷയാണ്. നിരണം വലിയ പള്ളിയിലും കോട്ടയം ഏലിയ കത്തീഡ്രലിലും രണ്ടു വീതം കാതോലിക്കാ സ്ഥാനാഭിഷേകം നടന്നു. പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണം 1975 ൽ കോട്ടയം പഴയ സെമിനാരിയിൽ നടന്നു.

Team GM

ക്രൈസ്തവലോകത്തെ കാതോലിക്കാമാർ

■ വർഗീസ് ജോൺ

പുരാതനക്രൈസ്തവ സഭകളുടെ തലവൻമാർ കാതോലിക്കോസ്, പോപ്പ്, പാത്രിയർക്കീസ് എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. മെത്രാപ്പോലീത്താമാരും ആർച്ച് ബിഷപ്പുമാരും തലവൻമാരായ സ്വതന്ത്ര സഭകളുമുണ്ട്. ഒരേസമയം ഒന്നിലധികം പദവികളിൽ അറിയപ്പെടുന്ന സഭാതലവന്മാരുമുണ്ട്. നാമമാത്രമായി ഈ പദവികൾ ഉപയോഗിക്കുന്നവരുമുണ്ട്.

പുരാതനറോമാ സാമ്രാജ്യത്തിലെ അഞ്ചു പ്രമുഖ നഗരങ്ങൾ കേന്ദ്രമാക്കി നാലും അഞ്ചും നൂറ്റാണ്ടുകളിൽ പാത്രിയർക്കേറ്റുകൾ രൂപം പ്രാപിച്ചപ്പോൾ സാമ്രാജ്യത്തിനു പുറത്ത് അതിന് തുല്യമായി വിവിധ കാതോലിക്കേറ്റുകൾ രൂപമെടുത്തു. ആ നിലയ്ക്ക് റോമാ സാമ്രാജ്യത്തിലെ പാത്രിയർക്കീസും സാമ്രാജ്യത്തിനു പുറത്തുള്ള കാതോലിക്കോസും തുല്യപദവികളാണ്. പൊതുപിതാവ്, പൊതുവിന്റെ ആൾ എന്നൊക്കെയാണ് കാതോലിക്കോസ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം.

അഞ്ചാം നൂറ്റാണ്ടിനു മുമ്പ് മുതലേ അർമേനിയൻ, ജോർജിയൻ (ഐബീരിയൻ), പൗരസ്ത്യ (പേർഷ്യൻ) സഭകളുടെ തലവൻമാർ 'കാതോലിക്കോസ്' എന്നറിയപ്പെട്ടിരുന്നു. തിഗ്രീസിലെ മഫ്രിയാനായെയും കാതോലിക്കാ എന്നു കൂടി വിളിച്ചിരുന്നു. അൽബേനിയാ (ഇപ്പോഴത്തെ അസർബൈജാൻ), അബ് ഗാസിയാ (പശ്ചിമ ജോർജിയ), അഘ്തമാർ (ഇപ്പോൾ ടർക്കിയിൽ) എന്നീ സ്ഥലങ്ങളിലും ഒരു കാലത്ത് കതോലിക്കാമാരുണ്ടായിരുന്നു.

ഇപ്പോൾ അർമേനിയായിലെ എക്മിയാഡ്സിൻ, ലബാനോനിലെ ആന്റിലിയാസ് (മുൻപ് സിലീഷ്യായിലെ സിസ്) എന്നീ സ്ഥലങ്ങളിലെ അർമേനിയൻ സഭാതലവൻമാരും ജോർജിയൻ പാത്രിയർക്കീസും മലങ്കര സഭാതലവനും കാതോലിക്കോസ് എന്നറിയപ്പെടുന്നു. ടെഹ്റാനിലെയും (ഇപ്പോൾ ഷിക്കാഗോ) ബാഗ്ദാദിലെയും അസീറിയൻ പാത്രിയർക്കീസുമാരും കാതോലിക്കാ എന്നു കൂടി അറിയപ്പെടുന്നുണ്ട്. ഈ കാതോലിക്കാമാരെല്ലാം പൂർണ്ണ സ്വതന്ത്രരാണ്. അർമേനിയൻ സഭയിൽ സുപ്രീം കാതോലിക്കോസിനു കീഴിൽ ജറുസലേമിലും കോൺസ്റ്റാന്റിനോപ്പിളിലും ഓരോ പാത്രിയർക്കീസുണ്ട്. അങ്ങനെ ക്രൈസ്തവലോകത്ത് ആറു പേർ ഇപ്പോൾ കാതോലിക്കോസ് എന്നറിയപ്പെടുന്നു.

ക്രൈസ്തവലോകത്ത് പോപ്പ് (മാർപാപ്പ) എന്നു വിളിക്കപ്പെടുന്ന മൂന്നു സഭാ തലവൻമാരുണ്ട്. റോമിലെ മാർപാപ്പായെ കൂടാതെ ഈജിപ്റ്റിലെ കോപ്റ്റിക്-ബൈസന്റയിൻ (ഗ്രീക്ക്) ഓർത്തഡോക്സ് പാത്രിയർക്കീസുമാർ പുരാതനകാലം മുതലേ ഈ സ്ഥാനപ്പേരിൽ അറിയപ്പെടുന്നു.

പുരാതനറോമാ സാമ്രാജ്യത്തിലെ റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാന്ത്രിയ, അന്ത്യോഖ്യാ, ജറുസലേം എന്നീ നഗരങ്ങളിലെ ബിഷപ്പുമാർക്ക് നാലും അഞ്ചും നൂറ്റാണ്ടുകളിൽ നൽകപ്പെട്ട പദവിയാണ് 'പാത്രിയർക്കീസ്.' ആധുനികകാലത്ത് സ്വയംശീർഷകത്വമുള്ള പൗരസ്ത്യ സഭകളുടെ തലവൻമാർക്കും പാത്രിയർക്കീസ് എന്ന പദവിയുണ്ട്. നാമമാത്രമായി ഈ സ്ഥാനപ്പേര് ഉപയോഗിക്കുന്നവരുമുണ്ട്. ഇപ്പോൾ മുപ്പതിൽപരം സഭാദ്ധ്യക്ഷന്മാർ പാത്രിയർക്കീസ് എന്നറിയപ്പെടുന്നു. ഗോവയുടെയും ഡാമിന്റെയും മെത്രാപ്പോലീത്താ, 'ഈസ്റ്റ് ഇൻഡീസ് പാത്രിയർക്കീസ്' എന്നു കൂടി അറിയപ്പെടുന്നു. ഇന്ത്യയിൽ നാമമാത്രമായിട്ടാണെങ്കിലും പാത്രിയർക്കീസ് എന്നറിയപ്പെടുന്ന ഏക സഭാദ്ധ്യക്ഷനാണ് അദ്ദേഹം.

പൗരസ്ത്യ കാതോലിക്കാ

മാർ തോമ്മാ ശ്ലീഹാ സഭ സ്ഥാപിച്ച പേർഷ്യൻ സാമ്രാജ്യത്തിൽ സെലൂഷ്യാ-സ്റ്റെസിഫോണിലെ മെത്രാനായിരുന്ന

ക്രൈസ്തവ ലോകത്ത് ഇപ്പോഴുള്ള കാതോലിക്കാമാർ

1. കരേക്കിൻ രണ്ടാമൻ നർസിസിയാൻ – അർമേനിയൻ സഭ (എക്മിയാഡ്സിൻ)
2. ആരാം ഒന്നാമൻ കെഷീഷിയാൻ – അർമേനിയൻ സഭ (അന്റിലിയാസ്, ലബാനോൻ)
3. ഇലിയാ രണ്ടാമൻ – ജോർജിയൻ സഭ (ത്ബിലിസി)
4. ദിൻഹാ നാലാമൻ ഹനാനിയാ-അസിറിയൻ സഭ (ടെഹറാൻ; ഇപ്പോൾ ഷിക്കാഗോ)
5. അദ്ദായി രണ്ടാമൻ ശ്ലേമോൻ ഗീവർഗീസ് – അസിറിയൻ സഭ (ബാഗ്ദാദ്)
6. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ – മലങ്കരസഭ

പാപ്പാ ബർ ഗഗായി (285-327) ആകമാനപേർഷ്യൻ സഭയുടെ നേതൃത്വമേറ്റെടുക്കുകയും എഡി 315 ൽ 'കാതോലിക്കോസ്' എന്ന പദവി സ്വീകരിക്കുകയും ചെയ്തു. ഇദ്ദേഹമാണ് ക്രൈസ്തവ സഭാ ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ കാതോലിക്കാ. ഈ സ്ഥാനമാണ് എഡി 410 മുതൽ പൗരസ്ത്യ കാതതോലിക്കാ എന്നറിയപ്പെടുന്നത്. സെലുക്യായിലെ വലിയ മെത്രാപ്പോലീത്താ 'കാതോലിക്കാ' എന്ന പദവി സ്വീകരിച്ചത് എഡി 231 ലാണെന്നും അഭിപ്രായമുണ്ട്. പൗരസ്ത്യ കാതോലിക്കാ എഡി 424ൽ പാത്രിയർക്കീസ് എന്ന സ്ഥാനസംജ്ഞയും സ്വീകരിച്ചു. പേർഷ്യൻ സഭ എഡി 486 ൽ അന്ത്യോഖ്യൻ വേദശാസ്ത്രം സ്വീകരിക്കുകയും നെസ്തോറിയോസിനെയും മറ്റും സഭാ പിതാക്കൻമാരായി അംഗീകരിക്കുകയും ചെയ്തു. ഇവിടുത്തെ സഭാദ്ധ്യക്ഷൻമാരെ ബാബിലോൺ പാത്രിയർക്കീസ് എന്നും അസീറിയൻ (നെസ്തോറിയൻ) കാതോലിക്കാ എന്നും സഭാ ചരിത്രത്തിൽ സൂചിപ്പിക്കാറുണ്ട്. ഈ സഭയും സ്ഥാനികളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

എന്നാൽ അസിറിയൻ (നെസ്തോറിയൻ) സഭയോടു ചേരാതെ പേർഷ്യയിൽ താമസിച്ചിരുന്ന അലക്സാന്ത്ര്യൻ വേദശാസ്ത്രം സ്വീകരിക്കുന്ന ന്യൂനപക്ഷമായ വിശ്വാസികൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴിലായിരുന്ന 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ'മാർ എഡി 559 മുതലും തിഗ്രീസിലെ 'മഫ്രിയാനാ'മാർ എഡി 629 മുതലും നേതൃത്വം നൽകി. സെലുക്യായിലെ പൗരസ്ത്യ കാതോലിക്കേറ്റിനു പകരമായി തിഗ്രീസിലെ മഫ്രിയാനേറ്റ് സ്ഥാപിച്ചതുകൊണ്ട് മഫ്രിയാനാമാരെ ചിലപ്പോൾ കാതോലിക്കാ എന്നും വിളിച്ചിരുന്നു. 1863 ൽ ഈ സ്ഥാനം നിന്നുപോയി.

മാർ തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കര സഭ, ഒരുകാലത്ത് (1599 വരെ) സെലൂക്യായിലെ പൗരസ്ത്യ കാതോലിക്കായെയും പിന്നീട് അന്ത്യോഖ്യാ പാത്രിയർക്കീസിനെയും ആത്മീയ മേലധികാരി (വേദതലവൻ) ആയി സ്വീകരിച്ചിരുന്നു. ഇക്കാലത്തൊക്കെയും പൗരസ്ത്യ-പാശ്ചാത്യസുറിയാനി മേൽപട്ടക്കാരുടെ സാന്നിദ്ധ്യവും മലങ്കരയിലുണ്ടായിരുന്നു. എങ്കിലും തദ്ദേശീയരായ അർക്കദ്യാക്കോന്മാരും (1653 വരെ) മാർത്തോമ്മാ മെത്രാന്മാരും (1653-1815) മലങ്കര മെത്രാപ്പോലീത്താമാരും (1815-1934) മലങ്കര സഭയുടെ ലൗകീകവും ആത്മീയവുമായ ഭരണാധികാരം നിർവ്വഹിച്ചുവന്നു. മലങ്കരയിൽ 1912 സെപ്റ്റംബർ 15 ന് പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിച്ചു. മലങ്കര മെത്രാപ്പോലീത്താ കൂടിയായ പൗരസ്ത്യ കാതോലിക്കാമാർ സഭാ ഭരണഘടനപ്രകാരം 1934 മുതൽ സഭാഭരണം നിർവ്വഹിക്കുന്നു.

മാർ തോമ്മാ ശ്ലീഹായിൽ തുടങ്ങി പൗരസ്ത്യദേശത്തെ 91-ാമത്തെയും മലങ്കരയിലെ എട്ടാമത്തെയും കാതോലിക്കായും 21-ാമത്തെ മലങ്കര മെത്രാപ്പോലീത്തായുമാണ് പുതിയതായി സ്ഥാനാരോഹണം ചെയ്ത പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ.

മലങ്കരയിലെ ആദ്യത്തെ പൗരസ്ത്യ കാതോലിക്കാ പരിശുദ്ധ ബസേലിയസ് പൗലോസ് ഒന്നാമൻ ബാവാ (മുറിമറ്റത്തിൽ ബാവാ) ആയിരുന്നു. 1912 സെപ്റ്റംബർ 15 നായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനാരോഹണം. 2012 ൽ കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷിക്കുന്നതിന് നിയോഗം ലഭിക്കുന്നത് രണ്ടാമത്തെ പൗലോസ് ബാവായ്ക്കാണ്.

"യുവജനങ്ങളെ സഭയോട് കൂടുതൽ അടുപ്പിക്കും"

നവാഭിഷിക്തനായ പരി. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ജോർജിയൻ മിററിനു നൽകിയ അഭിമുഖം

♦ ***കാ****തോലിക്കേറ്റിന്റെ നൂറാം ആണ്ടിൽ, വിശുദ്ധ തോമാശ്ലീഹായുടെ സിംഹാസനത്തിൽ, പരിശുദ്ധ സഭയെ നയിക്കുന്ന മഹാഇടയന്റെ ശുശ്രൂഷ ദൈവം തിരുമേനിയെ ഭരമേൽപ്പിച്ചിരിക്കുന്നു. എങ്ങനെയാണ് അങ്ങ് ഇതിനെ കാണുന്നത്?*

ദൈവം തമ്പുരാൻ ഏൽപ്പിക്കുന്ന നിയോഗങ്ങൾ സത്യസന്ധമായും, ആത്മാർത്ഥമായും നിറവേറ്റാനുള്ള വിവേകവും പ്രാപ്തിയും നൽകണമേ എന്ന പ്രാർത്ഥനയോടെ ഈ ശുശ്രൂഷ നിർവ്വഹിക്കുവാൻ ആഗ്രഹിക്കുന്നു.

മലങ്കരസഭയുടെ സ്വാതന്ത്ര്യവും, ദേശീയഭാവവും ആരുടെയും മുന്നിൽ അടിയറ വയ്ക്കേണ്ടതല്ല

♦ *മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുമ്പോൾ അങ്ങേക്ക് എന്ത് തോന്നുന്നു?*

ഈ ഭാരിച്ച ഉത്തരവാദിത്വം ദൈവിക നിയോഗത്താലാണെന്നും അത് നിറവേറ്റുന്നതിന് ദൈവത്തിന്റെ കൃപ ധാരാളമായി ബലഹീനനായിരിക്കുന്ന എനിക്ക് ലഭിക്കുമെന്നും പ്രത്യാശിക്കുന്നു.

♦ *ഒന്നാം കാതോലിക്കാ ബാവാ പരിശുദ്ധ പൗലോസ് പ്രഥമൻ. ഇപ്പോൾ ഇതാ... നൂറാം ആണ്ടിൽ പരിശുദ്ധ പൗലോസ് ദ്വിതീയൻ. ഈ നൂറു വർഷത്തെ കാതോലിക്കേറ്റിന്റെ ജൈത്രയാത്ര തിരുമനസ്സിൽ ഉയർത്തുന്ന വികാരമെന്താണ്?*

മലങ്കരസഭയുടെ സ്വാതന്ത്ര്യവും, ദേശീയഭാവവും ആരുടെയും മുന്നിൽ അടിയറ വയ്ക്കേണ്ടതല്ല എന്നും, അതിന് ഒരു പോറലും ഏൽക്കാതെ പരിപൂർണ്ണമായിത്തന്നെ നിലനിർത്തപ്പെടേണ്ടതുണ്ട് എന്നുമുള്ള ഒരു വികാരമാണ് നമ്മെ ശക്തമായി ഭരിക്കുന്നത്.

♦ *പരിശുദ്ധ ദിദിമോസ് ബാവാ തിരുമേനിയുടെ കാലം തിരുമേനി എങ്ങനെ വിലയിരുത്തുന്നു?*

തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയ ഒരു പരിശുദ്ധ പിതാവാണ് പ.ദിദിമോസ് വലിയ ബാവാ തിരുമേനി. അദ്ദേഹത്തിന്റെ ഭരണകാലം മലങ്കര സഭാ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ടവയാണ്. അഞ്ചു വർഷം നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഭരണകാലത്ത് പതിനാലു പേരെ മെത്രാപ്പോലീത്താമാരായി വാഴിക്കുവാനും ഏഴ് പുതിയ ഭദ്രാസനങ്ങൾക്ക് രൂപം നൽകുവാനും, വിശുദ്ധ മൂറോൻ, വിശുദ്ധ സൈത്ത് കൂദാശകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുവാനും പരിശുദ്ധ വലിയ ബാവാ തിരുമേനിക്കു കഴിഞ്ഞു. സഭാമക്കളുടെ മാനസിക ഊർജ്ജം വർദ്ധിപ്പിക്കുവാൻ ഇരുപത്തയ്യായിരം പേരെ പ്രതീക്ഷിച്ച മഹാസമ്മേളനത്തിൽ ഒന്നര ലക്ഷം പേരുടെ സാന്നിദ്ധ്യം തിരുമേനിയുടെ നേതൃത്വ ശോഭ വർദ്ധിപ്പിച്ച ഒന്നാണ്. ആ പിതാവ് അധികാരത്തിൽ ഇരിക്കുമ്പോഴും അതീവ വാൽസല്യത്തോടെ എന്നെ കരുതുകയും സ്നേഹിക്കുകയും ചെയ്തതും, തന്റെ പിൻഗാമിയായി പൂർണ്ണ മനസ്സോടെ നമ്മെ വാഴിക്കുകയും ചെയ്തതും ആ പിതാവിന്റെ ഹൃദയവിശാലതയുടെയും നൈർമല്യത്തിന്റെയും അടയാളമായി മലങ്കരസഭ മനസിലാക്കുന്നു.



1934 ലെ മലങ്കരസഭ ഭരണഘടനയ്ക്ക് വിധേയമായുള്ള ഏതു നിർദ്ദേശത്തിലൂടെയും സഭയിൽ സമാധാനം സൃഷ്ടിക്കുവാൻ നമുക്കു താൽപ്പര്യമാണ്.

♦ *അടുത്ത പത്തു വർഷത്തേക്കുള്ള തിരുമേനിയുടെ മുൻഗണനകൾ എന്തെല്ലാമാണ്?*

സഭാപരമായി വിശ്വാസസത്യങ്ങളും, പാരമ്പര്യങ്ങളും നിലനിർത്തി സഭാമക്കളുടെ ആത്മീയ ചൈതന്യം വർദ്ധിപ്പിക്കുക. ദൈവസാന്നിദ്ധ്യബോധമുള്ള കുടുംബാന്തരീക്ഷം സൃഷ്ടിക്കുക. യുവജനങ്ങളെ സഭയോട് കൂടുതൽ അടുത്തു നിർത്തുക. സ്ത്രീകൾക്ക് സഭയിൽ കൂടുതൽ പങ്കാളിത്തം നൽകുക. സാമൂഹ്യപരമായി ദരിദ്രരേയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേകമായി കരുതുക. മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപഭോഗം, സുഖലോലുപത, അന്യായമായ ധനവിനിയോഗം ആദിയായവ കുറച്ചു കൊണ്ടുവരുവാൻ ശ്രമിക്കുക.

♦ *സഭയിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് അങ്ങേക്ക് തോന്നിയിട്ടുണ്ടോ?*

മാറ്റങ്ങൾ എപ്പോഴും ആവശ്യമാണ്. അത് ഏതെല്ലാം മേഖലകളിൽ എങ്ങനെ, എന്നെല്ലാം ചിന്തിച്ച് ചെയ്യേണ്ടതുണ്ട്.

♦ *സഭയ്ക്ക് ധാരാളം untapped potential ഉണ്ട്. അൽമായരെ സഭയിൽ കൂടുതൽ സജീവരാക്കുന്ന പ്രവർത്തനരീതി സഭയ്ക്കുണ്ടാകണം എന്ന് കേൾക്കാറുണ്ട്. തിരുമനസ്സിന്റെ ചിന്തയെന്താണ്?*

ദൈവഭയവും സഭാസ്നേഹവുമുള്ള ആത്മായരുടെ പങ്കാളിത്തം, സഭാ പ്രവർത്തനങ്ങളിൽ വർദ്ധിക്കേണ്ടിയിരിക്കുന്നു. സഭയിൽ കഴിവും പ്രാപ്തിയുമുള്ള അത്മായരുടെ സേവനം പലപ്പോഴും പിന്തള്ളപ്പെടുന്നു എന്ന ചിന്ത നമ്മിൽ ശക്തിയായി ഉണ്ട്.

♦ *ക്രിസ്തീയസഭയുടെ ദേശീയതയെപ്പറ്റി ധാരാളം ചർച്ച ചെയ്യപ്പെടുന്നു. നമ്മുടെ സഭയുടെ ദേശീയതയെപ്പറ്റി പരിശുദ്ധ ബാവാ തിരുമേനിയുടെ കാഴ്ചപ്പാട് എന്താണ്?*

സഭയുടെ ദേശീയ ഭാവം സഭയുടെ വികസനത്തിനും വളർച്ചയ്ക്കും ആവശ്യമാണ്. ഭരണപരമായി ഒരു ദേശീയ ഭാവം നിലനിൽക്കുന്ന സഭയാണ് നമ്മുടേത്.

♦ *അങ്ങയുടെ ആദർശപുരുഷനായ പരി. മാത്യൂസ് പ്രഥമൻ ബാവായുടെ സ്വപ്നമാണ് അഖിലഭാരത സഭ. ആ ലക്ഷ്യത്തിൽ സഭ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ട്?*

അഖില ഭാരതസഭ എന്ന സങ്കൽപ്പത്തിൽനിന്നും നമ്മുടെ പൈതൃകം നഷ്ടപ്പെടാതെ (മാർ ത്തോമ്മാ ശ്ലീഹായുടെ പിൻഗാമികൾ എന്ന പൈതൃകം) ഈ സഭ അന്തർദ്ദേശീയ തലത്തോളം വളർന്നു കഴിഞ്ഞിരിക്കുന്നു.

♦ *ഭിന്നത അവസാനിച്ച് സഭയിൽ ശാന്തിയും സമാധാനവും ഉണ്ടാകുന്നതിന് എന്തെങ്കിലും പദ്ധതി തിരുമനസ്സിൽ ഉണ്ടോ?*

1934 ലെ മലങ്കരസഭ ഭരണഘടനയ്ക്ക് വിധേയമായുള്ള ഏതു നിർദ്ദേശത്തിലൂടെയും സഭയിൽ സമാധാനം സൃഷ്ടിക്കുവാൻ നമുക്കു താൽപ്പര്യമാണ്.

♦ *എക്യൂമെനിസത്തിൽ, ഓർത്തഡോക്സ് വിശ്വാസവും വിശുദ്ധ പാരമ്പര്യങ്ങളും പ്രാദേശിക പാരമ്പര്യങ്ങളും ബലികഴിക്കപ്പെടുന്നു എന്ന് നമ്മുടെ വിശ്വാസികളിൽ പലരും ആശങ്കപ്പെടാറുണ്ട്. അങ്ങയുടെ കാഴ്ചപ്പാട് എന്താണ്?*

21-ാം നൂറ്റാണ്ടിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തെ നമുക്ക് തള്ളിക്കളയുവാൻ സാധ്യമല്ല; അതാത് സഭകളുടെ തനിമയും പാരമ്പര്യവും നിലനിർത്തിക്കൊണ്ട് ഒന്നിച്ച് പ്രവർത്തിക്കാവുന്ന മേഖലകളിൽ പരസ്പര ബഹുമാനത്തോടെയും ധാരണയോടെയും ഐക്യത്തോടെയും ക്രിസ്തീയ സഭകൾ ഒന്നിച്ച് പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെയും കൂടി ആവശ്യമാണ്.

♦ *ഇന്ന് ലോകമെമ്പാടും മലങ്കരസഭയുടെ മക്കൾ ഉണ്ട്. Diaspora Churches ഇന്ന് സഭയുടെ ഒരു പ്രധാന ഘടകം ആണ്. എല്ലാവരെയും ഏകോപിപ്പിക്കുന്ന എന്തെങ്കിലും പ്രത്യേക സംവിധാനം സഭയ്ക്ക് ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇക്കാര്യത്തിൽ അങ്ങ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?*

സഭാ ഭരണഘടനയും, മാർത്തോമ്മാ പാരമ്പര്യവും Diaspora Churchesനെ ഏകോപിപ്പിക്കുന്ന ഘടകങ്ങളാണ്. എന്നാൽ അതാത് രാജ്യത്തിന്റെ അല്ലെങ്കിൽ പ്രദേശത്തിന്റെ നിയമങ്ങൾക്ക് വിധേയമായി മലങ്കര സഭാമക്കളുടെ ആരാധനാ സൗകര്യങ്ങൾ ക്രമീകരണം ചെയ്യേണ്ടിവരുന്നുണ്ട്.

♦ *സഭയുടെ പ്രസിദ്ധീകരണങ്ങൾക്ക് ഇന്ന് അർഹിക്കുന്ന ഒരു പ്രാധാന്യം ലഭിക്കുന്നുണ്ടോ?*

സഭയുടെ വളർച്ചയ്ക്കും, കെട്ടുറപ്പിനും അനുയോജ്യമായ രീതിയിൽ പ്രസിദ്ധീകരണങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. അത്തരം പ്രസിദ്ധീകരണങ്ങൾക്ക് സഭയിൽ അർഹമായ സ്ഥാനം ഉണ്ടെന്നും, സഭാമക്കൾ അതിന് അർഹമായ പ്രാധാന്യം നൽകുന്നുണ്ടെന്നുമാണ് നമ്മുടെ വിശ്വാസം. സഭയുടേതെന്ന് പറയപ്പെടുന്ന പല വ്യാജ പ്രസിദ്ധീകരണങ്ങളും സഭയ്ക്ക് വിനാശകരമായി തീരുന്നു എന്നുള്ളതും വാസ്തവമാണ്.

♦ *ജോർജിയൻ മിറർ വായനക്കാർക്കുള്ള തിരുമേനിയുടെ സന്ദേശം.*

കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിഞ്ഞ് മലങ്കരസഭയുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും സമൂഹത്തിന്റെ പൊതുവായ നന്മയ്ക്കും ഉതകുന്ന പ്രതികരണങ്ങൾ നടത്തുവാൻ ഈ പ്രസിദ്ധീകരണത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



ഒരു മഹത്തായ സ്ഥാനത്യാഗവും ഭക്തിസാന്ദ്രമായ സ്ഥാനാഭിഷേകവും

■ ഡോ. സിബി തരകൻ

പരി. ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ സ്ഥാനാരോഹണം, മലങ്കര ഓർത്തഡോക്സ് സഭയുടെ നിർണായകമായ ഒരു ചരിത്രസന്ധി യിലാണ് നടന്നിരിക്കുന്നത്. ഭാരത ത്തിൽ കാതോലിക്കേറ്റ് സ്ഥാപിതമാ യതിന്റെ ശതാബ്ദി ആഘോഷിക്കു വാൻ തയ്യാറെടുക്കുമ്പോൾ ഈ സ്ഥാനാരോഹണം സഭയ്ക്ക് ഒരു നവചൈതന്യം പകർന്നുതരുന്നു.

മുൻഗാമികൾ കാണിച്ചുതന്ന മാർഗ്ഗത്തിൽ നിന്നു വ്യതിചലി ക്കാതെ പിൻഗാമിയെ പരി. സിംഹാ സനത്തിൽ വാഴിച്ച പരി. ദിദിമോസ് ബാവാ തിരുമേനി മലങ്കര മക്കളുടെ ഹൃദയത്തിൽ വലിയ ബാവായായി ഉയർത്തപ്പെട്ടു. എണ്ണമറ്റ ദൈവകൃപ കൾ ചൊരിഞ്ഞു നൽകിയാണ് ദിദി മോസ് ബാവാ 90-ാം വയസ്സിൽ കാതോലിക്കാ സ്ഥാനമൊഴിയുന്നത്. പുതിയ ഭദ്രാസനങ്ങൾ നിലവിൽ വന്നതോടൊപ്പം സഭയെ നയിക്കാൻ 14 മെത്രാപ്പോലീത്താമാരെ കൂടി അദ്ദേഹം വാഴിച്ചു. നാലു മൂറോൻ കൂദാശകളിൽ സഹകാർമ്മികനായി രുന്ന തിരുമേനി അഞ്ചാമത്തെ മൂറോൻ കൂദാശയിൽ പ്രധാന കാർമ്മികനായി. ലോകമെമ്പാടു മുള്ള ഓർത്തഡോക്സ് സഭകളു മായി മലങ്കരസഭയ്ക്ക് ഉറ്റബന്ധം സ്ഥാപിക്കുന്നതിന് പരിശുദ്ധ ദിദി മോസ് ബാവായ്ക്ക് ദൈവം ഇടയാ ക്കി. അർമീനിയൻ സഭാ സുപ്രീം കാതോലിക്കാ, സെലൂഷ്യയിലെ അർമീനിയൻ കാതോലിക്കാ, എത്യോപ്യൻ പാത്രിയർക്കീസ് എന്നിവരെ കൂടാതെ റഷ്യൻ സഭ യുടെ ബിഷപ്പും സഭയുടെ ക്ഷണം സ്വീകരിച്ച് കേരളത്തിലെത്തി. കോപ്റ്റിക് പോപ്പിനെ കെയ്റോ യിലും അസ്സീറിയൻ പാത്രിയർ ക്കീസിനെ ചിക്കാഗോയിലും വച്ച് പരി. ദിദിമോസ് ബാവ സന്ദർശിച്ചു. വിവിധ രാജ്യങ്ങളുടെ ഉന്നത രാഷ്ട്രീയ നേതാക്കളും അംബാസ ഡർമാരും ആത്മീയ നേതാക്കളും പരിശുദ്ധ ബാവായെ സന്ദർശിച്ചു.

മലങ്കര സഭാ ചരിത്രത്തിലെ ഒരു സുപ്രധാനനാഴികക്കല്ലാണ് 2008 നവംബർ 16 ഞായറാഴ്ച നടന്ന കോട്ടയം മഹാസമ്മേളനം. രാഷ്ട്രീയ നേതൃത്വത്തിന്റെയും മാധ്യമ ങ്ങളുടെയും സഭയോടുള്ള കാഴ്ച പ്പാട് തിരുത്തിക്കുറിച്ച ഈ റാലി ഐക്യതകൊണ്ടും അച്ചടക്കം കൊണ്ടും മാതൃകയായി. വെറും 15 ദിവസംകൊണ്ട് സംഘടിപ്പിച്ച സമ്മേളനത്തിൽ 25000 പേരെ പ്രതീ ക്ഷിച്ചപ്പോൾ വന്നെത്തിയത് ഒന്നര ലക്ഷം വിശ്വാസികൾ. പുരുഷാരം പുഴയൊഴുക്കായപ്പോൾ അക്ഷര നഗരി ജനസാഗരത്തിൽ മുങ്ങി. മല ങ്കര ഓർത്തഡോക്സ് സഭയുടെ കരുത്തുതെളിയിച്ച റാലി പുതിയ ചരിത്രം തീർത്തു. മോശയെപ്പോലെ കരങ്ങളുയർത്തി പ്രാർത്ഥിച്ച പരി. ദിദി മോസ് ബാവാ ആയിരുന്നു ഈ മഹാ സമ്മേളനത്തിന്റെ വിജയരഹസ്യം.

അവസരവാദപരമായ രാഷ്ട്രീയ കൂട്ടുകെട്ടുകൾ നടത്തി മലങ്കരസ ഭയെ ക്ഷീണിപ്പിക്കുവാൻ വിമത



വിഭാഗം നടത്തിയ ശ്രമങ്ങൾ അവർക്കു തന്നെ തിരിച്ചടിയായ കാഴ്ചയും ഈ കാലയളവിൽ കണ്ടു. 'സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കൂടിവരവ്' എന്ന് വിശേഷിപ്പിച്ച് മാസങ്ങൾ തയ്യാറെ ടുപ്പു നടത്തി 2010 ആഗസ്റ്റ് 8-ാം തീയതി വിമതവിഭാഗം ആലുവയിൽ വിളിച്ചുകൂട്ടിയ 'മഹാസമ്മേളന' ത്തിന് എത്തിയത് കഷ്ടിച്ച് 2000 പേർ! പരുമലയിലും വിഘടിത വിഭാ ഗത്തിന്റെ ശ്രമങ്ങൾ പാളി. പത്രമാ ധ്യമങ്ങളിൽ കൂടി നിരന്തരം പ്രചാ രണം നടത്തുക എന്ന ഒരിന പരി പാടി മാത്രം അഭംഗുരം തുടരുന്നു.

സമ്പത്തുകൊണ്ടും സ്വാധീനം കൊണ്ടും ഈ സഭയെ നിയന്ത്രിക്കാ മെന്നു ധരിച്ചവർക്ക് ദിദിമോസ് ബാവാ തിരുമേനിയുടെ അജപാ ലനദൗത്യം കടുത്ത വെല്ലുവിളി ഉയർത്തി. വിഷമഘട്ടങ്ങളിലെല്ലാം വിശ്വാസികൾ ഒന്നടങ്കം പരി. പിതാ വിന് പിന്തുണ നൽകി. സഭ ധീരമായ നിലപാടുകൾ കൈക്കൊള്ളണ മെന്നും വിശ്വാസികളുടെ തീക്ഷ്ണ മായ വികാരം ഏറ്റവും ഉൾക്കൊ ണ്ടത് പലപ്പോഴും ശരീരംകൊണ്ട് ക്ഷീണിതനായെങ്കിലും പ്രാർത്ഥന കൊണ്ട് മലങ്കരസഭയെ ബലപ്പെടു ത്തിയ ദിദിമോസ് ബാവാ തിരുമേനി യാണ്.

പരിശുദ്ധ സഭയുമായി ബന്ധ പ്പെട്ട കാര്യങ്ങളിലെല്ലാം സഭയുടെ വിശ്വാസവും പാരമ്പര്യവും അഭിമാ നവും ഉയർത്തിപ്പിടിച്ച വലിയ പിതാ വാണ് ദിദിമോസ് ബാവാ. വ്യക്തിപര മായ എല്ലാ നേട്ടങ്ങളെക്കാളും ഈ മഹാഇടയൻ കരുതിയത് ദൈവം തന്നെ ഭരമേൽപ്പിച്ച മലങ്കരസഭയെ യാണ്.

പരിശുദ്ധ ദിദിമോസ് ബാവാ തിരുമേനിയുടെ അഞ്ചുവർഷം മലങ്ക രയുടെ അനുഗ്രഹവർഷങ്ങളായതു പോലെ തിരുമനസ്സിന്റെ സ്ഥാനത്യാ ഗവും മലങ്കരസഭയുടെ യശസ്സ് ഉയർത്തി. മലങ്കരസഭയിലെ ഒരു നൂറ്റാണ്ട് പിന്നിട്ട തർക്കങ്ങളും വ്യവ ഹാരങ്ങളും അധികാരത്തിനു വേണ്ടിയും സ്വത്തിനു വേണ്ടിയും നടത്തുന്ന പോരാട്ടമായിട്ടാണ് സഭ യെപ്പറ്റി വേണ്ടത്ര അറിവില്ലാത്ത പൊതുസമൂഹവും നമ്മുടെ ചില വിശ്വാസികൾ പോലും കാണുന്നത്. മാധ്യമങ്ങളും ഈ തെറ്റിദ്ധാരണ പര ത്തുന്നതിൽ വലിയ പങ്ക് വഹിക്കു ന്നുണ്ട്. ഈ പശ്ചാത്തലത്തിൽ നടന്ന ഈ സ്ഥാനത്യാഗം സഭയുടെ യശസ്സ് വർദ്ധിപ്പിച്ചിരിക്കുന്നു. സഭാ തലവന് സിംഹാസനത്തിൽ തുടരു ന്നതിന് കാനോനികമായ തടസ്സ ങ്ങൾ ഒന്നുമില്ലാതിരുന്നിട്ടും പിൻഗാ മിയെ വാഴിച്ച് സ്വയം അധികാരമൊ ഴിയുന്നത് സഭയുടെ വിശ്വാസ ത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊള്ളുന്നതിന്റെ ശ്രേഷ്ഠമായ മാതൃകയായി ഏവരും മനസ്സിലാ ക്കുന്നു.

കാതോലിക്കാ സിംഹാസനം പാത്രിയർക്കീസ് ബാവായുടെ അധി കാരത്തെ വെല്ലുവിളിക്കാനാണെ ന്നും സ്വാർത്ഥപരമാണെന്നും വിമത വിഭാഗം നിരന്തരമായി നടത്തിവ

→ 37

പിൻഗാമികളെ സിംഹാസനാരൂഢരാക്കിയ മഹാത്യാഗികൾ

സ്ഥാനത്യാഗം ചെയ്യുന്ന നാലാമത്തെ കാതോലിക്കായാണ് പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ.

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞതിനെതുടർന്ന് 1975 സെപ്റ്റംബർ 24 ന് മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി മലങ്കര മെത്രാപ്പോലീത്തായായി. പരി. ഔഗേൻ ബാവാ വൈകാതെ കാതോലിക്കാ സ്ഥാനമൊഴിഞ്ഞപ്പോൾ മലങ്കര മെത്രാപ്പോലീത്തയായ മാത്യൂസ് മാർ അത്താനാസ്യോസ്, മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ 1975 ഒക്ടോബർ 27 ന് കോട്ടയം പഴയ സെമിനാരിയിൽ വെച്ച് പൗരസ്ത്യ കാതോലിക്കയായി സ്ഥാനാരോഹണം ചെയ്തു. പരി. ഔഗേൻ ബാവാ ഡിസംബർ 8 ന് കാലം ചെയ്തു.

പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ സ്ഥാനത്യാഗം ചെയ്തതിനെതുടർന്ന് 1991 ഏപ്രിൽ 27 ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റെടുത്തു. പരുമല സെമിനാരിയിൽ വെച്ച് 1991 ഏപ്രിൽ 29 ന് മാർ കൂറിലോസ് തിരുമേനി പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന നാമത്തിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

2005 ഒക്ടോബർ 29 ശനിയാഴ്ച മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായി പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനത്യാഗം ചെയ്യുകയും നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മലങ്കര മെത്രാപ്പോലീത്തായായി അതേ ദിവസം സ്ഥാനമേൽക്കുകയും ചെയ്തു. 2005 ഒക്ടോബർ 31 തിങ്കളാഴ്ച പരുമല സെമിനാരിയിൽ വെച്ച് നിയുക്ത കാതോലിക്കാ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കായായി അഭിഷിക്തനായി.

ഇപ്പോൾ പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായും മുൻഗാമികളുടെ പാരമ്പര്യം പിന്തുടർന്ന് സ്ഥാനമൊഴിയുകയും പിൻഗാമിയായി പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായെ വാഴിക്കുകയും ചെയ്തു.

വാൽക്കഷ്ണം: പരി.ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ 2005 ഒക്ടോബർ 29 ന് സ്ഥാനത്യാഗം ചെയ്തു. അതിന് രണ്ട് ആഴ്ച മുമ്പു തന്നെ മലങ്കരയിലെ വിഘടിതവിഭാഗം തലവൻ സ്ഥാനത്യാഗം ചെയ്യുകയാണെന്ന് പത്രലേഖകരെ അറിയിച്ചു.

ശ്രേഷ്ഠ കാതോലിക്കാ ബാവാ സ്ഥാനത്തുനിന്നു തന്നെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് പരി. പാത്രിയർക്കീസ് ബാവായ്ക്ക് അപേക്ഷ നൽകിയതായി അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം യാക്കോബായ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത ശേഷം പത്രലേഖരോടു സംസാരിക്കുകയായിരുന്നു തിരുമേനി.

എല്ലാ മെത്രാൻമാരും 75 വയസ്സു കഴിഞ്ഞാൽ ഒഴിയണമെന്നാണ് അഭിപ്രായം. ആരോഗ്യത്തോടും ചിന്തയോടെയും ഇരിക്കുന്ന കാലത്തു തന്നെ ഔദ്യോഗിക കൃത്യങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന ആഗ്രഹം മൂലമാണിത്. അതിനപ്പുറത്തേക്ക് പോയാൽ അപാകതയുണ്ടാകും. അതിനാലാണ് പാത്രിയർക്കീസ് ബാവായ്ക്ക് അപേക്ഷ നൽകിയിരിക്കുന്നത്. സ്ഥാനമേറ്റപ്പോൾ തന്നെ ഈ തീരുമാനമെടുത്തിരുന്നു. എന്നാൽ, അന്തിമ തീരുമാനം പാത്രിയർക്കീസ് ബാവായാണ് കൈക്കൊള്ളേണ്ടത്. അധികാരമൊഴിഞ്ഞാൽ സഭാ കാര്യങ്ങൾക്കായി അധികസമയം ചെലവഴിക്കാൻ കഴിയും. (മലയാള മനോരമ 2005 ഒക്ടോബർ 10)

അങ്ങനെ മലങ്കരയിലെ വിഘടിത വിഭാഗത്തിന്റെ അദ്ധ്യക്ഷനും മീഡിയയിലൂടെ *സ്ഥാനത്യാഗം* നടത്തി.

← 34

രുന്ന പ്രചരണങ്ങളുടെ മുനയൊടിക്കാനും ഈ സ്ഥാ നത്യാഗത്തിന് കഴിഞ്ഞു. കാതോലിക്കാ സിംഹാസനം കെട്ടുറപ്പുള്ളതാണെന്നും മലങ്കരസഭയുടെ നേതൃമാറ്റം എന്നത് സമാധാനപരവും ആദ്ധ്യാത്മികവുമായ നിമിഷങ്ങൾ ആണെന്നും ഏവരും തിരിച്ചറിയുന്നു. മലങ്കരസഭയിൽ മാത്രമല്ല, ഭാരതത്തിലെ മറ്റു ക്രൈസ്തവ സമുദായങ്ങൾക്കിടയിലും ഇതരമതവിശ്വാസികളിലും ലോകമെങ്ങുമുള്ള ഓർത്തഡോക്സ് സഭകളിലും മലങ്കരസഭയുടെ സൽകീർത്തി പരക്കാൻ ഈ സ്ഥാനത്യാഗത്തിനും സ്ഥാനാരോഹണത്തിനും സാധിച്ചു.

പ്രതീക്ഷകളോടെ പുതിയ ദശകത്തിൽ

മലങ്കരസഭയുടെ ഭാവി ഇരുളടഞ്ഞതാണെന്ന് ഒരിക്കൽ വിധിയെഴുതിയ കടുത്ത വിമർശകർ പോലും ഇന്നു ഭാരതസഭയുടെ ഭാവി ദർശിക്കുന്നത് മലങ്കരസഭയിലാണ്. ഇത് മഹാത്യാഗികളായ നമ്മുടെ സഭാപിതാക്കന്മാർ ഏൽപ്പിച്ചിരിക്കുന്ന ദൗത്യമാണ്.

വ്യാജ കാതോലിക്കമാരെ സൃഷ്ടിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നവർ പൂർവ്വാധികം ശക്തിയോടെ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മലങ്കരസഭയെ വിഭജിച്ച് ദുർബലപ്പെടുത്താനും നിയന്ത്രിക്കാനുമുള്ള അടവുകൾ പയറ്റുമ്പോൾ മലങ്കര മക്കൾ കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. പിതാക്കന്മാർ തലമുറകൾ കൈമാറി നമ്മെ ഏൽപ്പിച്ച ഈ സഭാദീപം അണയാതെ കാത്തുസൂക്ഷിച്ച് വരുംതലമുറയ്ക്ക് കൈമാറേണ്ട കടമ നമുക്കുണ്ട്.

സഭയെ രണ്ടായി മുറിച്ച് *സമാധാനം* ഉണ്ടാക്കണമെന്ന നിർദ്ദേശവുമായി വിമതവിഭാഗം പ്രചരണം അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു. സഭയുടെ ഐക്യം കാത്തുസൂക്ഷിക്കുകയെന്ന വലിയ ചുമതലയാണ് ഇന്ന് സഭയ്ക്കു മുന്നിലുള്ളത്.

സഭയുടെ പരമോന്നത സ്ഥാനത്തേക്ക് ആരോഹണം ചെയ്ത ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയിൽ നിന്ന് സഭ ഏറെ കാര്യങ്ങൾ പ്രതീക്ഷിക്കുന്നു. ഈ പ്രതീക്ഷകൾ പുലർത്തുമ്പോൾ, സഭാ നേതൃത്വത്തിന് ശക്തി പകരുകയെന്ന കടമയും നമുക്ക് മറക്കാതിരിക്കാം.

ലേഖകൻ റൂറൽ ഡെവലപ്മെന്റ് വകുപ്പ് ഉദ്യോഗസ്ഥനാണ്. ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ അസി. ഡയറക്ടറായിരുന്നു.



International exposure to ecumenism

■ Fr. Ferdinand Pathrose

How can we as Orthodox relate to people from other denominations? The Ecumenical Institute of Bossey in Switzerland is a place where one can explore various dimensions of this question by living in an international community of people from different confessions and philosophies, studying together and learning from each other. Here is peep into what the Institute can offer you.

Situated about 20 kilometers away from Geneva- where several international organizations are headquartered- the Institute is a part of the World Council of Churches and attached to the Autonomous Faculty of Protestant Theology of the University of Geneva. Although primarily meant for people with some kind of theological background, any Christian adult who gets a letter of support from his/ her church can try to participate in the regular courses at the Institute.



Since 1952 the benchmark course of the Institute is the four month Graduate School of Ecumenical Studies. Held every year from September to January, this period of study and community life gives participants an exposure to the history of the divisions among Christians and the efforts at healing those wounds as reflected in the ecumenical movement. One gets to pray with the 'others, study the scriptures together and explore differences in approach of the various traditions to theology, mission and ethics. The programme includes study visits to the offices of the World Council of Churches (WCC) in Geneva, the Vatican in Rome, the ecumenical monastery in Taize (France), Reformed parishes in Switzerland and Orthodox liturgies in Chambessy, besides involvement in socio-cultural events on campus.

The learning experience of students is evaluated according to the European Credit Transfer System (ECTS) wherein each credit represents 25-30 hours of student work which include lectures, seminars, group discussions and research. Successful completion of the Graduate program is equivalent to 30 ECTS. Whereas research assignments have to be submitted and evaluated, the Institute provides for oral examination of its course modules. Scholarships can be availed of by people from developing countries although students are encouraged to contribute what they can to the expenses. Scholarship covers tuition fees, administrative charges, board and lodging, study visits, student allowance and health insurance. Those granted scholarship still have to bear all travel related expenses between their own places of residence and Geneva.

The Institute also conducts two Master programs. The Master of Theology in Ecumenical Studies (MES) is the two year program of 120 ECTS meant for people who possess a Bachelors degree. This course will however be discontinued owing to financial constraints in the coming year. The Master program which will continue, albeit in an enhanced form, is the Master of Advanced Ecumenical Studies (MAS). This course covers a one year period including the Graduate School and a three month internship. This 60 ECTS program is meant for those who possess a Master's degree. Both Masters programs involve the completion of dissertations which have to be defended usually in the month of June.



Successful Masters students can continue for a Ph. D in Ecumenical Studies which must be completed within a five year period. This involves the submission of a doctoral thesis which is undertaken through tutored research.

An Intensive English Summer Course is provided for about three months before the beginning of the Graduate School for those who need to improve their English language skills. Primarily meant for those who have enrolled for one of the academic programs of the Institute, it is also open to other people of the ecumenical family.

The Institute also has an Ecumenical Spirituality course conducted for sisters. It is probably the only place in the world where you will find two nuns each from the three traditions of Christianity- Roman Catholicism, Orthodoxy and Protestantism- staying together for one year. While their presence enhances the spiritual life of the campus, they also get to broaden their horizons in the ecumenical field.

In keeping with the nature of the World Council of Churches as having in its membership mainline Protestant and Orthodox Churches, the majority of the students are from these two traditions. There are however some Roman Catholic and Pentecostal students as well.

The present Director of the Institute is a Romanian Orthodox priest while the faculty member in charge of Biblical studies is a Vatican sponsored Syro- Malabar priest. The remaining four faculty members are Protestants from Africa, Europe and South America. In its over fifty year history since 1946, the Malankara Orthodox Syrian Church has had only Rev. Fr. Dr. K. M. George as a regular faculty member at the Institute, although many of its clergy and members have been there as students.

The world class library of the Institute has one half of it located at the WCC headquarters. Besides access to libraries in Geneva on can source books from other

പൗരോഹിത്യനൽവരങ്ങൾ വിശ്വാസത്താൽ സ്വീകരിക്കുക

■ ഫാ. ഡോ. ഓ. തോമസ്

ചോദ്യം: *വൈദികരുടെ കുറവുകൾ ചൂണ്ടിക്കാട്ടി പള്ളിയിൽനിന്നും സഭയിൽ നിന്നും അകന്നുനിൽക്കുന്ന കുറെയധികം ആളുകളുണ്ട്. വൈദികർക്കും സഭാനേതൃത്വത്തിനുമെതിരെ വിരൽചൂണ്ടി സംതൃപ്തിയടയുകയാണ് ഇവരിൽ പലരും. ഇതുമൂലം കുടുംബങ്ങൾക്കും ഇടവകകൾക്കും സമൂഹത്തിനും ക്ഷയം സംഭവിക്കുന്നു. ഒരു വൈദികൻ എന്ന നിലയിലും ഒരു ഉപദേഷ്ടാവ് എന്ന നിലയിലും പ്രവർത്തിക്കുന്ന അച്ചൻ ഈ പ്രശ്നത്തെ എങ്ങനെ കാണുന്നു? ഇതിന് ഒരു പരിഹാരം നിർദ്ദേശിക്കുമോ?*

-ഷെറി ഫിലിപ്പ്, കൊച്ചി

ഉത്തരം: പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും കുറവുകൾ ചൂണ്ടിക്കാട്ടി സഭാ പ്രവർത്തനങ്ങളിൽനിന്ന് അകന്നു നിൽക്കുന്ന പലരുമുണ്ടാകാം. അതിൽ തന്നെ വ്യത്യസ്ത കാരണങ്ങളുമുണ്ടാകും. ചിലർ തങ്ങളാൽ കഴിയുന്ന നന്മകൾ സഭയ്ക്കു വേണ്ടി ചെയ്യാൻ മടികാട്ടുന്നവരാണ്. അവരുടെ ഈ ബലഹീനതയ്ക്കു കാരണം കണ്ടെത്തുവാൻ വൈദികസ്ഥാനികളെ കുറ്റപ്പെടുത്തും. മറ്റു ചിലർ തങ്ങൾ ആഗ്രഹിക്കുന്ന സ്ഥാനമാനങ്ങൾ സഭയിൽ ലഭിക്കാതെ വരുമ്പോൾ അതിന്റെ പേരിലും കുറ്റപ്പെടുത്തും. വേറെ ചിലർ വൈദികരെക്കുറിച്ച് അമിതവും അയഥാർത്ഥ്യവുമായ പ്രതീക്ഷകൾ വെച്ചു പുലർത്തുന്നവരായിരിക്കും. ബലഹീനതകളും കുറവുകളും ഉള്ള ഈ ലോകത്തിന്റെ സ്വാധീനങ്ങൾക്ക് വശംവദരാകാവുന്ന മാനുഷികവശം അവർക്കും ഉണ്ടെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ട് അവർ എപ്പോഴും ദേവതുല്യരായിരിക്കണമെന്ന അമിത പ്രതീക്ഷ വച്ചുപുലർത്തുമ്പോൾ അതിനനുസരിച്ച് ഉയരുവാൻ ആർക്കുംതന്നെ സാദ്ധ്യമാവുമെന്നു തോന്നുന്നില്ല. അതിന്റെ ഫലമായും കുറ്റപ്പെടുത്തലുകൾ ധാരാളമായി ഉണ്ടാകുന്നു. മറ്റു ചില സന്ദർഭങ്ങളിൽ അകാരണമായും വൈദികസ്ഥാനികൾ പ്രതിസ്ഥാനത്തു ചേർക്കപ്പെടാറുണ്ട്. സാമ്പത്തികം, സദാചാര സന്മാർഗ്ഗിക മൂല്യങ്ങൾ, പ്രാർത്ഥനാജീവിതം ഇവയിലൊക്കെയും മാതൃകയായ വൈദികസ്ഥാനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പൊതുയോഗത്തിന്റെ തീരുമാനം ഒരു വിഭാഗത്തിന് ഇഷ്ടപ്പെടാതെ പോയാൽ അതിന്റെ പഴി മുഴുവനായും ഏറ്റുവാങ്ങേണ്ടിവരുന്നത് പാവം പട്ടക്കാരനാണ്. പട്ടക്കാർ പക്ഷം പിടിച്ചു പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാഹചര്യങ്ങളെ വിസ്മരിച്ചുകൊണ്ടല്ല, ഈ കാര്യം ചൂണ്ടിക്കാട്ടിയത്. തിന്മയായിട്ടുള്ള ചില കാര്യങ്ങൾക്കു കൂട്ടുനിൽക്കാതെയും സഭയുടെ കാനോനിക നിയമങ്ങളിൽ ഇളവുവരുത്താതെ മുറുകെപ്പിടിക്കുന്നവരെയും ഇതിലൊക്കെ ഇളവുകൾ ആകാം എന്നു ചിന്തിക്കുന്ന വിശ്വാസികൾക്ക് ഇഷ്ടപ്പെടാൻ സാദ്ധ്യതയില്ല.

ഇതിലൊക്കെ പുറമേ മറ്റു ചില കാഴ്ചപ്പാടുകളുടെ സ്വാധീനവുമുണ്ടാകാം. അതായത് പാശ്ചാത്യ നവീകരണ പാരമ്പര്യത്തിൽ വൈദികൻ കെട്ടുവാനും അഴിക്കുവാനും അധികാരമുള്ളവനാണെന്നോ, കർത്താവിന്റെ തിരുശരീരരക്തങ്ങൾ പങ്കിടുന്നവനാണെന്നോ ഉള്ള വിശ്വാസത്തിനു വലിയ സ്ഥാനമില്ല. സെക്കുലർ സംഘടനകളുടെ തലപ്പത്ത് ഇരിക്കുന്ന ഒരു നേതാവ് എന്ന നിലയിലല്ലാതെ കൗദാശിക ബന്ധമുള്ള ആത്മീയ വേഷം വൈദികനു

---

parts of Switzerland. Access to paid online libraries makes research a pleasure. The whole campus is Wi-Fi



enabled with round the clock internet facilities. All the staff of the Institute are on the whole very friendly. The accommodation facilities are quite good keeping to European standards. Food is wholesome but continental and thus may not suit Indian taste buds! Given that the Institute needs to raise funds, the beautiful campus is used as a conference and party venue. Board and lodging thus commensurate to modest hotel facilities. Infact the Institute is also referred to as Chateau de Bossey (Castle of Bossey) as it was once the home of a nobleman. The oldest part of the Chateau, which presently houses the chapel, is 800 years old and was once a winepress.


From the campus one can see the Lac Leman, the largest lake of Switzerland, and beyond to the French Alps. As a famous tourist destination Switzerland is a land worth exploring with its scenic lakes, snow clad mountains and lush green woodlands. To know more about ecumenism from the vantage point of Bossey and explore Switzerland in the process you could consider applying for a course!

(Fr. Ferdinand is enrolled with the MES program 2009-11 of the Ecumenical Institute. The website of the Institute is www.bossey.ch . For further enquiries he is available at fpathrose@yahoo.com.)

പട്ടത്വത്തെക്കുറിച്ച്

▪ പരി. വട്ടശ്ശേരിൽ തിരുമേനി

പട്ടക്കാർ ഭൂമിക്കടുത്തുവരെ സ്വർഗ്ഗത്തിന്നടുത്തവരും, മൃഗസ്വഭാവികളെ ദൈവസ്വഭാവികളും ആക്കിത്തീർക്കുന്നതിനുള്ള വഴി കാട്ടികളും കാണപ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനപതികളും (2 കൊരി. 5:20). തന്റെ സഭയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധ കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു (അപ്പോ. പ്ര. 6:4). ഒരുത്തനു സ്വമേധയാ തനിക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല. (എബ്രാ. 5:4) ദൈവത്തിന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരും മ്ശിഹായിൽനിന്നുള്ള കൈവെപ്പു പ്രാപിച്ചവരുമായവർക്ക് മാത്രം അത് ഇരിക്കുന്നതാകുന്നു. (1 തിമോ. 4:14; യോഹ. 20:22,23; അപ്പോ. പ്ര. 12:2,3; 2 തിമോ. 2:2; തീത്തോ.1:5). ഇപ്രകാരമുള്ള കൈവെപ്പും അനുവാദവും കൂടാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്‌വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല. (യിരെ. 23: 21).




പട്ടത്വത്തിനടുത്തവർ സുന്നഹദോസുകളാലോ താന്താങ്ങളുടെ മേലധികാരികളാലോ തള്ളപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അയോഗ്യന്മാരായിരുന്നാലും അവരാൽ ശുശ്രൂഷിക്കപ്പെടുന്ന കൂദാശകളുടെ ഫലത്തെക്കുറിച്ചു സംശയിക്കുകയോ അവയിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്‌വാൻ ഒരുത്തനും ന്യായമില്ല. (മത്താ. 23:2,3). ശുദ്ധമുള്ള അഭിഷേകം അവരിൽ ഉള്ളതുകൊണ്ടും കൂദാശകൾ മ്ശിഹായുടെ നാമത്തിൽ ശുശ്രൂഷിക്കപ്പെടുന്നവയാകകൊണ്ടും അവയുടെ ഫലം അവയെ ശുശ്രൂഷിക്കുന്ന പട്ടക്കാരന്റെ നീതിയിൽ അല്ലായ്കകൊണ്ടും നല്ല ആന്തരത്തോടും സത്യവിശ്വാസത്തോടും കൂടെ അവയിൽ സംബന്ധിക്കുന്നവർക്ക് അവയുടെ ഫലം ലഭിക്കുകയും അയോഗ്യതയോടെ ശുശ്രൂഷിക്കുന്ന പട്ടക്കാർക്ക് അവ ശിക്ഷാവിധിക്കായി തീരുകയും ചെയ്യുന്നു. (ലേവ്യ. 21:12; മത്താ. 7:22;23). എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെ ശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും ശങ്ക തീർന്ന് കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചുകൂടാത്തതുമാകുന്നു. (മത്താ. 18:17; 1 കൊരി. 5:11)

നൽകുന്നില്ല. വിശ്വാസികളുടെ പൗരോഹിത്യം തെറ്റായ നിലയിൽ വ്യാഖ്യാനിച്ചുകൊണ്ട് പ്രത്യേക പൗരോഹിത്യത്തെ ഇകഴ്ത്തി കാട്ടുന്ന ചിന്താഗതിയും നമ്മിൽ ചിലരെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്. ചുരുക്കത്തിൽ പുരോഹിതരെ കുറ്റപ്പെടുത്തി സഭയിൽ ഉൾവലിഞ്ഞുനിൽക്കുന്നവരെ ഒരു ഗണത്തിൽ ഉൾപ്പെടുത്തുവാനാവുകയില്ല. മേൽ സൂചിപ്പിച്ചതുപോലെ ഒട്ടനവധി കാരണങ്ങൾ വ്യത്യസ്ത വിഭാഗക്കാരെ സ്വാധീനിക്കുന്നതായി കാണാം.

ഓർത്തഡോക്സ് സഭയുടെ വിശ്വാസം അടിസ്ഥാനപരമായി സ്വീകരിക്കുന്നവർക്ക് ചില നിലപാടുകൾ എടുക്കാൻ സാധിക്കണം. സഭ ക്രിസ്തുവിന്റെ ശരീരമാണ്. **സഭയിൽ കൂടി വൈദികർക്ക് ലഭിച്ചിട്ടുള്ള പൗരോഹിത്യനൽവരങ്ങൾ വിശ്വാസത്തോടുകൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അതായത് വ്യക്തിപരമായ കഴിവുകളുടെയോ നന്മകളുടെയോ ഏറ്റക്കുറച്ചിലുകളുടെ അടിസ്ഥാനത്തിലല്ല കൂദാശകളിൽ കൂടി നമുക്ക് ലഭിക്കുന്ന കൃപകൾ എന്ന അടിസ്ഥാനവിശ്വാസത്തിന് കോട്ടം തട്ടരുത്.** ആ അടിസ്ഥാനത്തിൽ എല്ലാ വൈദികസ്ഥാനികളെയും ആദരിക്കുകയും, ദൈവിക പ്രമാണങ്ങൾ അവരിൽ നിന്ന് കേൾക്കുന്നത് അനുസരിക്കാൻ തയ്യാറാവുകയും വേണം. പരീശന്മാരും ശാസ്ത്രിമാരും മോശയുടെ ന്യായപ്രമാണത്തിൽനിന്നു നിങ്ങളെ പഠിപ്പിക്കുന്നത് നിങ്ങൾ അനുസരിക്കണം. എന്നാൽ അവർ ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്. കർത്താവിന്റെ ഈ മുന്നറിയിപ്പിന് ഇന്നും സാംഗത്യമുണ്ട്. അവരിൽ നല്ല മാതൃകകൾ ഉണ്ടെങ്കിൽ സ്വീകരിക്കുക. അല്ലാത്തത് തിരസ്കരിക്കുക. ആത്യന്തികമായി ക്രിസ്തുവിനെയും, ദൈവരാജ്യ പ്രമാണങ്ങളെയും പൂർണ്ണമായി അനുസരിപ്പാൻ പരിശീലിക്കുക. **മാമോദീസാ ഏൽക്കുകയും മൂറോൻ കൂദാശയിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്ത എല്ലാവർക്കും സഭയെ കെട്ടിപ്പടുക്കാൻ ചുമതലയുണ്ടെന്ന കാര്യം വിസ്മരിക്കരുത്.** വൈദിക സ്ഥാനികളുടെ കുറവുകൾ ചൂണ്ടിക്കാട്ടി അതിൽനിന്ന് ഒഴിയാൻ ശ്രമിക്കുന്നത്, പിതാവിന്റെ ചില കുറവുകളുടെ പേരിൽ കുടുംബത്തെ കരുതുകയില്ലാ എന്നു ചിന്തിക്കുന്ന മക്കളോടു സമാനമായിരിക്കും. കുടുംബത്തെ സ്നേഹിക്കുന്ന മക്കൾ അതിനെ എങ്ങനെ പരിപോഷിപ്പിക്കണമെന്നായിരിക്കണം ചിന്തിക്കേണ്ടത്. സ്നേഹബുദ്ധ്യാ ചില തിരുത്തലുകൾ ചൂണ്ടിക്കാണിക്കുന്നതിലും തെറ്റില്ല.

വൈദികസ്ഥാനികൾ മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. വിശ്വാസികളുടെ പ്രതീക്ഷകൾക്കനുസരിച്ച് എപ്പോഴും ജീവിക്കാനാവുകയില്ലെങ്കിലും മാതൃകയാകാനുള്ള ശ്രമം എപ്പോഴും നടത്തിക്കൊണ്ടേയിരിക്കണം. വിശ്വാസികൾ ചൂണ്ടിക്കാണിക്കുന്ന കുറവുകളിൽ ചിലതിലൊക്കെ വാസ്തവം കാണും. അതു തിരുത്തുവാൻ ശ്രമിക്കുക. മറ്റു ചിലത് തെറ്റിദ്ധാരണകൾകൊണ്ടോ മുൻവിധികൾകൊണ്ടോ ഒക്കെ ആവാം. അതിനോട് വാശിയോടെ പ്രതികരിച്ച് വിശ്വാസികളെ സഭയിൽ നിന്ന് അകറ്റാൻ ശ്രമിക്കരുത്. കുറച്ച് പ്രാർത്ഥനയോടും ക്ഷമയോടും കാത്തിരിക്കുക. പ്രതിയോഗികളോടും സ്നേഹത്തോടുകൂടി ഇടപെടുവാൻ ശ്രമിക്കുക. കുറച്ചുകഴിയുമ്പോൾ തെറ്റുതിരുത്തി അവർ തിരിച്ചുവന്നുകൊള്ളും. എത്ര നീതിപൂർവ്വമല്ലാത്ത വിമർശനം നടത്തിയാലും അതിനെയും സഹിഷ്ണുതയോടെ നേരിട്ടാൽ അതുമൂലം അനേകരെ ദൈവത്തിങ്കലേക്കും സഭയിലേക്കും ആകർഷിക്കുവാൻ സാധിക്കും.



ICON: A Decade of Excellence

■ Mathew Samuel

Indian Orthodox Christian Network (ICON) community celebrates ten years of its existence

Started in November 2000 as a small discussion group among old friends, ICON has, by divine grace, grown into a strong global Orthodox Christian community on the internet. Now the ICON (originally named IOIF - Indian Orthodox Internet Forum) has over 9500 members, spread across the globe. That include several members of the Holy Synod and other distinguished members of the clergy. Though the ICON is not initiated or sponsored by the Holy Church, it has now turned out to be an icon and reflection of the believers of the Orthodox Church.

During the last decade, ICON has won a special place in the hearts and minds of its readers, especially the Orthodox Christians of the Diaspora curches.

Innovation, Talent and Excellence

The internet opened up a great opportunity to bridge the geographical divide and ICON took the prompt advantage of the same to create the concept of a Global Village that stays in touch with all its inhabitants.

ICON Yahoo Group is designed to communicate with all bonafide brothers and sisters of Indian Orthodox fraternity.

ICON has always been courteous to encourage and support all spiritual ventures in personal and institutional capacity. Though only a small percentage of the total members contribute by write ups regularly, it always represent a significant cross section of a broad abounding fragment to the entirety.

The recent esteemed message from HH Baselius Marthoma Paulose II, immediately after his assumption to the throne of St. Thomas, reveal a perception about ICON that it is now being elevated and honored to the level of a world podium best suited to address a large audience of the Church spread across the world.

From a humble beginning with outfits of a discussion forum, ICON has grown into an organisation which could impact the thought wave and communication within a community.

The objectives of ICON include:

- Initiate discussions on positive changes that can affect the life growth and future of the Holy Church.
- Educate ourselves about our Most Holy Faith.
- Disseminate church news, share information of general interest.
- Reach out to individuals who are not 'traditional' members of the Church either by choice or due to other reasons including lack of parishes within proximity.
- Encourage parishes and dioceses ro have their presence felt in cyberspace through their own websites.
- Develop familiarity and friendship with fellow Orthodox Christians, their culture and their practice of the faith.
- To keep in touch and develop a community network.

A discussion group and more...

The most visible activity of the ICON is group discussion (a Yahoo Group) on various topics of relevance to the Church and the Society at large. However, ICON really has grown into a platform for nuturing and realising creative and constructive ideas that are useful for the church and the community. One such creative concept bearing fruit over the years has been ICON charities Inc, a tax exempt organization in the United States.

Through various projects like REAP (Realizing Education Assistance Partially), DOSTI (Dreams of School through Inform, Involve, Inspire), Give Sight (Eye Check up/treatment in co-ordination with Parumala Medical Mission Hospital) ICON is reaching out to the needy.

The matrimonial column of ICON, published on Tuesdays, has helped many families of our community. Also, the Devotional Thoughts based on Sunday's Gospel reading, published on Thursday Digest, by the clergy is keenly awaited.

Future of ICON

As the Yahoo Group offers unlimited capacity for handling of mailing lists, ICON mail can accommodate the entire Orthodox families worldwide. That proves its potential for reaching out to every member of the Church.

ICON members must be the agents of change,to grow spiritually as individuals and in parishes. Therefore, **ICON will continue to provide every Orthodox Church member an opportunity to communicate and exchange ideas.** Our discussions are aimed to help us grow spiritually, thus guiding the members for responsible and active participation in the parish. The exchange of ideas should help us understand others and tolerate dissenting voices. The mission is to unite everyone in Christian spirit and find common ground for higher levels of cooperation.

It needs special word of appreciation for the Moderators of ICON who had nurtured the group with a great sense of duty. The job undertaken by the moderators, dedicating their resources for this noble task, is highly laudable. Let us wish and pray that the ICON will continue to inspire every member and reach out to the entire Orthodox community in the near future.

(With inputs from Dr. Rajan Mathew, Philadelphia)

പ്രിയ വായനക്കാരോട്

നിങ്ങളുടെ രചനകൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പ്രതികരണങ്ങൾ എന്നിവ പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഇമെയിൽ എന്നിവ സഹിതം അയച്ചുതരേണ്ടതാണ്.

രചനകൾ 400 വാക്കിൽ കവിയാൻ പാടില്ല. മുമ്പ് പ്രസിദ്ധീകരിച്ചവയും മറ്റു പ്രസിദ്ധീകരണങ്ങളുടെ പരിഗണനയിലിരിക്കുന്നവയും സ്വീകാര്യമല്ല. കടലാസിന്റെ ഒരു പുറത്തുമാത്രം എഴുതുക. ക്രിസ്തീയ–വേദപുസ്തകം – ആത്മീയ – സഭാസംബന്ധമായവ ആയിരിക്കണം.

രചനകൾ പ്രസിദ്ധീകരണ യോഗ്യമാണോ എന്നു നിർണ്ണയിക്കുന്നതിനും എഡിറ്റു ചെയ്യുന്നതിനും ഏത് ലക്കത്തിൽ പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിക്കുന്നതിനുമുള്ള അധികാരം എഡിറ്റോറിയൽ ബോർഡിനുണ്ട്.

How to reach us

രചനകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്:

മാനേജിംഗ് എഡിറ്റർ
Ph.: 94474 56089

രചനകളും ഫോട്ടോകളും അയയ്ക്കേണ്ട വിലാസം :


The Editor, Georgian Mirror
St. George Orthodox Valiyapally,
Palarivattom, Cochin - 682 025
Ph : 0484 - 2346096
email : gmirror2009@yahoo.com

പരസ്യം സംബന്ധിച്ച കാര്യങ്ങൾക്ക്

Marketing Manager: 94461 35081

വരിസംഖ്യ സംബന്ധിച്ച കാര്യങ്ങൾക്ക്

Circulation Manager: 94478 19048




പൊന്നുപോലെയുള്ള വാക്കുകൾ തങ്കംപോലെയുള്ള ചിന്തകൾ

■ പോൾ മണലിൽ

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ തിരഞ്ഞെടുത്ത രചനകളുടെ സമാഹാരമാണ് 'ഒരു മഹർഷി സംസാരിക്കുന്നു' എന്ന ഗ്രന്ഥം. വലിയ ബാവായുടെ കൽപനകൾ, സഭാ പിതാക്കന്മാരെക്കുറിച്ചുള്ള ലഘുലേഖനങ്ങൾ, പ്രബോധനലേഖനങ്ങൾ, ചെറിയ കുറിപ്പുകൾ എന്നിവയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. മലബാർ ഭദ്രാസനാധിപൻ എന്ന നിലയിൽ1966 മുതൽ പ്രവർത്തിച്ച അഭിവന്ദ്യ പിതാവ് ആദ്യകാലങ്ങളിൽ എഴുതിയ കൽപനകളിൽനിന്നു തിരഞ്ഞെടുത്തവയാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൽപനകൾ. മലബാർ ഭദ്രാസനത്തിന്റെ വളർച്ച സൂചിപ്പിക്കുന്ന കൽപനകളും ഒരു മികച്ച ഭരണാധികാരിയായ ഭദ്രാസനാധിപൻ, സഭയുടെ ചട്ടങ്ങളും രീതികളും പരിപാലിക്കുന്ന ഒരു അജപാലകൻ എന്നിങ്ങനെയുള്ള പ്രത്യേകതകൾ വെളിപ്പെടുത്തുന്ന കൽപനകളും ഈ സമാഹാരത്തിലുണ്ട്. മെത്രാപ്പോലീത്താ എന്ന നിലയിൽ അഭിവന്ദ്യപിതാവ് ഒരു വർഷം മുന്നൂറിലേറെ കൽപനകൾ എഴുതിയിട്ടുണ്ട്. ഭൂരിപക്ഷം കൽപനകളും സ്വന്തം കൈപ്പടയിൽ എഴുതിയവയാണ്. മലബാർ ഭദ്രാസനത്തെ ആത്മീയമായും ഭൗതികമായും പുരോഗതിയിലേക്ക് ഉയർത്താൻ അടിസ്ഥാനഹേതുവായി വർത്തിച്ചത് അഭിവന്ദ്യ പിതാവിന്റെ ഈ കൽപനകളായിരുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന വേദശാസ്ത്രപരമായ ഉൾക്കാഴ്ചകളും ആശയപരമായ ഗഹനതയും ചിന്തകളുടെ മൗലികതയും വേറിട്ടു നിൽക്കുന്നതുകൊണ്ടാണ് ഗ്രന്ഥരൂപത്തിലേക്ക് ഇവ സമാഹരിക്കപ്പെട്ടിരിക്കുന്നത്. ഈ കൽപനകളിലും മറ്റു ലഘുലേഖനങ്ങളിലുമെല്ലാം ഒരു മഹർഷിയുടെ ജീവിതവീക്ഷണവും ചിന്താമാധുര്യവും നിറഞ്ഞു നിൽക്കുന്നു.

'ഒരു മഹർഷി സംസാരിക്കുന്നു' എന്ന ഗ്രന്ഥത്തിന് അവതാരിക എഴുതിയ ഡോ. യാക്കോബ് മാർ ഐറേനിയോസ് വിശേഷിപ്പിച്ചിരിക്കുന്നതുപോലെ പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയബാവാ സന്യാസത്തിനടുത്ത ശിക്ഷണത്തിന്റെയും അതിന്റെ പൊരുളായ ത്യാഗത്തിന്റെയും സുന്ദര ഇതിഹാസമാണ്. ഉലയിൽ കാച്ചിയെടുത്ത പൊന്നുപോലെ, പരിത്യാഗത്തിന്റെ കൊടുംതീയിൽ ശുദ്ധിവരുത്തിയ തങ്കമാണിത്. ഈ പുസ്തകത്തിന്റെ പ്രത്യേ



കതയും മറ്റൊന്നല്ല - ഉലയിൽ കാച്ചിയെടുത്ത പൊന്നുപോലെയുള്ള വാക്കുകൾ, കൊടുംതീയിൽ ശുദ്ധിവരുത്തിയ തങ്കംപോലെയുള്ള ചിന്തകൾ. ഒരു മഹർഷി തന്റെ ജീവിതം കൊണ്ട് നേടിയ ധിഷണാശക്തി ഈ പുസ്തകത്തിൽ ഇതൾവിരിഞ്ഞു നിൽക്കുന്നു എന്നുതന്നെ പറയാം.

പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയബാവായുടെ നേതൃത്വം മലങ്കര സഭയ്ക്കാകമാനം ഒരു ആത്മീയ നവോത്ഥാനം ഉണ്ടാക്കിയിട്ടുണ്ട്. ആധുനികസഭാ ചരിത്രത്തിൽ പരിശുദ്ധ പിതാവിനെ ആത്മീയ നവോത്ഥാനനായകൻ എന്നാണ് വിശേഷിപ്പിക്കാൻ കഴിയുന്നത്. ഈ പുസ്തകത്തിന്റെ ഉള്ളടക്കവും വായനക്കാർക്ക് ആത്മീയ നവോത്ഥാനം പ്രദാനം ചെയ്യുന്ന രചനകളാണ്. വ്യക്തികളെയും കുടുംബങ്ങളെയും ആത്മീയമായി ശക്തീകരിക്കുന്ന പതിനൊന്ന് ഉപന്യാസങ്ങളാണ് ഈ പുസ്തകത്തിൽ 'ജീവിതം സംസാരിക്കുന്നു' എന്ന പേരിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഖണ്ഡത്തിലുള്ളത്. ജീവിതം സംസാരിക്കുന്നു എന്ന പേരിൽ അഭിവന്ദ്യ തിരുമേനി ഹെർമ്മോൻ സന്ദേശത്തിൽ എഴുതിയ ചിന്തകളാണിത്. ഇതേ പേരിൽ തന്നെ ഇത് മുമ്പ് പുസ്തകരൂപത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജീവിതത്തിന്റെ മഹത്ത്വം വർണ്ണിക്കുന്ന ചിന്തകളാണ് ജീവിതം സംസാരിക്കുന്നു എന്ന ഖണ്ഡത്തിലെ ഉപന്യാസങ്ങളുടെ പൊതുവേയുള്ള ഉള്ളടക്കം. ജീവിതം ജീവനെക്കാൾ വിലപ്പെട്ടതാണെന്ന ആശയം അവതരിപ്പിക്കാൻ അഭിവന്ദ്യ തിരുമേനി അവതരിപ്പിക്കുന്ന അടിസ്ഥാനവസ്തുതകൾ ദൈവസ്നേഹം, ഭക്തി, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിങ്ങനെയുള്ള ചെറിയ കാര്യങ്ങളാണ്. ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള വലിയ ഉൾക്കാഴ്ചയാണ് ഓരോ ഉപന്യാസത്തിലും അവതരിപ്പിക്കുന്നത്. ജീവിതത്തിലെ ലാഭം എന്നു പറയുന്നത് ദൈവസ്നേഹമാണെന്ന് വലിയബാവാ എഴുതുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവസ്നേഹമാണ് വലിയ സമ്പത്ത്. ആ സമ്പത്ത് വർദ്ധിപ്പിക്കാനാണ് ശ്രമിക്കേണ്ടത്. അതിലേക്ക് നാലു കാര്യങ്ങളാണ് വലിയബാവാ ഓർമ്മിപ്പിക്കുന്നത് - പ്രതിദിനജീവിതം, പ്രതിദിനപ്രബോധനം, പ്രതിദിനവായന, പ്രതിദിനപ്രാർത്ഥന.

ആത്മീയകാര്യങ്ങളിലുള്ള അസ്ഥിരതയും അലസതയും വെടിഞ്ഞ് ജീവിതത്തിന് ഒരു ചിട്ടയും നിഷ്ഠയും ഉണ്ടാക്കണം. അതാണ് **ഒന്നാമത്തെ** കാര്യം. ഓരോ ദിവസവും നാം ചെയ്യേണ്ട കർത്തവ്യങ്ങളെക്കുറിച്ചു ചിന്തിക്കണം. പ്രബോധനം നമ്മുടെ ജീവിതത്തിലെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ്. വചനംകൊണ്ടും ജീവിതം കൊണ്ടും പ്രബോധിപ്പിക്കുന്നതാണ് ഈ **രണ്ടാമത്തെ** കാര്യം. ജീവി

തത്തെ വിലപ്പെട്ടതാക്കി മാറ്റുന്നതു വേദപുസ്തക വായനയാണെന്ന താണ് **മൂന്നാമത്തെ** കാര്യം. തിരുവചനം ക്രിസ്ത്യാനിയുടെ ജീവനാണെന്ന കാര്യം ഓർത്തഡോക്സ് വിശ്വാസികളും ഓർക്കണമെന്നു വലിയബാവാ സൂചിപ്പിക്കുകയും ചെയ്യുന്നു. **നാലാമത്തെ** കാര്യം പ്രാർത്ഥനയാണ്. ക്രിസ്ത്യാനിയെ ജീവനുള്ളതാക്കിത്തീർക്കുന്നത് പ്രാർത്ഥനയാണ്. ദൈവസംസർഗത്തിന്റെ പ്രധാന മാധ്യമം പ്രാർത്ഥനയാണെന്നു വലിയബാവാ തന്നെ സ്വജീവിതത്തിൽ കൂടി നമ്മെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

വലിയ ബാവായുടെ വേദശാസ്ത്രം രൂപാന്തരീകരണത്തിന്റെ വേദശാസ്ത്രമാണ് 'എങ്ങനെ ദൈവമക്കളാകാം?' എന്ന ഉപന്യാസത്തിൽ പൗലോസ് ശ്ലീഹായെ ഉദ്ധരിച്ചുകൊണ്ട് വലിയ ബാവാ ചൂണ്ടിക്കാട്ടുന്നത്, മനുഷ്യർ തന്നെയാണ് ലോകത്തിന് നേരിടേണ്ടിവരുന്ന നാശത്തിന് കാരണക്കാരൻ എന്നാണ്. മനുഷ്യൻ മൂലം ലോകം മുഴുവനും സർവ്വജീവജാലങ്ങളും നാശത്തിലേക്കി വഴുതിവീണുകൊണ്ടിരിക്കുന്നു. ദൈവത്തിനുണ്ടായിരിക്കുന്ന ദുഃഖം മാറ്റാൻ മനുഷ്യൻ ദൈവത്തിൽ ഉറച്ച വിശ്വാസം ഉള്ളവനാകണം എന്ന ലളിതമായ ആശയമാണ് വലിയ ബാവാ അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ മക്കളാകണമെങ്കിൽ ദൈവഹിതപ്രകാരം ജീവിക്കുകയും വേണം. ആ ജീവിത മാതൃകയെപ്പറ്റി വിശദീകരിക്കുമ്പോൾ ദൈവമക്കളുടെ ലക്ഷണങ്ങളും പറഞ്ഞുതരുന്നു. ദൈവമക്കൾ സമാധാനം ഉണ്ടാക്കുന്നവരും സഹോദരങ്ങളെ സ്നേഹിക്കുന്നവരും പാപം ചെയ്യാത്തവരും ആകുന്നു. വിവേകം തക്കസമയത്ത് പ്രയോജനപ്പെടുത്തുന്നവരാണ് ദൈവമക്കൾ. അവർ അനുസരണയുള്ളവരും ദൈവേഷ്ടപ്രകാരം ജീവിക്കുന്നവരും ഹൃദയവിശുദ്ധി ഉള്ളവരും ആയിരിക്കും. ദൈവമക്കൾ പ്രകാശത്തിന്റെ മക്കളാണ്. ദൈവസംസർഗത്തിലാകുമ്പോഴാണ് നാം പ്രകാശത്തിന്റെ മക്കളാകുന്നത്. ഇത്തരത്തിലുള്ള ചിന്തകളാണ് 'ഒരു മഹർഷി സംസാരിക്കുന്നു' എന്ന ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

പിതാക്കന്മാരെക്കുറിച്ചുള്ള കുറിപ്പുകളിൽ പരിശുദ്ധ പരുമല തിരുമേനിയെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെയും അനുസ്മരിച്ചിട്ടുണ്ട്. തന്റെ ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെപ്പറ്റിയുള്ള കുറിപ്പും ഈ ഖണ്ഡത്തിലുണ്ട്. സന്യാസജീവിതത്തിലൂടെ രൂപാന്തരീകരണത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരാൻ വലിയ ബാവായെ വഴിനടത്തിയത് തോമ്മാ മാർ ദീവന്നാസ്യോസ് ആയിരുന്നു.


വലിയ ബാവായുടെ കൽപനകളിൽ ഒളിഞ്ഞുകിടക്കുന്ന വചനസുധ കാലം പുറത്തുകൊണ്ടുവരാനിരിക്കുന്നതേയുള്ളൂ. വൈദികർക്കും മറ്റു ചില വ്യക്തികൾക്കും അയച്ച കൽപനകളിൽ വലിയ ബാവായുടെ ആജ്ഞാശക്തി മാത്രമല്ല അടിയുറച്ച വിശ്വാസവും നിഷ്ഠയും വെളിപ്പെടുന്നുണ്ട്.

മലങ്കര സഭയിലെ പിതാക്കന്മാരുടെ വേദശാസ്ത്രവും ജീവിതവും വെളിപ്പെടുത്തുന്നതിനും സമാഹരിക്കുന്നതിനും ഇതുപോലെയുള്ള ഉദ്യമങ്ങൾ സഹായിക്കും. സഭയുടെ സംഘടിതമായ ഉദ്യമങ്ങൾ ഈ വഴിക്ക് തിരിയേണ്ടതാണ്.

ഒരു മഹർഷി സംസാരിക്കുന്നു
പേജ് – 252
മൗണ്ട് താബോർ പബ്ലിക്കേഷൻസ്
മൗണ്ട് താബോർ ദയറ
പത്തനാപുരം, കൊല്ലം ജില്ല
വില 100 രൂപ.


പ്രകാശത്തിന്റെ നൃത്തവേദി

പ്രകാശത്തിന്റെ പരിപ്രേക്ഷ്യങ്ങൾ അവതരിപ്പിക്കുന്ന ഫാ. ഡോ. കെ.എം. ജോർജിന്റെ ചിന്തകളാണ് 'പ്രകാശത്തിന്റെ നൃത്തവേദി' എന്ന ലഘുഗ്രന്ഥത്തിന്റെ ഉള്ളടക്കം.



പ്രകാശം നന്മയുടെ അടയാളമാണെന്ന ആശയം ചർച്ച ചെയ്യുന്ന 13 കുറിപ്പുകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. പ്രകാശമയനായ ദൈവത്തിന്റെ തേജസ്സ്സ്ഫുരണമാവണം മനുഷ്യബോധം എന്നാണ് ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നതെന്നു ഫാ. ജോർജ് എഴുതുന്നു. പ്രകാശത്തിലേക്ക് തിരിയാനാവാത്ത മനുഷ്യബുദ്ധി തമോജടിലം സകല തിന്മകളുടെയും കേന്ദ്രവുമായിത്തീരുന്നു. ഭാഷയുടെ ഭാസുരതയെപ്പറ്റി ചിന്തകനായ ഫാ. കെ.എം. ജോർജിന്റെ വാക്കുകളിങ്ങനെ: "ഭാസുരമായ ഭാഷയാണ് ഭക്തിയുടെ അടയാളങ്ങളിലൊന്ന്" നല്ല വാക്കല്ലാതെ മറ്റൊന്നും നിങ്ങളുടെ വായിൽ നിന്നും പുറപ്പെടരുതെന്നു പൗലോസ് ശ്ലീഹ പറഞ്ഞിട്ടുള്ളതും ഭാഷയുടെ ഈ ഭാസുരതയെപ്പറ്റിത്തന്നെയാണ്.

പ്രകാശത്തിന്റെ നൃത്തവേദി
ഫാ. ഡോ. കെ.എം. ജോർജ്
ഓർത്തഡോക്സ് വൈദിക
സെമിനാരി, കോട്ടയം
വില 30 രൂപ



പ്രത്യക്ഷ നികുതി കോഡും മത-ധർമ്മ സ്ഥാപനങ്ങളും

■ എം.എം. സഖറിയ

പ്രത്യക്ഷ നികുതി നിയമ പരിഷ്കാരത്തിന്റെ ഭാഗമായി നിലവിലുള്ള ആദായനികുതി നിയമങ്ങളിൽ സമഗ്രമാറ്റം ലക്ഷ്യമിടുന്ന ഡയറക്ട് ടാക്സസ് കോഡ് ബിൽ 2010 ഓഗസ്റ്റിൽ ലോക്സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ആദ്യ ഡ്രാഫ്റ്റും രണ്ടാമത്തെ ഡ്രാഫ്റ്റും കഴിഞ്ഞ് ബിൽ രൂപമായി ലോക്സഭയിൽ അവതരിപ്പിച്ചതിനു ശേഷം ഇപ്പോൾ സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

2011-12 സാമ്പത്തിക വർഷം ഇത് പ്രാബല്യത്തിൽ വരുമെന്നാണ് മുമ്പ് പ്രഖ്യാപിച്ചിരുന്നതെങ്കിലും പൊതുജനാഭിപ്രായം മാനിച്ച് ഇത് നടപ്പാക്കുന്നത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചിരിക്കുകയാണ്. നികുതിദായകർക്ക് വേണ്ടത്ര സമയം നൽകിക്കൊണ്ട് 2012 ഏപ്രിൽ ഒന്നിന് ഈ നിയമം പ്രാബല്യത്തിൽ വരും. അതായത് ഈ നിയമം അനുസരിച്ചുള്ള പ്രഥമ ആദായനികുതി റിട്ടേൺ 2013 മാർച്ചിനു ശേഷം സമർപ്പിച്ചാൽ മതിയാകും.

മതസ്ഥാപനങ്ങൾ

പ്രത്യക്ഷ നികുതി കോഡിലെ ഏഴാം പട്ടികയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾക്കു പൂർണ്ണ നികുതി ഒഴിവുണ്ട്. ചാരിറ്റബിൾ ട്രസ്റ്റുകൾ, എൻഡോവ്മെന്റുകൾ, (വഖഫ്, മഠം, അമ്പലം, ഗുരുദ്വാര, പള്ളി, സിനഗോഗ് മറ്റു പ്രാർത്ഥനാലയങ്ങൾ), മതപരമായ ആവശ്യങ്ങൾക്കു സൊസൈറ്റീസ് രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ മേൽനോട്ടത്തിന് കേന്ദ്ര, സംസ്ഥാന, പ്രാദേശിക നിയമങ്ങൾ പ്രകാരം ചുമതലപ്പെടുത്തിയ ബോഡികൾ എന്നിവയെ 34-ാം ഇനമായി ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 35-ാം ഇനമായി പബ്ലിക് റിലിജിയസ് എൻഡോവ്മെന്റുകളുടെ നടത്തിപ്പിനായുള്ള കേന്ദ്ര, സംസ്ഥാന, പ്രാദേശിക നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അസോസിയേഷനുകൾ, ട്രസ്റ്റുകൾ എന്നിവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ നിയമത്തിന്റെ 7-ാം പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും, ഫണ്ടുകളുടെയും ലിസ്റ്റ് നൽകിയിട്ടുള്ളതനുസരിച്ച് പള്ളികൾ, അമ്പലങ്ങൾ, മോസ്ക്കുകൾ, ഗുരുദ്വാരകൾ, സിനഗോഗുകൾ മുതലായ മതസ്ഥാപനങ്ങൾ നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മറ്റ് ബിസിനസ്സുകൾ ഒന്നും നടത്താത്ത യഥാർത്ഥ മത സ്ഥാപനങ്ങളെയാണ് ഇപ്രകാരം ഒഴിവാക്കിയിട്ടുള്ളത്. അജ്ഞാത സംഭാവനകൾ ഉൾപ്പെടെയുള്ള എല്ലാ സംഭാവനകളും ഇപ്രകാരം ആദായനികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ധർമ്മോദ്ദേശം

ഇപ്പോഴത്തെ ആദായനികുതി നിയമത്തിലെ വകുപ്പ് 2(15) ലെ "ധർമ്മോദ്ദേശ്യം"എന്നതിന്റെ നിർവചനത്തിൽ പാവങ്ങളെ സഹായിക്കുക, വിദ്യാഭ്യാസം, വൈദ്യസഹായം തുടങ്ങിയവയ്ക്ക് പുറമേ പൊതുജനോപകാരം (ജനറൽ പബ്ലിക് യൂട്ടിലിറ്റി) എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഏതു പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2008 ലെ കേന്ദ്ര ബജറ്റിലെ നിർദ്ദേശമനുസരിച്ചു പൊതുജനോപകാരം എന്ന ലക്ഷ്യത്തിൽനിന്നു ചില പ്രവൃത്തികളെ ഒഴിവാക്കുകയാണു ചെയ്തിരിക്കുന്നത്.

ഇതനുസരിച്ച് കച്ചവടം, വാണിജ്യം അഥവാ ബിസിനസ് ഇവയിൽ ഏർപ്പെട്ടിരിക്കുകയോ ഇവയുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ എന്തെങ്കിലും ഫീസിനോ കരത്തിനോ (സെസ്), പ്രതിഫലത്തിനോ ചെയ്യുകയാണെങ്കിൽ അവയെ ധർമ്മോദ്ദേശ്യത്തിനായുള്ള പൊതുജനോപകാരമായി കണക്കാക്കുകയില്ല. മേൽപ്പറഞ്ഞതിൽ നിന്നുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നതെങ്കിൽ കൂടി ഈ പ്രവർത്തനങ്ങളെ ധർമ്മോദ്ദേശ്യമായി കണക്കാക്കില്ല എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്.

ഈ ഭേദഗതിപ്രകാരം ഏതെങ്കിലും തരത്തിലുള്ള വിപണനപ്രവർത്തനങ്ങളിൽ നേരിട്ടോ അല്ലാതെയോ ഏർപ്പെട്ടിരിക്കുന്ന ധർമ്മ സ്ഥാപനങ്ങൾ ഇത്തരം പ്രവൃത്തികളിൽ നിന്നും ലഭിക്കുന്ന ലാഭത്തിനു നികുതി കൊടുക്കണം.

പാവപ്പെട്ടവർക്കു തൊഴിൽ നൽകുന്നതിനായി നിർമ്മാണ, ഉൽപാദന, വിപണനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയും അതിൽനിന്നുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്ന യഥാർത്ഥ ധർമ്മ സ്ഥാപനങ്ങൾക്ക് ഈ ഭേദഗതി വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. ഇതു കണക്കിലെടുത്ത് 2010 - ലെ കേന്ദ്ര ബജറ്റിൽ പുതിയ ഭേദഗതികൾ നടപ്പാക്കിയിട്ടുണ്ട്.

ഇതനുസരിച്ച് പൊതുജനോപകാരം എന്നലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ജീവകാരുണ്യ സ്ഥാപനങ്ങൾ എന്തെങ്കിലും ഫീസിനോ കരത്തിനോ മറ്റു പ്രതിഫലത്തിനോ ആയി കച്ചവടം, വാണിജ്യം അഥവാ ബിസിനസ് ഇവയിൽ ഏർപ്പെട്ടിരുന്നാലും അവയിൽ നിന്നുള്ള മൊത്തം വരവ് പ്രതിവർഷം 10 ലക്ഷം രൂപയിൽ താഴെ ആണെങ്കിൽ അവയെ ധർമ്മോദ്ദേശ്യത്തിനുള്ളതായി കണക്കാക്കും. തന്മൂലം ഇത്തരം ജീവകാരുണ്യ സ്ഥാപനങ്ങൾക്കു നികുതി നിയമത്തിൽ അനുവദിച്ചിരിക്കുന്ന നികുതി കിഴിവ് പൂർണ്ണമായും ലഭിക്കുന്നതാണ്. അങ്ങനെ2008-09 സാമ്പത്തിക വർഷം മുതൽ ഏതെങ്കിലും തരത്തിലുള്ള വ്യാപാര ലാഭമുള്ള ധർമ്മോദ്ദേശ്യം ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യ സ്ഥാപനങ്ങളുടെ ലാഭത്തെ പൂർണ്ണമായും നികുതി വിധേയമാക്കിയ തീരുമാനം, മുൻകാല പ്രാബല്യത്തോടെയാണ് മേൽപ്പറഞ്ഞ തരത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നത്. ചുരുക്കത്തിൽ 10 ലക്ഷം രൂപയിൽ താഴെ വ്യാപാര ലാഭമുള്ള ജീവകാരുണ്യ സ്ഥാപനങ്ങൾക്കൊന്നും നികുതി നിയമത്തിലെ മറ്റു നിബന്ധനകൾ പാലിച്ചാൽ നികുതി ബാധ്യതയില്ല.

പാവങ്ങളെ സഹായിക്കുക, വിദ്യാഭ്യാസം, വൈദ്യസഹായം (മെഡിക്കൽ റിലീഫ്), പരിസ്ഥിതി സംരക്ഷണം, പുരാവസ്തുക്കളുടെ അഥവാ ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങളുടെ സംരക്ഷണം, മതസ്ഥാപനങ്ങൾ ഏർപ്പെട്ടിരിക്കുന്ന ജീവകാരുണ്യ സ്ഥാപനങ്ങൾ എന്നിവയിൽ വ്യാപാരത്തിൽനിന്ന് 10 ലക്ഷം രൂപ

യിൽ കൂടുതൽ ലാഭമുണ്ടാക്കിയാലും മറ്റു നിബന്ധനകൾക്കു വിധേയമായി നികുതി ബാധ്യതയില്ല.

ധർമ്മോദ്ദേശ്യം (ചാരിറ്റബിൾ പർപസ്) സംബന്ധിച്ച ഈ നിയമം തന്നെയാണ് 2010 ലെ പ്രത്യക്ഷ നികുതി കോഡിലും കാണുന്നത്. എന്നാൽ ചാരിറ്റബിൾ ട്രസ്റ്റ് എന്നതിനു പകരമായി പുതിയ ബില്ലിൽ ലാഭേച്ഛകൂടാതെയുള്ള സ്ഥാപനങ്ങൾ അഥവാ നോൺ പ്രോഫിറ്റ് ഓർഗനൈസേഷൻ (എൻ.പി.ഒ.) എന്ന പേരാണ് ഉപയോഗിച്ചിരിക്കുന്നത്.

പൊതുജനങ്ങൾക്കു വേണ്ടിയോ, പട്ടികജാതി, പട്ടികവർഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കു വേണ്ടിയോ രൂപീകരിക്കപ്പെട്ടതായിരിക്കണം ഇത്. ഒരു പ്രത്യേക ജാതിയിലോ മതത്തിലോ പെട്ടവർക്ക് ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രം രൂപീകരിച്ചവ ആയിരിക്കരുത് ഈ ട്രസ്റ്റുകൾ.

പ്രത്യക്ഷ നികുതി കോഡിന്റെ 98-ാം വകുപ്പ് പ്രകാരം പ്രവർത്തനങ്ങൾ നടത്തുവാൻ രൂപീകരിക്കപ്പെട്ടതും നടപ്പുവർഷത്തിൽ ചാരിറ്റബിൾ പ്രവർത്തനങ്ങൾ നടത്തുന്നതും ആയിരിക്കണം ഈ സ്ഥാപനങ്ങൾ.

ഇപ്പോഴത്തെ ആദായനികുതി നിയമം 12A, 12AA എന്നീ വകുപ്പുകൾ അനുസരിച്ചുള്ള രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ പുതിയ ബില്ലിലും ആവർത്തിക്കപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല ഡയറക്ട് ടാക്സസ് കോഡ് നിലവിൽ വരുമ്പോൾ രജിസ്ട്രേഷൻ ഉള്ളവർ വീണ്ടും രജിസ്ട്രേഷൻ എടുക്കേണ്ടതില്ല

വരുമാനം കണക്കാക്കുന്നവിധം

2010 പ്രത്യക്ഷ നികുതി കോഡ് ബില്ലിന്റെ 90 മുതൽ 103 വരെയുള്ള വകുപ്പുകൾ പ്രകാരമാണ് നോൺ പ്രോഫിറ്റ് ഓർഗനൈസേഷന്റെ വരുമാനം കണക്കാക്കേണ്ടത്. 93-ാം വകുപ്പ് പ്രകാരം വരവ് കണക്കാക്കുകയും അതിൽ നിന്ന് 94-ാം വകുപ്പിൽ വിവരിക്കുന്ന ചെലവുകൾ കിഴിക്കുകയും ചെയ്തുകഴിയുമ്പോൾ ലഭിക്കുന്ന മിച്ചം തുക വരുമാനമായി കണക്കാക്കും. പട്ടിക ഒന്നു പ്രകാരം ഒരു ലക്ഷത്തിൽ താഴെയാണ് വരുമാനമെങ്കിൽ നികുതി ബാധകമല്ല. ഒരു ലക്ഷം രൂപയ്ക്കുമേൽ വരുമാനത്തിന് 15 ശതമാനമാണ് നികുതി.

മൊത്തം വരവിൽ സംഭാവനകൾ, വാടകവരുമാനം, ക്ഷേമ പ്രവർത്തനങ്ങളോടനുബന്ധിച്ചു നടത്തുന്ന ബിസിനസിൽ നിന്നുള്ള വരുമാനം, മൂലധനആസ്തികളുടെ വിൽപനയിൽ നിന്നുള്ള പ്രതിഫലം (ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാത്ത ആസ്തിയാണെങ്കിൽ മൂലധനലാഭം മാത്രം ഉൾപ്പെടുത്തിയാൽ മതി), നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം എന്നിവ ഉൾപ്പെടുത്തണം.

94-ാം വകുപ്പ് അനുസരിച്ച് വരുമാനം നേടാനുണ്ടായ ചെലവുകൾ (മൂലധനചെലവുകൾ ഒഴികെ), ചാരിറ്റബിൾ പ്രവർത്തനങ്ങൾക്കു ചെലവഴിച്ച തുക, അനുബന്ധ ബിസിനസ്സിലെ മൂലധനചെലവ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ വർഷാവസാനമാസം ലഭിച്ച തുക ഒരു പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിക്ഷേപിച്ചാൽ ആ തുകയും ഔട്ട്ഗോയിങ് ആയി പരിഗണിക്കും. അവസാനമാസത്തെ വരുമാനത്തിനു മാത്രമാണ് ഈ ആനുകൂല്യം.

നീക്കിയിരിപ്പ്

നിലവിലുള്ള ആദായനികുതി നിയമപ്രകാരം ഒരു വർഷത്തിൽ ലഭിക്കുന്ന മൊത്ത വരവിന്റെ 85% വരുമാനം ലഭിക്കുന്ന വർഷത്തിൽ തന്നെ ചെലവഴിച്ചെങ്കിൽ മാത്രമേ നികുതി ഇളവിന് അർഹത ലഭിക്കുകയുള്ളു. മുമ്പ് ഇത് 75% ആയിരുന്നു. 15% എപ്പോൾ വേണമെങ്കിലും ചെലവഴിച്ചാൽ മതിയായിരുന്നു. 85% ചെലവഴിക്കാൻ സാധിച്ചില്ലെങ്കിലും ചെലവഴിക്കാൻ സാധിക്കാത്ത തുക പിന്നീടുള്ള 5 വർഷങ്ങൾക്കുള്ളിൽ (മുമ്പ് 10 വർഷം) ചെലവഴിക്കുവാൻ വേണ്ടി നീക്കിയിരിപ്പ് നടത്തി അസസ്സിങ് ഓഫീസർക്ക് ഫോം 10 ൽ നോട്ടീസ് നൽകിയാൽ മതി. പ്രസ്തുത അഞ്ചു വർഷത്തിനുള്ളിൽ ചെലവഴിച്ചില്ലെങ്കിൽ മാത്രമേ ആ തുക ട്രസ്റ്റിന്റെ വരുമാനത്തിൽ ഉൾപ്പെടുത്തുകയുള്ളൂ. ഡയറക്ട് ടാക്സസ് കോഡിൽ ഈ ആനുകൂല്യമില്ല. പകരം മൊത്തം വരവിന്റെ 10% അഥവാ വരുമാനത്തിന്റെ 15% എതാണോ കൂടുതൽ അതാണ് നീക്കിവയ്ക്കേണ്ട തുക. അതായത്, ഡയറക്ട് ടാക്സസ് കോഡ് പ്രകാരം പരമാവധി മൂന്നു വർഷം വരെ മൊത്തം വരവിന്റെ 10% അഥവാ മിച്ചം തുകയുടെ 15% വരെ മാത്രമേ നീക്കിവയ്ക്കുവാൻ കഴിയുകയുള്ളൂ. ബാക്കി തുകയ്ക്ക് 15% നികുതി നൽകേണ്ടതുണ്ട്. മൂന്നു വർഷത്തിനകം ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം, ഇപ്രകാരം നീക്കിവച്ച തുകയ്ക്കും നികുതി നൽകേണ്ടതുണ്ട്.

അക്കൗണ്ടിങ്ങും ഓഡിറ്റിങ്ങും

നിലവിൽ ചാരിറ്റബിൾ സ്ഥാപനങ്ങൾക്കു മെർക്കന്റൈൽ സമ്പ്രദായത്തിൽ കണക്കുകൾ തയാറാക്കാൻ അനുവാദമുണ്ട്. പക്ഷേ ഡയറക്ട് ടാക്സസ് കോഡിനു കീഴിൽ ക്യാഷ് സമ്പ്രദായം മാത്രമേ അനുവദിക്കുകയുള്ളു. അതായത് യഥാർത്ഥമായി പണം നൽകാത്ത ചെലവുകൾക്ക് പ്രോവിഷൻ വയ്ക്കുവാൻ സാദ്ധ്യമല്ല.

മർക്കന്റൈൽ സിസ്റ്റം അനുസരിച്ച് കണക്കുകൾ തയ്യാറാക്കുവാൻ നിർദ്ദിഷ്ട കാലയളവുമായി ബന്ധപ്പെട്ട എല്ലാ വരവുകളും ചെലവുകളും അതാതു വർഷത്തെ കണക്കിൽ ഉൾപ്പെടുത്തിയിരിക്കണം. വരവ് യഥാർത്ഥത്തിൽ കിട്ടിയിട്ടുള്ളതല്ല എങ്കിലും ചെലവ് യഥാർത്ഥത്തിൽ കൊടുത്തിട്ടില്ല എങ്കിലും ഇതിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. മറ്റു കാലയളവുകളുമായി ബന്ധപ്പെടുന്ന വരവോ, ചെലവോ നിർദ്ദിഷ്ട കാലയളവിലെ കണക്കിൽ ഉൾപ്പെടുത്തേണ്ടതുമില്ല. ഇപ്രകാരമുള്ള ക്രമപ്പെടുത്തലുകൾക്ക് ശേഷമാണ് മർക്കന്റൈൽ സിസ്റ്റം അനുസരിച്ചുള്ള അയവ്യയ കണക്കുകൾ തയ്യാറാക്കേണ്ടത്. ഇപ്രകാരം ക്രമപ്പെടുത്തലുകൾക്കു ശേഷം തയ്യാറാക്കുന്ന കണക്കുകൾ മാത്രമേ യഥാർത്ഥ അവസ്ഥ കാണിക്കുകയുള്ളൂ.

മൊത്ത വരവ് അഞ്ചു ലക്ഷം രൂപയിൽ കൂടിയാൽ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ടും നിർബന്ധമാണ്.


പ്രധാനമായ വ്യത്യാസങ്ങൾ

നിലവിലുള്ള ആദായ നികുതി നിയമം അനുസരിച്ച് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും മൊത്തം വരവ് ഒരു കോടിയിൽ താഴെയാണെങ്കിൽ 10 (23) സി (iii എഇ) വകുപ്പുകൾ പ്രകാരം പൂർണ്ണമായ ആദായനികുതി കിഴിവുണ്ട്. കൂടാതെ, സർക്കാർ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയ്ക്ക് പൂർണ്ണ നികുതി ഒഴിവുണ്ട്. എന്നാൽ ഡയറക്ട് ടാക്സസ് കോഡിലെ 94-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം ചാരിറ്റബിൾ പ്രവർത്തനത്തിന് ചെലവഴിച്ച തുകയ്ക്ക് മാത്രമേ ഈ കിഴിവ് ലഭിക്കുകയുള്ളൂ.

(ചാർട്ടേഡ് അക്കൗണ്ടന്റായ ലേഖകൻ സഭയുടെ അക്കൗണ്ട്സ് കമ്മിറ്റി കൺ വീനറായി സേവനമനുഷ്ഠിക്കുന്നു)

ഉറച്ച പാറയായ മാർ സേവേറിയോസ്

■ പി.എ. അലക്സാണ്ടർ




കൊച്ചി ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തയായ അഭി. പൗലോസ് മാർ സേവേറിയോസിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് ഭക്തിനിർഭരമായ തുടക്കം.

വിദേശ പീഡനത്താൽ നാമാവശേഷമായ കൊച്ചിയിലെ അതിപുരാതനമായ മലങ്കരസഭയ്ക്ക് വീണ്ടും ശക്തമായ അടിസ്ഥാനമിട്ട പിതാവായിരുന്നു കൊച്ചി ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്ത പൗലോസ് മാർ സേവേറിയോസ്. തിരുമേനി അന്ത്യവിശ്രമം കൊള്ളുന്നത് സ്വന്തം അദ്ധ്വാനത്താൽ കെട്ടിപ്പടുത്ത ഭദ്രാസന ആസ്ഥാനമായ സീയോൻ സെമിനാരിയിലല്ല, കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളിയിലാണ്. ആ ദേവാലയത്തിൽ കബറടങ്ങിയ സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ ഓർമ്മപ്പെരുന്നാളിൽ മുഖ്യകാർമ്മികത്വം വഹിക്കാനാണ് ആർത്താറ്റ് പുത്തൻപള്ളിയിലേക്കു സേവേറിയോസ് തിരുമേനി എഴുന്നള്ളിയത്. പെരുന്നാൾ കുർബാന മംഗളകരമായി നടത്തിയ ശേഷം പ്രാർത്ഥിക്കുവാൻ ആർത്താറ്റ് വലിയ പള്ളിയിലേക്കു വന്ദ്യപിതാവ് യാത്രതിരിച്ചു. മാർഗ്ഗമധ്യേ നെഞ്ചുവേദനയെത്തുടർന്ന് അദ്ദേഹം പുത്തൻപള്ളിയിലേക്ക് മടങ്ങിപ്പോന്നു. അവിടെ വെച്ച് 1961 മാർച്ച് 17 ന് 52–ാം വയസ്സിൽ ആ വന്ദ്യപിതാവ് കാലംചെയ്തു. കുന്നംകുളത്തെ സഭാ മക്കളുടെ ആഗ്രഹപ്രകാരം പൗലോസ് മാർ സേവേറിയോസ് തിരുമേനിയെ ആർത്താറ്റ് പുത്തൻപള്ളിയിൽ തന്നെ അടക്കം ചെയ്തു. 'മാർ സേവേറിയോസ് ഉറച്ച പാറ' എന്നാണ് കബറടക്ക ശുശ്രൂഷയിൽ മുഖ്യകാർമ്മികനായിരുന്ന പരി. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

ക്രാന്തദർശി, സമാധാനപ്രിയൻ

1946 ആഗസ്റ്റ് 4–ാം തീയതി പാത്രിയർക്കീസ് വിഭാഗത്തിന്റെ മെത്രാപ്പോലീത്തയായിട്ടാണ് പൗലോസ് മാർ സേവേറിയോസ് വാഴിക്കപ്പെട്ടത്. മെത്രാപ്പോലീത്തയായി മടങ്ങിയെത്തിയ അദ്ദേഹത്തിന് താമസിക്കുവാൻ പോലും ഇടമില്ലാത്ത അവസ്ഥയിലായിരുന്നു മുളന്തുരുത്തി സുന്നഹദോസിനു ശേഷം നിലവിൽ വന്ന കൊച്ചി ഭദ്രാസനം. തിരുമേനി വിഭവസമാഹരണം നടത്തിയാണ് ഇന്ന് കൊരട്ടിയിൽ സീയോൻ സെമിനാരി സ്ഥിതി ചെയ്യുന്ന $7^1/_2$ ഏക്കർ സ്ഥലം വാങ്ങിയതും കെട്ടിടങ്ങൾ പണികഴിപ്പിച്ചതും.



കൊച്ചി ഭദ്രാസനശിൽപി അഭി. പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ



കൊച്ചി, മലബാർ എന്ന് ഇപ്പോൾ വിളിക്കപ്പെടുന്ന ഭദ്രാസനങ്ങൾ ഒന്നുചേർന്ന അവിഭക്ത കൊച്ചി ഭദ്രാസനത്തിന്റെ ഇടയനായിരുന്ന പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി ആഘോഷങ്ങൾ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

1958ലെ സഭായോജിപ്പിനെ തുടർന്ന് ദേവലോകത്ത് പോയി പരിശുദ്ധ കാതോലിക്കാ ബാവായെ സ്വീകരിച്ചു. അങ്ങനെ ഓർത്തഡോക്സ് സഭയുടെ പള്ളികൾ കൂടി തുടർന്ന് സേവേറിയോസ് തിരുമേനി ഭരിച്ചു. പിന്നീട് കാതോലിക്കേറ്റിനു കീഴിൽ അടിയുറച്ച നിലപാട് അദ്ദേഹം കൈക്കൊണ്ടു. വീണ്ടും കലഹമുണ്ടാക്കാൻ ശ്രമിച്ചവരുടെ വരുതിയിൽ സേവേറിയോസ് തിരുമേനിയെ കിട്ടിയില്ല.

1961ലെ 'ഓർത്തഡോക്സ് യൂത്ത്'ന്റെ വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ തിരുമേനി ഇങ്ങനെ എഴുതി:

ദൈവത്തിന്റെ മഹാകരുണയിൽ വിദ്രോഹ വ്യവഹാര ദുർഭൂതത്തിൽ നിന്നും മോചിതയായ മലങ്കര സുറിയാനി സഭ വീണ്ടും കൂടുതൽ വഷളായ അശുദ്ധാത്മാക്കളുടെ കരങ്ങളിലേക്ക് വഴുതിപ്പോകുവാൻ തക്കവണ്ണം നാം കർമ്മരഹിതമായിരിക്കുകയോ? നമ്മുടെ യുവതലമുറ ശ്രദ്ധിക്കേണ്ട ഒരു അടിയന്തിര വിഷയമാണിത്


ഇത് തിരുമേനിയുടെ അന്ത്യശാസനം എന്ന പോലെ അവസാനത്തെ ലേഖനമായിരുന്നു.

ജന്മശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം

അഭി. പൗലോസ് മാർ സേവേറിയോസ് തിരുമേനിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം 12.11.2010ൽ കൊരട്ടി സിയോൻ സെമിനാരിയിൽ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ നിർവ്വഹിച്ചു. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. സണ്ണി വർഗ്ഗീസ് സ്വാഗതവും ഫാ. ജേക്കബ് നന്ദിയും പറഞ്ഞു. ബഹു. വൈദികരായ

പൗലോസ് മാർ സേവേറിയോസ്: ജീവിതരേഖ

* **1910 നവംബർ 6:** ചെറായി സെന്റ് മേരീസ് വലിയ പള്ളി ഇടവകയിൽ മുളയിരിക്കൽ കുഞ്ഞിട്ടൂപ്പിന്റെയും എളച്ചിയുടെയും മകനായി ജനനം
* **1926:** ആലുവയിലെ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയിൽനിന്ന് ശെമ്മാശ പട്ടം.
* **1930:** വൈദികപട്ടം
* **1934 ആഗസ്റ്റ് 19:** തൃക്കുന്നത്ത് സെമിനാരിയിൽ വെച്ച് റമ്പാൻ സ്ഥാനം
* **1946 ആഗസ്റ്റ് 4:** പരിശുദ്ധ അപ്രേം പാത്രിയർക്കീസ് ബാവ പൗലോസ് മാർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.
* **1958 ഏപ്രിൽ 17:** കൊരട്ടി സീയോൻ സെമിനാരി ഉദ്ഘാടനം
* **1958 ഡിസംബർ 1:** കാതോലിക്കേറ്റിനോട് കൂറ് പ്രഖ്യാപിക്കുന്നു.
* **1962 മാർച്ച് 17:** കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളിയിൽ കബറടക്കപ്പെട്ടു.



മലങ്കര സഭയുടെ മഹാഇടയന് സ്വാഗതം: അഭി. പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ (നവംബർ 12, 2010 വെള്ളി) ഉദ്ഘാടനം ചെയ്യാൻ കൊരട്ടി സീയോൻ സെമിനാരിയിൽ എത്തിയ നവാഭിഷിക്തനായ പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് സ്വീകരണം നൽകുന്നു.

എ.എം. പീറ്റർ, ഒ.വി. ഏലിയാസ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

മാർ സേവേറിയോസ് മെത്രാപ്പോലീത്തയിൽ നിന്ന് വൈദികപട്ടം ലഭിച്ച ഒൻപത് വൈദികരെ ചടങ്ങിൽ ആദരിച്ചു. പൂമറ്റത്തിൽ പൗലോസ് കോർ എപ്പിസ്കോപ്പ, ആദരിക്കപ്പെട്ടവർക്കു വേണ്ടി നന്ദി പ്രകാശിപ്പിച്ചു.

നിർദ്ധനരായ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ പരി. കാതോലിക്കാ ബാവ നൽകി. ജന്മശതാബ്ദി സ്മാരക നിർമ്മാണ ഫണ്ടിന്റെ ആദ്യ കൂപ്പൺ അലക്സാണ്ടർ കെ. ജോണിനു (പാലാരിവട്ടം വലിയപള്ളി) നൽകി കൂപ്പൺ വിതരണം ബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു.

പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെ സ്വീകരണവും ജന്മശതാബ്ദിയോടനുബന്ധിച്ചു നൽകപ്പെട്ടു. സീയോൻ സെമിനാരിയുടെ കവാടത്തിലെത്തിയ നവാഭിഷിക്തനായ പരി. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ കത്തിച്ച മെഴുകുതിരികളോടും വാദ്യമേളങ്ങളോടും കൂടി സ്വീകരിച്ചാനയിച്ചു. കൊച്ചി ഭദ്രാസനത്തിലെ നിരവധി വൈദികരും വിശ്വാസികളും ചടങ്ങുകളിൽ സംബന്ധിച്ചു.

കോലഞ്ചേരി പള്ളി തുറന്നു

സഭാ തർക്കത്തെ തുടർന്ന് മൂന്നു വർഷത്തിലേറെക്കാലം പൂട്ടിക്കിടന്ന കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി 3–12 –2010 വെള്ളിയാഴ്ച തുറന്നു. ജില്ലാ കോടതി ഉത്തരവിനെത്തുടർന്ന് വികാരി ഫാ. ജേക്കബ് കുര്യനാണ് പള്ളി തുറന്നത്. സഹവികാരി ഫാ. റോബിൻ മർക്കോസ്, ഫാ. ജോൺ തേനുങ്കൽ, ഫാ. ടി.പി. ഏലിയാസ്, ഫാ. ഒ.പി. വർഗീസ്, ഫാ. സി.എം. കുര്യാക്കോസ്, ഫാ. ജോൺ കുര്യാക്കോസ്, ഫാ. യാക്കോബ് തോമസ്, ഫാ. ജിൻസ് ജോൺ, ഫാ. സജി ജോൺ തുടങ്ങിയ വൈദികരും നിരവധി വിശ്വാസികളും വികാരിയുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയിൽ പങ്കെടുത്തു.

1934 ലെ സഭാ ഭരണഘടന പ്രകാരമുള്ള ഭരണസംവിധാനം നിലവിലുള്ളതിനാൽ റിസീവർ ഭരണം പള്ളിയിൽ ആവശ്യമില്ലെന്നു കോടതി വ്യക്തമാക്കിയിട്ടുണ്ട്.

പരിശുദ്ധ കാതോലിക്കാ ബാവയ്ക്കു സ്വീകരണം



എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ പുതിയതായി സ്ഥാനാരോഹണം ചെയ്ത പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഊഷ്മളമായ വരവേൽപു നൽകി.

വൈകുന്നേരം 4.30 നു കാതോലിക്കാ ബാവായെ പള്ളിയുടെ കവാടത്തിൽ വിശ്വാസികൾ കത്തിച്ച മെഴുകുതിരികളോടെ സ്വീകരിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. അങ്കമാലി–എറണാകുളം അതിരൂപതാ മെത്രാൻ മാർ തോമസ് ചക്യത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. കൊച്ചി മേയർ ടോണി ചമ്മണി, ഡെപ്യൂട്ടി മേയർ ഭദ്ര സതീഷ് എന്നിവർ ആശംസാ പ്രസംഗം നടത്തി.

സമ്മേളനത്തോടനുബന്ധിച്ചു സെന്റ് മേരീസ് ഇടവക മുൻ സഹവികാരിയായിരുന്ന ദിവംഗതനായ ഫാ. ജോസഫ് വെണ്ടറപ്പള്ളിയുടെ ലേഖനസമാഹാരമായ "വെള്ളിക്കോൽ" എന്ന പുസ്തകത്തിന്റെ പ്രകാശനവും പ. ബാവാ തിരുമേനി നിർവ്വഹിച്ചു. ഫാ. ഒ.വി. ഏലിയാസ്, ഫാ. അടപ്പൂർ എസ്.ജെ., ഫാ. ഒ.ജെ. ജേക്കബ്, ഫാ. പി.ഐ. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.



വിമർശനവും സഭാ വളർച്ചയ്ക്കാവശ്യം

മലങ്കര ഓർത്തഡോക്സ് സഭയിൽ ചുരുങ്ങിയ കാലയളവിനുള്ളിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു ത്രൈമാസികയാണ് ജോർജിയൻ മിറർ. സത്യവിശ്വാസവും സദാചാര മൂല്യങ്ങളും വളർത്തുന്ന ലേഖനങ്ങൾ, സഭാചരിത്രം, കാലത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും അനുരൂപമായ വിഷയങ്ങളെ ആധാരമാക്കിയുള്ള ലേഖനങ്ങളും പഠനങ്ങളും ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ഭാഷയിലും മാസികയുടെ അവതരണശൈലിയിലും മറ്റേതു പ്രസിദ്ധീകരണത്തെക്കാളും മുൻപന്തിയിൽ തന്നെ നിൽക്കുന്നു. മിററിന്റെ എഡിറ്റോറിയൽ ബോർഡ് എല്ലാവിധ അഭിനന്ദനങ്ങൾക്കും തികച്ചും അർഹർ തന്നെ.

നിത്യജീവൻ അവകാശമാക്കാനായി വന്ന ധനവാൻ എല്ലാ കൽപനകളും അനുഷ്ഠിക്കുന്നവനായിരുന്നു എങ്കിലും, അവനോടു നിനക്കൊരു കുറവുണ്ട് എന്നാണ് ക്രിസ്തുദേവൻ അരുളിച്ചെയ്തത്. (മർക്കോസ് 10:21) ഏതാണ്ടൊക്കെ അപ്രകാരം തന്നെയാണ് ജോർജിയൻ മിററിന്റെയും കഥ. ബിഷപ്പുമാരുടെയും വൈദിക ശ്രേഷ്ഠരുടെയും സഭാ ഭക്തരായ പല പണ്ഡിതന്മാരുടെയും ലേഖനങ്ങളും ഉപദേശങ്ങളും മലങ്കരസഭയെ പറ്റിയും സഭയുടെ പ്രവർത്തനത്തെയും സാമുദായിക സേവനത്തെപ്പറ്റിയും വാനോളം പുകഴ്ത്തിക്കൊണ്ടുള്ള പല ലേഖനപരമ്പരകളും പ്രസിദ്ധപ്പെടുത്തുന്നുണ്ടെങ്കിലും ജോർജിയൻ മിററിന് ഒരു കുറവ് ഉള്ളതായി ന്യായമായി കാര്യങ്ങൾ വിശകലനം ചെയ്യുകയും ചിന്തിക്കുകയും ചെയ്യുന്ന അഭ്യുദയകാംക്ഷികൾക്കു തോന്നിപ്പോകുന്നു.

മലങ്കരസഭയുടെ ആകമാന പ്രവർത്തനശൈലിയിൽ എന്തെങ്കിലും അപാകതകളുണ്ടോ, മലങ്കര തറവാട്ടിൽ നിന്നും എന്തുകൊണ്ടാണ് പുതുസഭകൾ ഉടലെടുക്കുന്നതെന്നും വിശകലനം ചെയ്തുകൊണ്ടുള്ള ലേഖനങ്ങൾ നാളിതുവരെ മിററിൽ കണ്ടിട്ടില്ല. ഏതാണ്ട് 2000 വർഷങ്ങൾ പഴക്കമുള്ള മലങ്കര സഭയുടെ അംഗസംഖ്യ വർദ്ധിക്കുന്നതായി കാണുന്നില്ല. വർഷങ്ങളായി നമ്മുടെ കുഞ്ഞാടുകൾ പെന്തക്കോസ്തിലേക്കും മറ്റു നവീകരണ സഭകളിലേക്കും ചേക്കേറികൊണ്ടിരിക്കുന്നു. ബാഹ്യകേരളത്തിലെ ഇളംതലമുറകളെ സഭയിൽ നിർത്തത്തക്ക ചുറ്റുപാടുകൾ സൃഷ്ടിക്കത്തക്ക ലേഖനങ്ങളും കാലത്തിന്റെ മാറ്റത്തിനനുസരണമായി സഭയുടെ ബാഹ്യാചാര ചടങ്ങുകളിലും, മര്യാദകളിലും കാര്യമായ മാറ്റം വരുത്തത്തക്കവിധത്തിൽ സഭാചക്രം തിരിക്കുന്നവരുടെ ചിന്താശക്തിയെ അൽപസ്വൽപമായിട്ടെങ്കിലും നിയന്ത്രിക്കത്തക്ക ലേഖനങ്ങളും ജോർജിയൻ മിററിൽ പ്രസിദ്ധീകരിച്ചു കാണുവാൻ സഭാമക്കൾ ആഗ്രഹിക്കുന്നു. അപ്പോഴേ ജോർജിയൻ മിററിന്റെ 'ഒരു കുറവു' പരിഹരിക്കപ്പെടുകയുള്ളു. ക്രിയാത്മകമായ വിമർശനം സഭയുടെ വളർച്ചയെ വളരെ സഹായിക്കും. തുടർച്ചയായ പുകഴ്ത്തൽ നാശത്തിനേ കൂട്ടുനിൽക്കൂ.

കെ.എം. പീറ്റർ മട്ടക്കൽ
ബാംഗ്ലൂർ

വൈദികരെ ബഹുമാനിക്കുന്ന ഉന്നതമായ പാരമ്പര്യമാണ് ഓർത്തഡോക്സ് സഭയുടേത്. ആ മാർഗ്ഗമാണ് ജോർജിയൻ മിറർ പിന്തുടരുന്നത്. നവീകരണ സഭകളിൽ നിന്നും വ്യത്യസ്തമായി, ഓർത്തഡോക്സ് സഭയിൽ വൈദികർക്ക് ലഭിക്കുന്ന ശ്രേഷ്ഠമായ സ്ഥാനം ചിലരെങ്കിലും തെറ്റിദ്ധരിക്കാറുണ്ട്. ഓർത്തഡോക്സ് സഭയിൽ ആരും തന്നെ തെറ്റിക്കൂടായ്മ അവകാശപ്പെടുന്നില്ല. ഏതാനും ചില വൈദികർക്ക് സംഭവിക്കുന്ന പാകപ്പിഴകളുടെ പേരിൽ വൈദിക ഗണത്തെ മുഴുവനായി ആക്ഷേപിക്കുന്ന പ്രവണത പൊതുസമൂഹത്തിൽ ഇന്നു കാണുന്നു. മാദ്ധ്യമങ്ങൾക്കും ഇതിൽ വലിയ പങ്കുണ്ട്.

യേശുക്രിസ്തു പുരോഹിതരെ കുറ്റപ്പെടുത്തിയല്ലോ എന്നാണ് വിമർശകരുടെ വാദം. വിധിക്കാൻ യോഗ്യതയും അവകാശവുമുള്ളവനാണ് അത് ചെയ്തത് എന്നു നാം ഓർക്കേണ്ടതാണ്. നിങ്ങളിൽ പാപമില്ലാത്തവൻ കല്ലെറിയട്ടെ എന്ന അവിടുത്തെ വചനം ഇവിടെ അന്വർത്ഥമാണ്.

ക്രിയാത്മകമായ വിമർശനങ്ങൾക്ക് ജോർജിയൻ മിറർ എതിരല്ല. എന്നാൽ അത് അവരോടുള്ള ആദരവിന് കോട്ടം വരുത്താത്ത രീതിയിലാവണമെന്നു മാത്രം.

– **എഡിറ്റർ**, ജോർജിയൻ മിറർ

മദ്യാസക്തി കൂട്ടുന്നത് സർക്കാർ

സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് മദ്യം വിൽപനസുലഭമാക്കുന്നത്. ഇതു മനുഷ്യന്റെ ആരോഗ്യസമ്പത്തും സമാധാനവും നശിപ്പിക്കുകയും രോഗങ്ങൾക്ക് അടിമപ്പെടുത്തുകയും കുടുംബങ്ങളെ തകർത്ത് ജീവിതം നരകതുല്യമാക്കുകയും ചെയ്യുന്നതിനിടയാകും. കൂടാതെ, റോഡപകടങ്ങൾ പലതും മദ്യപാനം മൂലമുണ്ടാകുന്നതാണെന്നും ഓർക്കേണ്ടതാണ്.

മദ്യത്തിന്റെ ലഭ്യത സുഗമമാക്കാനുള്ള നീക്കം മദ്യാസക്തി വർദ്ധിപ്പിക്കുന്നതിനും കുടുംബങ്ങളെ തകർച്ചയിലേക്കു നയിക്കുന്നതിനും ഇടയാക്കുമെന്നുള്ളതിനാൽ സർക്കാർ മദ്യനയം പുനഃപരിശോധിക്കണം.

ഈവിധ സാമൂഹ്യ തിന്മകൾക്കെതിരെ ധാർമികതയുടെ സ്വരമാകുവാൻ യുവജനങ്ങൾ പ്രാപ്തരാകണം. മദ്യപാനത്തിനെതിരെ ബോധവൽക്കരണവും ഇടവകകളിൽ മധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നതും അഭിലഷണീയമാണ്.

– ജോൺ വർഗീസ് മോളേത്ത്
അടൂർ

മത്സരബുദ്ധി ഇടവകയ്ക്ക് നന്നല്ല

ഇടവകകളിൽ സൗഹൃദം വളർത്തുന്നതിനുള്ള ഒരു കർമ്മപദ്ധതിക്ക് സഭ രൂപം നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. 'നമ്മുടെ ഇടവക സങ്കൽപ്പത്തിന് ഒരു മാറ്റം' എന്ന തലക്കെട്ടിലെ ചോദ്യവും ബഹു. ഒ. തോമസച്ചന്റെ ഉത്തരവുമാണ് ഈ കത്ത് എഴുതാൻ പ്രേരകമായത്.

ഇടവകകളിലെ കുടുംബങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെ മൂല്യനിർണ്ണയം സാമ്പത്തിക കണക്കെടുപ്പുകളെക്കാൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. സ്നേഹബന്ധത്താൽ ഉളവാകുന്ന ഐക്യം ശക്തിപ്പെടുമ്പോൾ പള്ളിയിലെ മറ്റെല്ലാ കാര്യങ്ങളും ശുഭമായിരിക്കും.

ഇത്തരം പരിശോധനറിപ്പോർട്ടുകളാണ് ഇടവക വികാരിമാരിൽ നിന്ന് മെത്രാപ്പോലീത്തമാർ കൂടുതൽ പ്രതീക്ഷിക്കേണ്ടത്.

പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങളാണ് എല്ലാ കാലത്തും മറ്റു വിശ്വാസങ്ങളിലേക്കു കുടിയേറിയത്. രോഗലക്ഷണങ്ങൾ മുൻകൂട്ടി കാണിക്കുന്നതിനാൽ അവരിൽ മിക്കവരെയും കണ്ടെത്തുന്നതിന് ഏറെ ബുദ്ധിമുട്ടില്ല.

ദുരഭിമാനവും മൽസരബുദ്ധിയും ഞാൻ എന്ന ഭാവവും വളരുന്നത് ഒരു ഇടവകയ്ക്കും അനുഗ്രഹകരമല്ല. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, സൺഡേസ്കൂൾ കുട്ടികളെ പോലും മൽസരിക്കാനാണ് ആദ്യം മുതൽ നാം പഠിപ്പിക്കുന്നത്. പരീക്ഷകൾക്കും സഹപാഠ്യ മൽസരങ്ങൾക്കും ഗ്രേഡാണ് നടപ്പാക്കേണ്ടത്. മൽസരങ്ങൾക്ക് ഒന്ന് രണ്ട് സ്ഥാനങ്ങൾ നിശ്ചയിക്കണമെങ്കിൽ 15 വയസ്സിനു മുകളിൽ മാത്രമാകണം. അതുവരെ, നമ്മുടെ എല്ലാ കുട്ടികളും പല ഇനങ്ങളിലും പങ്കെടുത്ത് ആത്മവിശ്വാസവും സ്നേഹവും വളർത്തുന്നതിനാകണം മുൻഗണന. അപ്പോഴാണ് കർമ്മശേഷിയും മൂല്യബോധവും സാമർത്ഥ്യവുമുള്ള അനേകം കുട്ടികളിൽ നിന്ന് ഉന്നതനിലവാരമുള്ള കൂടുതൽ നേതാക്കളെ നമുക്ക് ലഭിക്കുന്നത്. മൽസരബുദ്ധി കഴിവ് വളർത്തുകയല്ല, മറിച്ച് മറ്റുള്ളവരെ തോൽപ്പിക്കണമെന്ന വിചാരവും സ്വാർത്ഥതയും അരക്ഷിതബോധവും വളർത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ മൽസരിച്ചു വിജയിക്കുന്നവരെ കൊണ്ട് സഭയ്ക്ക് എന്തു ഗുണമാണ്? അതിനാൽ ആദ്യപടിയായി പത്തു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്ക് സൗഹൃദ മൽസരങ്ങൾ നടത്തി ഗ്രേഡ് നൽകുന്നത് സൺഡേസ്കൂൾ അസോസിയേഷൻ ഉടൻ നടപ്പിലാക്കണം.

ഇടവകകളിൽ സ്ത്രീകൾക്ക് വോട്ടവകാശം, ഭരണസ്ഥാനങ്ങൾ ഇവ നൽകുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ ഇന്നു വളരെ സജീവമാണ്. നല്ലതുതന്നെ. നിരീക്ഷകരായി പങ്കെടുത്ത് അഭിപ്രായങ്ങൾ പറയുന്നതിന് ഇപ്പോൾ തന്നെ സ്ത്രീകൾക്ക് അവസരമുണ്ടല്ലോ. എന്നാൽ എത്ര സ്ത്രീകൾ ഇപ്പോൾ പങ്കെടുക്കാറുണ്ട്? വോട്ടവകാശം നൽകിയാലും അധികാര സ്ഥാനങ്ങൾ നൽകിയാലും പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ മാറ്റമൊന്നും പ്രതീക്ഷിക്കാനില്ല. ഇപ്പോൾ ഈ അവകാശങ്ങൾ ഉള്ള പുരുഷൻമാരിൽ ബഹുഭൂരിപക്ഷവും പൊതുയോഗങ്ങളിൽ നിന്നും എന്തുകൊണ്ടാണ് അകന്നു നിൽക്കുന്നത് എന്നതാണ് ആദ്യം പഠിക്കേണ്ടത്.

– എം. ജോർജ് കോശി, ചെങ്ങന്നൂർ

പരുമലയിലെ 'പാരപ്പള്ളി'

തങ്ങൾ പരുമലയിൽ പണിയുവാൻ പോകുന്ന പരുമല പള്ളിയാണ് *പരിശുദ്ധന്റെ നാമത്തിലുള്ള പരുമലയിലെ ആദ്യത്തെ പള്ളി* എന്ന കള്ള പ്രചാരണം തെളിവുസഹിതം പൊളിച്ച ജോർജിയൻ മിററിന് അഭിനന്ദനങ്ങൾ. ആനുകാലിക പ്രശ്നങ്ങളിൽ ജോർജിയൻ മിററിൽ നിന്ന് ഇത്തരം യുക്തമായ ഇടപെടലുകൾ ഇനിയും പ്രതീക്ഷിക്കുന്നു. സഭയുടെ മറ്റു പ്രസിദ്ധീകരണങ്ങൾക്കും ഇത് മാതൃകയാണ്.

തോമസ് ജോൺ, ന്യൂഡൽഹി

പരുമല തിരുമേനിയും അന്ത്യോക്യയും

പരിശുദ്ധ പരുമല തിരുമേനി ***അന്ത്യോക്യൻ ഭക്തനായിരുന്നു*** എന്ന പ്രചാരണം യാക്കോബായ വിഭാഗത്തിന്റെ ചില പ്രസിദ്ധീകരണങ്ങളിൽ കണ്ടു. മലങ്കരസഭയുടെ ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ പരിശുദ്ധ തിരുമേനി എടുത്തിട്ടുള്ള തീരുമാനങ്ങളും നടപടിക്രമങ്ങളും മറച്ചുപിടിച്ച് സൽമൂസ നൽകിയത് മാത്രം ഉയർത്തിക്കാട്ടിയാണ് വിഘടനവാദികളുടെ ആക്രമണം.

മലങ്കരസഭയുടെ ദേശീയതയ്ക്കും സ്വാതന്ത്ര്യത്തിനും തുരങ്കം വയ്ക്കുന്നതിനും നമ്മുടെ വിശ്വാസികളിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിനും പരുമലയിൽ പുതിയ 'പരുമല പള്ളി' പണിയുന്നതിനും നടത്തിയ ഗൂഢശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഈ ദുഷ്പ്രചരണം അവർ അഴിച്ചുവിട്ടത്.

ലോകമെങ്ങും അറിയപ്പെടുന്ന മലങ്കരസഭയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനിയെ സംബന്ധിച്ച ഈ വിഷയം സഭ കൂടുതൽ ഗൗരവത്തോടെ കാണണം. പരുമല തിരുമേനിയുടെ അന്ത്യോക്യാ ബന്ധത്തെ പറ്റി നടത്തിയിട്ടുള്ള ഗവേഷണ പഠനങ്ങൾ സഭ പ്രസിദ്ധപ്പെടുത്തണം. ഇത് ഒരു കൈപുസ്തകമായി പ്രസിദ്ധീകരിച്ച് ഇടവകകളിൽ വിതരണം ചെയ്യണം.

– എം.സി. വർഗീസ് മുട്ടത്തേത്ത്, നിരണം

വിശേഷദിവസങ്ങൾ

2010 ജനുവരി

1 ശനി: കർത്താവിന്റെ ചേലാകർമ്മം, പുതുവൽസരം

3 തിങ്കൾ: മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മ (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പൽ)

6 വ്യാഴം: ദനഹ പെരുന്നാൾ

15 ശനി: വിത്തുകൾക്കുവേണ്ടി വിശുദ്ധ ദൈവമാതാവിന്റെ പെരുന്നാൾ

26 ബുധൻ: ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ ഓർമ്മ (ശാസ്താംകോട്ട ഹോറേബ് ആശ്രമം)

ഫെബ്രുവരി

2. ബുധൻ: മായൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശനം)

പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മ (കണ്ടനാട് കർമ്മേൽ ദയറ)

14 തിങ്കൾ: മൂന്നു നോമ്പ് ആരംഭം

17 വ്യാഴം: മൂന്നു നോമ്പ് വീടൽ

20 ഞായർ: വാങ്ങിപ്പോയ പട്ടക്കാരുടെ ഓർമ്മ

23 ബുധൻ: പ. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ (കോട്ടയം പഴയ സെമിനാരി)

27 ഞായർ: സകല വാങ്ങിപ്പോവരുടെയും ഓർമ്മ

മാർച്ച്

6 തിങ്കൾ: കൊത്തിനേ (പേത്തർത്തോ) ഞായർ

7 തിങ്കൾ: വലിയ നോമ്പ് ആരംഭം

13 ഞായർ: ഗർബോ–കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായർ

20 ഞായർ: മ്ശിറിയോ–തളർവാതരോഗിയെ സൗഖ്യമാക്കിയ ഞായർ

25 വെള്ളി: വചനിപ്പ് പെരുന്നാൾ

27 ഞായർ: ക്നാനൊയ്ത്തോ–ക്നാനായക്കാരിയുടെ മകളെ സുഖപ്പെടുത്തിയ ഞായർ

30 ബുധൻ : പാതിനോമ്പ്

ഏപ്രിൽ

3 ഞായർ: ക്പിപ്ത്തോ–കുനിയെ സൗഖ്യമാക്കിയ ഞായർ

10 ഞായർ: സമിയോ – പിറവിക്കുരുടനെ സൗഖ്യമാക്കിയ ഞായർ

15 വെള്ളി: നാൽപതാം വെള്ളിയാഴ്ച

16 ശനി: ബഥാന്യയിലെ ലാസറിന്റെ ഓർമ്മ

17 ഞായർ: ഊശാനഞായറാഴ്ച

21 വ്യാഴം: പെസഹ

22 വെള്ളി: ദുഃഖവെള്ളിയാഴ്ച

23 ശനി : ദുഃഖ ശനിയാഴ്ച

24 ഞായർ: ക്യംതാ (ഉയിർപ്പ്)

ക്രിസ്തുമസ് കരോൾ

പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിലെ ക്രിസ്തുമസ് കരോൾ 18-12-2010 ശനിയാഴ്ച സന്ധ്യാ പ്രാർത്ഥനയ്ക്കു ശേഷം തേജസ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. പ്രസ്തുത കരോളിൽ പാലാരിവട്ടം ഷാരോൺ മാർത്തോമ്മാ പള്ളി അസി. വികാരി റവ. ഫാ. നിഷാന്ത് ഐസക് ചാണ്ടി മുഖ്യ സന്ദേശം നൽകുകയും പള്ളിയുടെ ക്വൊയർ അംഗങ്ങൾ, യുവജനപ്രസ്ഥാനം അംഗങ്ങൾ, സൺഡേസ്കൂൾ വിദ്യാർത്ഥികൾ എന്നിവർ ഗാനങ്ങൾ ആലപിക്കുകയും ചെയ്തു.

യുവജനപ്രസ്ഥാനത്തിന്റെ ക്രിസ്തുമസ് കരോൾ

പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിലെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവക വികാരി റവ. ഫാ. ബിജു എബി മാത്യൂസിന്റെയും കുടുംബയൂണിറ്റുകളുടേയും സഹകരണത്തോടെ 13-12-2010 തിങ്കളാഴ്ച മുതൽ 17-12-2010 വെള്ളിയാഴ്ച വരെ ക്രമീകരിക്കപ്പെട്ട വിവിധ ഭവനങ്ങളിൽ ക്രിസ്മസ് കരോൾ ആഘോഷിച്ചു. തദവസരത്തിൽ യഥാക്രമം റവ. ഫാ. കുര്യാക്കോസ് തണ്ണിക്കോട്ട്, റവ. ഫാ. കെ. ടി. ഫിലിപ്പ്, ശ്രീ ജെ.കെ. തോമസ്, റവ. ഫാ. വറുഗീസ് ചാക്കോ, റവ. ഫാ. പ്രിൻസ് മാത്യു എന്നിവർ ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു.

ബാലഗ്രാമിലെ കുട്ടികൾക്ക് ക്രിസ്തുമസ് കാർഡുകൾ

ആന്ധ്രാപ്രദേശിലെ യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിലെ കുട്ടികൾക്ക് പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിലെ സൺഡേസ്കൂൾ കുട്ടികൾ സ്വയം നിർമ്മിച്ച ക്രിസ്തുമസ് കാർഡുകൾ മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും (2010) അയച്ചുകൊടുത്തു.

സൺഡേസ്കൂൾ സഹപാഠ്യ മൽസരങ്ങൾ

13-11-2010 ൽ മൂവാറ്റുപുഴ സമന്വയ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട സൺഡേസ്കൂൾ സോണൽ തല സഹപാഠ്യ മൽസരത്തിൽ പാലാരിവട്ടം സെന്റ് ജോർജ് വലിയ പള്ളിയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾ സമ്മാനാർഹരായി.

സബ് ജൂനിയർ - പ്രസംഗം - അലീനാ സാനു - രണ്ടാം സ്ഥാനം

സീനിയർ - വാക്യമൽസരം - റിനു കെ. സണ്ണി - രണ്ടാം സ്ഥാനം

സെന്റ് ജോർജ് എൽഡേഴ്സ് ഫോറത്തിന്റെ വാർഷികം

പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിലെ എൽഡേഴ്സ് ഫോറത്തിന്റെ വാർഷിക ഒത്തുചേരൽ 30-12-2010 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ഇടവക വികാരി റവ. ഫാ. ബിജു എബി മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. തദവസരത്തിൽ റവ. ഫാ. സൈമൺ ജോസഫ് മുഖ്യപ്രഭാഷണവും റവ. ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട് അനുഗ്രഹ പ്രഭാഷണവും നടത്തുകയുണ്ടായി. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

വിവാഹിതരായി

17-10-2010: കലൂർ ദേശാഭിമാനി റോഡ് ഓറിയന്റൽ ഗാർഡനിൽ പരേതനായ മാത്യു ജോയിയുടെയും ലൗലിയുടെയും മകൻ **ലാജു**വും ആർത്താറ്റ് തലശേരി ചൊവ്വല്ലൂർ പി. ഐ. വർഗീസിന്റെയും ആഗ്നസിന്റെയും മകൾ **ഷീൻ ഹെലനും** പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിവാഹിതരായി.

25-10-2010: ഇടപ്പള്ളി ആലിൻചുവട് സൗമ്യാനഗറിൽ ചെട്ടിച്ചേരിയിൽ സി. ഫിലിപ്പിന്റെയും അന്നമ്മയുടെയും മകൻ **ഫിജി**യും കൊല്ലം പെരിനാട് ജോളി ഡേലിൽ ടി.ഒ. ഫിലിപ്പിന്റെയും ഗ്രേസിയുടെയും മകൾ **അനു**വും പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വിവാഹിതരായി.

14-11-2010: ഇടപ്പള്ളി ചുറ്റുപാടുകര അമൃത ലെയ്നിൽ ഏബ്രഹാം മാത്യുവിന്റെയും അമ്മിണിയുടെയും മകൻ **അജിത്തും** പന്തളം കുരമ്പാല സുരേഷ് കോട്ടേജിൽ കെ. കോശിയുടെയും സാലമ്മയുടെയും മകൾ **സീനയും** പാലാരിവട്ടം സെന്റ് ജോർജ് വലിയ പള്ളിയിൽ വിവാഹിതരായി.

26-12-2010: ഇടപ്പള്ളി വട്ടേക്കുന്നം കണിക്കണ്ടം റോഡ് ചാരുവിളയിൽ പരേതനായ ഗീവർഗീസിന്റെയും ലീലാമ്മയുടെ മകൻ **സാബു**വും മുണ്ടക്കയം കോയിക്കൽ വീട്ടിൽ ഐ.ജെ. മാത്യുവിന്റെയും മേഴ്സിയുടെയും മകൾ **നിമ്മി**യും പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിവാഹിതരായി.

✝ നിര്യാതരായി

12-11-2010: തൃക്കാക്കര നരിയത്തുപറമ്പിൽ തോമസ് ചാണ്ടിയുടെ മാതാവ് **സാറാമ്മ** നിര്യാതയായി. സംസ്കാരം പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ ഏലൂർ സെമിത്തേരിയിൽ നടത്തി.

12-11-2010: ഇടപ്പള്ളി ബി.ടി.എസ്. റോഡ് കൊല്ലംപറമ്പിൽ മോളിക്കുട്ടി വർഗ്ഗീസിന്റെ പിതാവ് കുന്നന്താനം ചക്കുംമൂട്ടിൽ **ടി.പി. തോമസ്** നിര്യാതനായി. സംസ്കാരം ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ സെമിത്തേരിയിൽ നടത്തി.

23-11-2010: പാലാരിവട്ടം കവരപ്പറമ്പ് II A ജോഷ് ഡെയ്ൽ വർഗീസ് ജോണിന്റെ പിതാവ് **പി.കെ. ജോൺ** നിര്യാതനായി. സംസ്കാരം മാവേലിക്കര കുറത്തികാട് സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ പള്ളി സെമിത്തേരിയിൽ നടത്തി.

13-12-2010: പാലാരിവട്ടം നോർത്ത് ജനതാ റോഡ് റോസ്നത്ത് സൂസൻ ജേക്കബിന്റെ മാതാവ് **രൂത് ചെറിയാൻ** നിര്യാതയായി. സംസ്കാരം മാവേലിക്കര പുന്നംമൂട് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തി.

NEW PARISH MEMBER

Sherin Eapen
Wife: Lisha Eapen
32/2309A
Nelliparambil Lane
Palarivattom
Ernakulam
Ph: 98475 86780

St. George Orthodox Valiyapally, Palarivattom

ആരാധനാ സമയം

ഞായറാഴ്ച പ്രഭാതനമസ്കാരം - രാവിലെ 6.30ന്
ഞായറാഴ്ച വിശുദ്ധ കുർബ്ബാന- രാവിലെ 7.30ന്
രണ്ടാം ശനിയാഴ്ചയും മാറാനായ പെരുന്നാളുകളിലും വി.കുർബ്ബാന- രാവിലെ 6.45ന്
എല്ലാ ദിവസവും സന്ധ്യാനമസ്കാരം - വൈകിട്ട് 6.30ന്
എല്ലാ ശനിയാഴ്ചകളിലും സന്ധ്യാ നമസ്കാരത്തെ തുടർന്ന് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും പ. പരുമല തിരുമേനിയുടെ നാമത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും